# എസ്. എസ്. എൽ. സി.സോഷ്യൽ സയൻസ് -1 നോട്ട്

# ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ SS1-1

**ലോകത്തെസ്വാധീനിച്ച ആദ്യകാല വിപ്ലവങ്ങൾക്ക് പ്രേരകമായ പ്രധാന ഘടകം ഏത്?**
-നവോത്ഥാനം.

**നവോത്ഥാനത്തിന്റെ സവിശേഷതകൾ?**
-മാനവികത
-ശാസ്ത്രബോധം
-യുക്തിചിന്ത
-വിമർശനബുദ്ധി
-പ്രാദേശികഭാഷകളുടെ വളർച്ച

യുക്തിരഹിതമായ വിശ്വാസങ്ങളെയും സമ്പ്രദായങ്ങളെയും ചോദ്യംചെയ്യാൻ നവോദ്ധാനത്തിന്റെ ഫലമായി രൂപംകൊണ്ട പുതിയ കാഴ്ചപ്പാടുകൾ മനുഷ്യനെ പ്രേരിപ്പിച്ചു.

**നോദയത്തിന് രൂപംനൽകിയ ഘടകം ഏത്?**
-നവോത്ഥാനത്തിന്റെ ഫലമായി ശാസ്ത്ര രംഗത്ത് ഉണ്ടായ പുരോഗതി പതിനെട്ടാം നൂറ്റാണ്ടിൽ യൂറോപ്പിൽ ജ്ഞാനോദയത്തിന് രൂപംനൽകി.

**ജ്ഞാനോദയ ചിന്തകർ പ്രചരിപ്പിച്ച ആശയങ്ങൾ എന്തെല്ലാം?**
-സ്വാതന്ത്ര്യം
-ജനാധിപത്യം
-സമത്വം
-ദേശീയത

## അമേരിക്കൻ സ്വാതന്ത്ര്യ സമരം

-വടക്കേ അമേരിക്കയിലേക്ക് കുടിയേറിയ ഇംഗ്ലീഷുകാർ അമേരിക്കയിലെ 13 കോളനികളെ തങ്ങളുടെ വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ശേഖരിക്കാനുള്ള കേന്ദ്രമായും ഉൽപന്നങ്ങൾ വിറ്റഴിക്കാനുള്ള കമ്പോളമായും കണക്കാക്കി.
-ഇതിൽ നിന്നും മോചനം നേടാനാണ് അമേരിക്കൻ സ്വാതന്ത്ര്യ സമരം നടന്നത്.

## കാരണങ്ങൾ

- ഇംഗ്ലീഷുകാരുടെ തെറ്റായ നികുതി നയം
- മെർക്കന്റലിസ്റ്റ് നിയമങ്ങൾ
- ചിന്തകന്മാരുടെ ആശയങ്ങൾ.

BIJU K. HSA SOCIAL SCIENCE, GHS TUVVUR

### ഇംഗ്ലീഷുകാരുടെ തെറ്റായ നികുതി നയം

-ഇംഗ്ലീഷുകാർ അമേരിക്കയിലെ 13 കോളനികളിൽ നിന്നും തോന്നിയ രീതിയിൽ നികുതി പിരിച്ചെടുത്തു.

-എന്നാൽ ഭരണത്തിൽ ഈ കോളനികൾക്ക് യാതൊരു പങ്കാളിത്തവും നൽകിയിരുന്നില്ല.

-ഇതിന്റെ ഫലമായി ജെയിംസ് ഓട്ടിസ് രൂപംനൽകിയ പ്രാതിനിത്യം ഇല്ലാതെ നികുതിയില്ല എന്ന മുദ്രാവാക്യത്തോടുകൂടി സമരത്തിന് തുടക്കമായി.

### മെർക്കന്റലിസ്റ്റ് നിയമങ്ങൾ

-മാതൃരാജ്യമായ ഇംഗ്ലണ്ടിന്റെ സഹായത്താൽ കച്ചവടക്കാർ  അമേരിക്കൻ കോളനികളിൽ നടപ്പിലാക്കിയ കച്ചവട  നയമാണ് മെർക്കന്റെലിസ്റ്റ് നിയമങ്ങൾ.

### മെർക്കന്റെലിസ്റ്റ് നിയമത്തിലെ പ്രധാന വ്യവസ്ഥകൾ

-കോളനികളിൽ നിന്നോ കോളനികളിലേക്കോ സാധനങ്ങൾ കൊണ്ടു പോകുന്നത് ഇംഗ്ലീഷ് കപ്പലുകളിലോ കോളനികളിൽ നിർമ്മിച്ച കപ്പലുകളിലോ മാത്രമായിരിക്കണം.

-കോളനികളിൽ ഉല്പാദിപ്പിച്ചിരുന്ന പഞ്ചസാര, കമ്പിളി, പരുത്തി, പുകയില തുടങ്ങിയവ ഇംഗ്ലണ്ടിലേക്ക് മാത്രമേ കയറ്റി അയക്കാവൂ.

-കോളനികളിലെ നിയമപരമായ പ്രമാണങ്ങൾ, വർത്തമാന പത്രങ്ങൾ, ലഘുലേഖകൾ, ലൈസൻസുകൾ തുടങ്ങിയവയിലെല്ലാം ഇംഗ്ലണ്ടിന്റെ സ്റ്റാമ്പ് പതിക്കണം.

-കോളനികളിൽ നില നിർത്തിയിട്ടുള്ള ഇംഗ്ലീഷുകാരുടെ സൈന്യത്തിനുള്ള താമസസ്ഥലവും അത്യാവശ്യ സൗകര്യങ്ങളും കോളനിക്കാർ നൽകണം.

-കോളനികളിലേക്ക് ഇറക്കുമതി ചെയ്യുന്ന തേയില, ഗ്ലാസ്, കടലാസ് എന്നിവയ്ക്ക് ഇറക്കുമതിച്ചുങ്കം നൽകണം.

### ചിന്തകന്മാരുടെ സ്വാധീനം

-ജെയിംസ് ഓട്ടിസ്:-പ്രാതിനിധ്യമില്ലാതെ നികുതിയില്ല

-ജോൺ ലോക്ക് :- മനുഷ്യന് ചില മൗലിക അവകാശങ്ങൾ ഉണ്ട്. അതിനെ ഹനിക്കാൻ ഒരു ഗവൺമെന്റിനും അവകാശമില്ല.

-തോമസ് പെയിൻ:- ഏതെങ്കിലും വിദേശ ശക്തിക്ക് ഈ വൻകരയെ ദീർഘകാലം കീഴടക്കി കഴിയണമെന്നത് യുക്തിക്ക് നിരക്കുന്നതല്ല.

-ഇത്തരം ചിന്തകളും സമരത്തിന് കാരണമായി.

### സമരത്തിന്റെ ഗതി

- 1773 ഡിസംബർ 16-ന് ബോസ്റ്റൺ ടീ പാർട്ടിയോട് കൂടി അമേരിക്കൻ സ്വാതന്ത്ര്യ സമരം ആരംഭിച്ചു.- 1774 ജോർജിയ ഒഴികെയുള്ള കോളനികളുടെ പ്രതിനിധികൾ ഫിലാഡൽഫിയയിൽ സമ്മേളിച്ചു.
- ഇത് ഒന്നാം കോണ്ടിനെന്റൽ കോൺഗ്രസ് എന്നറിയപ്പെടുന്നു.
- വ്യവസായങ്ങൾക്കും വ്യാപാരത്തിനും ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ നീക്കുക, തങ്ങളുടെ അംഗീകാരമില്ലാതെ നികുതി ചുമത്താതിരിക്കുക എന്നീ ആവശ്യങ്ങളുന്നയിച്ച് ഇംഗ്ലണ്ടിലെ രാജാവിന് നിവേദനം നൽകി.

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

- 1775 ഫിലാഡൽഫിയയിൽ ചേർന്ന രണ്ടാം കോണ്ടിനെന്റൽ കോൺഗ്രസിൽ ജോർജ്ജ് വാഷിങ്ടണിനെ കോണ്ടിനെന്റൽ സൈന്യത്തിന്റെ തലവനായി തെരഞ്ഞെടുത്തു.-തോമസ് പെയിൻ തന്റെ കോമൺ സെൻസ് എന്ന ലഘു ലേഖയിലൂടെ അമേരിക്ക ഇംഗ്ലണ്ടിൽ നിന്നും വേർപിരിയുകയാണെന്ന് പ്രഖ്യാപിച്ചു.
-1776 ജൂലൈ നാലിന് മൂന്നാം അമേരിക്കൻകോണ്ടിനെന്റൽ കോൺഗ്രസ് ലോക പ്രശസ്ത സ്വാതന്ത്ര്യ പ്രഖ്യാപനം നടത്തി.
-തോമസ് ജഫേഴ്സൺ, ബെഞ്ചമിൻ ഫ്രാങ്ക്ലിൻ എന്നിവരാണ് സ്വാതന്ത്ര്യപ്രഖ്യാപനം തയ്യാറാക്കിയത്.-സ്വാതന്ത്ര്യ പ്രഖ്യാപനത്തോടെ ഇംഗ്ലണ്ടും അമേരിക്കൻ കോളനികളും തമ്മിൽ ആരംഭിച്ച യുദ്ധം 1781 ൽ അവസാനിച്ചു.
-1783 ലെ പാരീസ് ഉടമ്പടി പ്രകാരം ഇംഗ്ലണ്ട് 13 കോളനികളുടെ സ്വാതന്ത്ര്യം അംഗീകരിച്ചു.
-തുടർന്ന് ജെയിംസ് മാഡിസന്റെ നേതൃത്വത്തിൽ അമേരിക്കയ്ക്ക് ഭരണഘടന തയ്യാറാക്കി.
-പുതിയ ഭരണഘടന പ്രകാരം അമേരിക്കൻ ഐക്യനാടുകളുടെ ആദ്യത്തെ പ്രസിഡണ്ടായി ജോർജ്ജ് വാഷിങ്ടൺ തിരഞ്ഞെടുക്കപ്പെട്ടു.
-മനുഷ്യന്റെ സ്വാതന്ത്ര്യത്തെയും അവകാശത്തെയും സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങൾ അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനത്തിൽ നിന്നും കണ്ടെത്താം?
-എല്ലാ മനുഷ്യരും തുല്യരാണ്.
-എല്ലാവർക്കും ചില അവകാശങ്ങൾ ഉണ്ട്.
-അവകാശങ്ങൾ നേടിയെടുക്കാൻ ഭരിക്കപ്പെടുന്നവരുടെ അംഗീകാരം ലഭിച്ച ഭരണകൂടങ്ങൾ രൂപീകരിക്കണം
-ഭരണകൂടത്തെ മാറ്റുന്നതിനും ഇല്ലാതാക്കുന്നതിനും ഉള്ള അധികാരം ജനങ്ങൾക്കുണ്ട്.

## അമേരിക്കൻ ഐക്യനാടുകളുടെ രൂപീകരണത്തിലേക്കു നയിച്ച വിവിധ സംഭവങ്ങളുടെ ഫ്ളോ ചാർട്ട് തയ്യാറാക്കുക.

-മെർക്കന്റലിസ്റ്റ് നിയമങ്ങൾ.
-ചിന്തകന്മാരുടെ സ്വാധീനം.
-പ്രാതിനിധ്യമില്ലാതെ നികുതിയില്ല.
-ബോസ്റ്റൺ ടീ പാർട്ടി 1773 ഡിസംബർ 16.
-ഒന്നാം കോണ്ടിനെന്റൽ കോൺഗ്രസ് 1774.
-രാജാവിന് നിവേദനം നൽകുന്നു.
-രണ്ടാം കോണ്ടിനെന്റൽ കോൺഗ്രസ് 1775.
-ജോർജ് വാഷിങ്ടണിനെ കോളനികളുടെ സൈന്യത്തിന്റെ തലവനായി തിരഞ്ഞെടുക്കുന്നു.
-അമേരിക്ക ഇംഗ്ലണ്ടിൽ നിന്നും വേർപിരിയുന്നു എന്ന തോമസ് പേയിനിന്റെ പ്രഖ്യാപനം.
-1776 ജൂലൈ 4-ലെ മൂന്നാം കോണ്ടിനെന്റൽ കോൺഗ്രസിൽ വച്ച് അമേരിക്കൻ കോളനികളുടെ സ്വാതന്ത്ര്യ പ്രഖ്യാപനം.
-തുടർന്ന് നടന്ന യുദ്ധം 1781 ൽ അവസാനിക്കുന്നു.
-1783 പാരീസ് ഉടമ്പടിയിലൂടെ ഇംഗ്ലണ്ട് 13 അമേരിക്കൻ കോളനികളുടെ സ്വാതന്ത്ര്യം അംഗീകരിക്കുന്നു ജെയിംസ് മാഡിസൺ നേതൃത്വത്തിൽ അമേരിക്കയ്ക്ക് പുതിയ ഭരണഘടന

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

രൂപീകരിക്കുന്നു
-അമേരിക്കൻ ഐക്യനാടുകളുടെ ആദ്യത്തെ പ്രസിഡന്റായി ജോർജ് വാഷിങ്ടനെ തിരഞ്ഞെടുക്കുന്നു.

## അമേരിക്കൻ സ്വാതന്ത്ര്യസമരം പിൽക്കാല ലോകചരിത്രത്തിൽ ചെലുത്തിയ സ്വാധീനം

- പിൽക്കാല സ്വാതന്ത്ര്യസമരങ്ങൾക്കും വിപ്ലവങ്ങൾക്കും പ്രചോദനവും ലക്ഷ്യബോധവും നൽകി.
- മനുഷ്യാവകാശ പ്രവർത്തനങ്ങൾക്ക് മാതൃകയായി.
- റിപ്പബ്ലിക്കൻ ഭരണരീതി എന്ന ആശയം മുന്നോട്ടുവച്ചു.
- ആദ്യത്തെ എഴുതപ്പെട്ട ഭരണഘടന തയ്യാറാക്കി.
- സംസ്ഥാനങ്ങൾക്ക് സ്വാതന്ത്ര്യവും അധികാരവും നൽകുന്ന ഫെഡറൽ രാഷ്ട്രമെന്ന ആശയം ലോകത്തിന് നൽകി.

## ഫ്രഞ്ച് വിപ്ലവം

### കാരണങ്ങൾ

-രാജാക്കന്മാരുടെ സ്വേച്ഛാധിപത്യ ഭരണവും ആഡംബരവും ധൂർത്തും നിറഞ്ഞ ജീവിതം.
-ഫ്രാൻസിൽ നിലനിന്നിരുന്ന സാമൂഹിക-സാമ്പത്തിക അസമത്വം.
-ചിന്തകൻമാരുടെ സ്വാധീനം

### രാജാക്കന്മാരുടെ സ്വേച്ഛാധിപത്യ ഭരണവും ആഡംബരവും ധൂർത്തും നിറഞ്ഞ ജീവിതം.

**ലൂയി പതിനാലാമൻ**
- ഞാനാണ് രാഷ്ട്രം.
- രാജാവിന്റെ അധികാരങ്ങളെല്ലാം ദൈവം നൽകിയതാണ്.
- അതിനാൽ രാജാവിനെ ചോദ്യംചെയ്യാൻ ദൈവത്തിനു മാത്രമേ അധികാരമുള്ളൂ.

**ലൂയി പതിനഞ്ചാമൻ**
- എനിക്ക് ശേഷം പ്രളയം

**മേരി ആൻറ്റോയിനറ്റ്**
- നിങ്ങൾക്ക് റൊട്ടി ഇല്ലെങ്കിലെന്താ കേക്ക് തിന്നുകൂടെ?

### ഫ്രാൻസിൽ നിലനിന്നിരുന്ന സാമൂഹിക-സാമ്പത്തിക അസമത്വം.

-ഫ്രഞ്ച് സമൂഹത്തെ മൂന്നു തട്ടുകളായി തിരിച്ചിരുന്നു.
-അവ മൂന്ന് എസ്റ്റേറ്റുകൾ എന്നറിയപ്പെട്ടു.

BIJU K.K. HSA SOCIAL SCIENCE, GHS TUVVUR

**ഒന്നാമത്തെ എസ്റ്റേറ്റ്**

-ഒന്നാമത്തെ എസ്റ്റേറ്റ് പുരോഹിതന്മാർ.

-ധാരാളം ഭൂപ്രദേശം കൈവശംവച്ചു.

-കർഷകരിൽനിന്നും തിഥെ എന്നപേരിലുള്ള നികുതിപിരിച്ചു.

-എല്ലാത്തരം നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിരുന്നു.

-ഭരണത്തിലെയും സൈന്യത്തിലെയും ഉയർന്ന പദവികൾ നിയന്ത്രിച്ചു.

**രണ്ടാമത്തെ എസ്റ്റേറ്റ്**

-രണ്ടാമത്തെ എസ്റ്റേറ്റ് പ്രഭുക്കന്മാർ

-സൈനിക സേവനം നടത്തി.

-കർഷകരിൽനിന്നും പലതരം നികുതികൾ പിരിച്ചു.

-വേതനം നൽകാതെ കർഷകരെ കൊണ്ട് പണിയെടുപ്പിച്ചു.

-നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിരുന്നു.

-ആഡംബര ജീവിതം നയിച്ചു.

-വിശാലമായ ഭൂപ്രദേശം കൈവശം വെച്ചു.

**മൂന്നാമത്തെ എസ്റ്റേറ്റ്**

- മൂന്നാമത്തെ എസ്റ്റേറ്റ് മധ്യവർഗവും, കർഷകർ, കൈത്തൊഴിലുകാർ എന്നിവർ ഉൾപ്പെടുന്നു.

- മധ്യവർഗം കച്ചവടക്കാർ, എഴുത്തുകാർ, അഭിഭാഷകർ, ഉദ്യോഗസ്ഥർ, അധ്യാപകർ, ബാങ്കർമാർ എന്നിവർ ചേർന്നതാണ്.

- മൂന്നാമത്തെ എസ്റ്റേറ്റിന് ഭരണത്തിൽ ഒരു അവകാശവുമില്ല.

- തൈലേ എന്ന പേരിലുള്ള നികുതി സർക്കാരിന് നൽകണം.

- താഴ്ന്ന സാമൂഹികപദവി.

- പ്രഭുക്കന്മാർക്കും പുരോഹിതന്മാർക്കും നികുതി നൽകണം.

**ചിന്തകൻമാരുടെ സ്വാധീനം**

**വോൾട്ടയർ**

- പുരോഹിതൻന്മാരുടെ ചൂഷണത്തെ പരിഹസിച്ചു

- യുക്തിചിന്ത, സമത്വം, മനുഷ്യസ്നേഹം എന്നിവ പ്രോത്സാഹിപ്പിച്ചു.

**റൂസ്സോ**

-സ്വതന്ത്രനായി ജനിക്കുന്ന മനുഷ്യൻ എവിടെയും ചങ്ങലയിലാണ് എന്ന പ്രസ്താവനയിലൂടെ സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം വ്യക്തമാക്കി.

**മൊണ്ടസ്ക്യു**

- ജനാധിപത്യത്തെയും റിപ്പബ്ലിക്കിനെയും പ്രോത്സാഹിപ്പിച്ചു.

- ഗവൺമെന്റിനെ നിയമനിർമ്മാണം, കാര്യനിർവ്വഹണം, നീതിന്യായം എന്നീ വിഭാഗങ്ങളായി തിരിക്കണമെന്ന് വാദിച്ചു.

**ഫ്രഞ്ച് വിപ്ലവത്തിന്റെ ഗതി**



BIJU K K, HSA SOCIAL SCIENCE, GHS TUVVUR

-ബൂർബൻ രാജാക്കന്മാർ, പുരോഹിതർ, പ്രഭുക്കന്മാർ എന്നിവർ നയിച്ച ആഡംബരപൂർവ്വമായ ജീവിതം, ധൂർത്ത്, യുദ്ധങ്ങൾ, കൃഷിനാശം, സ്വാതന്ത്ര്യസമരത്തിൽ അമേരിക്കയെ സഹായിച്ചത് തുടങ്ങിയവ ഫ്രാൻസിലെ സാമ്പത്തിക സ്ഥിതി അതീവ ഗുരുതരമാക്കി.
-പുതിയ നികുതി ചുമത്താൻ ആയി 1789 ലൂയി പതിനാറാമൻ ജനപ്രതിനിധി സഭയായ സ്റ്റേറ്റ് ജനറൽ വിളിച്ചുചേർത്തു.
-സ്റ്റേറ്റ് ജനറലിൽ 3 എസ്റ്റേറ്റുകളിലേയും ഓരോ അംഗത്തിനും ഓരോ വോട്ട് വേണമെന്ന് കോമൺസ് എന്നറിയപ്പെട്ട മൂന്നാമത്തെ എസ്റ്റേറ്റ് ആവശ്യപ്പെട്ടു.
-തർക്കങ്ങൾക്കൊടുവിൽ മൂന്നാമത്തെ എസ്റ്റേറ്റിലെ അംഗങ്ങൾ തങ്ങളാണ് ഫ്രാൻസിലെ ദേശീയ അസംബ്ലി എന്ന് സ്വയം പ്രഖ്യാപിച്ചു.
-അവർ തൊട്ടടുത്തുള്ള ഒരു ടെന്നീസ് കോർട്ടിൽ സമ്മേളിച്ച് ഫ്രാൻസിനായി ഒരു ഭരണഘടന തയ്യാറാക്കിയ ശേഷമേ പിരിയുകയുള്ളൂ എന്ന് പ്രതിജ്ഞ ചെയ്തു.
-ഇത് ടെന്നീസ് കോർട്ട് പ്രതിജ്ഞ എന്നറിയപ്പെടുന്നു.- 1789 ജൂലൈ 14 സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ മുദ്രാവാക്യങ്ങൾ മുഴക്കി കൊണ്ട് വിപ്ലവകാരികൾ രാജവാഴ്ചയുടെ പ്രതീകമായിരുന്ന ബാസ്റ്റിൽ ജയിൽ തകർത്തു.
-ഇതിനെ ഫ്രഞ്ച് വിപ്ലവത്തിന്റെ ആരംഭമായി കണക്കാക്കുന്നു.
-1789 ആഗസ്റ്റ് 12 ദേശീയ അസംബ്ലി മനുഷ്യാവകാശ പ്രഖ്യാപനം പാസാക്കി.
- 1789 ഒക്ടോബറിൽ പാരീസ് നഗരത്തിലെ ആയിരക്കണക്കിന് സ്ത്രീകൾ ഭക്ഷണം വേണം എന്ന മുദ്രാവാക്യവുമായി വേഴ്സായി കൊട്ടാരത്തിലേക്ക് പ്രകടനം നടത്തി.
- 1792 സെപ്റ്റംബർ പുതുതായി രൂപീകരിച്ച ഭരണഘടന അനുസരിച്ച് തിരഞ്ഞെടുക്കപ്പെട്ട ദേശീയ കൺവെൻഷൻ ഫ്രാൻസിനെ ഒരു റിപ്പബ്ലിക്കായി പ്രഖ്യാപിച്ചു.

**ഫ്രാൻസ് തുമ്മിയാൽ യൂറോപ്യൽ ആകെ ജലദോഷം പിടിക്കും എന്നു പറഞ്ഞതാര്? എന്തുകൊണ്ട്?**

-ഫ്രഞ്ച് വിപ്ലവത്തിന്റെ സ്വാധീനത്തെകുറിച്ച് ഓസ്ട്രിയൻ ഭരണാധികാരി ആയിരുന്ന മെറ്റേർണിക്ക് പറഞ്ഞതാണ് ഈ അഭിപ്രായം.
-ഫ്രഞ്ച് വിപ്ലവത്തിന് ശേഷം ലോകത്തിന്റെ മറ്റു ഭാഗങ്ങളിലേക്കും വിപ്ലവം വ്യാപിച്ചതിനാലാണ് അങ്ങനെ പറഞ്ഞത്.

**ഫ്രഞ്ച് വിപ്ലവത്തിന്റെ ലക്ഷ്യങ്ങളും സ്വാധീനവും.**

-പിൽക്കാലത്ത് ലോകത്തുണ്ടായ എല്ലാ വിപ്ലവങ്ങൾക്കും ആവേശംപകർന്നു.
-യൂറോപ്പിൽ ഫ്യൂഡൽ വ്യവസ്ഥയുടെ അന്ത്യത്തിന് വഴിയൊരുക്കി.
-രാജ്യം എന്നാൽ പ്രദേശമല്ല രാജ്യത്തെ ജനങ്ങളാണ് എന്ന് പ്രഖ്യാപിച്ചു.
-ജനകീയ പരമാധികാരം എന്ന ആശയം മനുഷ്യരാശിക്കു നൽകി.
-ദേശീയതയുടെ ആവിർഭാവത്തിന് വഴിയൊരുക്കി.
-മധ്യവർഗത്തിന്റെ വളർച്ചയെ സഹായിച്ചു.
-യൂറോപ്പിൽ നിലനിന്ന സ്വേച്ഛാധിപത്യ ഭരണകൂടങ്ങൾക്ക് ഭീഷണി ഉയർത്തി.
-സ്വാതന്ത്ര്യം സമത്വം സാഹോദര്യം എന്നീ ആശയങ്ങൾക്ക് പ്രചാരം ലഭിച്ചു.

BIJU K. HSA SOCIAL SCIENCE, GHS TUVUR

**ഫ്രഞ്ച് വിപ്ലവത്തിനുശേഷം ഫ്രാൻസിലെ ദേശീയ അസംബ്ലി പാസാക്കിയ മനുഷ്യാവകാശ പ്രഖ്യാപനത്തി പ്രഖ്യാപനത്തിലെ വ്യവസ്ഥകൾ എന്തെല്ലാം?**

-സ്വതന്ത്രനായി ജനിക്കുന്ന മനുഷ്യൻ തുല്യ അവകാശങ്ങളോടെ സ്വതന്ത്രനായി ജീവിക്കുന്നു.
-എല്ലാ രാഷ്ട്രീയ കൂട്ടായ്മകളുടെയും ലക്ഷ്യം മനുഷ്യന്റെ സ്വാഭാവികവും അവിഭാജ്യവുമായ അവകാശങ്ങൾ സംരക്ഷിക്കുക എന്നതാണ്.
-അവ സ്വാതന്ത്ര്യം, സ്വത്ത്, സുരക്ഷിതത്വം, അടിച്ചമർത്തലുകളെ ചെറുക്കൽ എന്നിവയ്ക്കുള്ള അവകാശമാണ്.
-എല്ലാ പരമാധികാരവും രാഷ്ട്രത്തിൽ കുടികൊള്ളുന്നു. മറ്റുള്ളവർക്ക് ഹാനികരമല്ലാത്ത പ്രവർത്തനങ്ങൾ നടത്താനുള്ള അധികാരമാണ് സ്വാതന്ത്ര്യം.
-സമൂഹത്തിന് ഹാനികരമാകുന്ന പ്രവർത്തനങ്ങളെ വിലക്കാനുള്ള അവകാശം മാത്രമേ നിയമത്തിനുള്ളൂ.

**നെപ്പോളിയന്റെ ഭരണത്തിന്റെ സവിശേഷതകൾ എന്തെല്ലാം?**

-നെപ്പോളിയൻ ഏകാധിപത്യ ഭരണമായിരുന്നു (1799 മുതൽ) ഫ്രാൻസിൽ നടപ്പിലാക്കിയത്.
-ഫ്രാൻസിൽ ദേശീയത ശക്തിപ്പെടുത്തി.
-യൂറോപ്യൻ രാജ്യങ്ങളെ ഒന്നൊന്നായി ആക്രമിച്ചു കീഴ്പെടുത്തി.
-യൂറോപ്പിലാകമാനം നെപ്പോളിയന്റെ ഭരണപരിഷ്കാരങ്ങൾ നടപ്പിലാക്കുമെന്ന് യൂറോപ്യൻ രാജ്യങ്ങൾ ഭയപ്പെട്ടു.
-ഇംഗ്ലണ്ടിന്റെ നേതൃത്വത്തിൽ യൂറോപ്യൻ രാജ്യങ്ങൾ 1815 ൽ വാട്ടർലൂ യുദ്ധത്തിൽ നെപ്പോളിയനെ പരാജയപ്പെടുത്തി.

**നെപ്പോളിയന്റെ ഭരണപരിഷ്കാരങ്ങൾ എന്തെല്ലാം?**

-കർഷകരെ കൃഷിഭൂമിയുടെ ഉടമകളാക്കി.
-പുരോഹിതന്മാരുടെമേൽ രാജ്യത്തിന്റെ നിയന്ത്രണമേർപ്പെടുത്തി.
-പൊതുകടം ഇല്ലാതാക്കാൻ സിങ്കിങ് ഫണ്ട് എന്ന പേരിൽ ഒരു പ്രത്യേക ഫണ്ട് രൂപീകരിച്ചു.
-സാമ്പത്തിക പ്രവർത്തനങ്ങൾക്കായി ബാങ്ക് ഓഫ് ഫ്രാൻസ് സ്ഥാപിച്ചു.
-ഗതാഗത പുരോഗതിക്കായി നിരവധി റോഡുകൾ നിർമിച്ചു.
-നിലവിലുള്ള നിയമങ്ങൾ ക്രോഡീകരിച്ച് ഒരു പുതിയ നിയമ-സംഹിത ഉണ്ടാക്കി.

**ഫ്രഞ്ച് വിപ്ലവത്തിന്റെ ഏതെല്ലാം ആശയങ്ങളാണ് നെപ്പോളിയന്റെ ഭരണപരിഷ്കാരങ്ങളിലും നയങ്ങളിലും പ്രതിഫലിക്കുന്നത്?**

| ഫ്രഞ്ച് വിപ്ലവം മുന്നോട്ട് വെച്ച ആശയങ്ങൾ | ഭരണപരിഷ്കാരങ്ങൾ നയങ്ങൾ |
|---|---|

BIJU K.K. HSA SOCIAL SCIENCE, GHS TUVVR

| | |
|---|---|
| മധ്യവർഗത്തിന്റെ ഉയർച്ച | -പുരോഹിതന്മാരുടെമേൽ രാജ്യത്തിന്റെനിയന്ത്രണമേർപ്പെടുത്തി.<br>-സിങ്കിങ് ഫണ്ടുരൂപീകരിച്ചു.<br>-ബാങ്ക് ഓഫ് ഫ്രാൻസ് സ്ഥാപിച്ചു.<br>-ഗതാഗത പുരോഗതിക്കായി നിരവധി റോഡുകൾ നിർമിച്ചു.<br>-പുതിയ നിയമ സംഹിത ഉണ്ടാക്കി. |
| ഫ്യൂഡലിസത്തിലെ അന്ത്യം | -കർഷകരെ കൃഷിഭൂമിയുടെ ഉടമകളാക്കി.<br>-<br>പുരോഹിതന്മാരുടെമേൽരാജ്യത്തിന്റെനിയന്ത്രണമേർപ്പെടുത്തി.<br>-പുതിയ നിയമ സംഹിത ഉണ്ടാക്കി. |
| ദേശീയത | -ഗതാഗത പുരോഗതിക്കായി നിരവധി റോഡുകൾ നിർമിച്ചു.<br>-ബാങ്ക് ഓഫ് ഫ്രാൻസ് സ്ഥാപിച്ചു.<br>-പുതിയ നിയമ സംഹിത ഉണ്ടാക്കി. |

**ലാറ്റിൻ അമേരിക്കൻ വിപ്ലവം(ലാറ്റിൻ അമേരിക്കയിലെ കോളനി ഭരണം ജനജിവിതത്തെ എങ്ങനെയെല്ലാമാണ് ബാധിച്ചത്).**

-സ്പെയിൻകാരും പോർച്ചുഗീസുകാരും ആയിരുന്ന ലാറ്റിൻ അമേരിക്കയെ കോളനികളാക്കി ഭരിച്ചിരുന്നത്.

-സ്പെയിൻകാരും പോർച്ചുഗീസുകാരും തങ്ങളുടെ ഭാഷയും, മതവും, ആചാരവും ലാറ്റിനമേരിക്കയിൽ പ്രചരിപ്പിച്ചു.

-സ്പാനിഷ് ശൈലിയിൽ വീടുകളും, ദേവാലയങ്ങളുംനിർമ്മിക്കുകയും വിദ്യാലയങ്ങൾ സ്ഥാപിക്കുകയും ചെയ്തു.

-സ്പാനിഷ് കൃഷിരീതികളും കാർഷികവിളകളും കോളനികളിൽ നടപ്പിലാക്കി.

-യൂറോപ്പിൽ നിന്ന് പുതിയ രോഗങ്ങൾ ലാറ്റിനമേരിക്കൻ ജനതയിലേക്ക് പകർന്നു.

-എല്ലാ രംഗങ്ങളിലും വംശീയ വിവേചനം പുലർത്തി.

-ലാറ്റിൻ അമേരിക്കൻ ജനതയുടെ സമ്പത്തും വിഭവങ്ങളും കൊള്ളയടിച്ചു.

-ലാറ്റിനമേരിക്കൻ ജനതയെ അടിമകളെപ്പോലെ പണിയെടുപ്പിച്ചു.

-ജോസെ ഡി സാൻമാർട്ടിൻ, ഫ്രാൻസിസ്കോ മിറാൻഡ, സൈമൺ ബൊളിവർ എന്നിവരുടെ നേതൃത്വത്തിൽ ഉണ്ടായ വിപ്ലവത്തിലൂടെ ലാറ്റിനമേരിക്കൻ രാജ്യങ്ങൾ സ്വതന്ത്രമാവാൻ തുടങ്ങി.

## റഷ്യൻ വിപ്ലവം കാരണങ്ങൾ

-റഷ്യയിലെ സാർ ചക്രവർത്തിമാരുടെ ഏകാധിപത്യഭരണം.

-കർഷകരുടെയും ഫാക്ടറി തൊഴിലാളികളുടെയും ദുരിതപൂർണമായ ജീവിതം

-റഷ്യയുടെ കാർഷികമേഖലയിലെ കുറഞ്ഞ ഉല്പാദനം.

-ഭൂരഹിതരായ റഷ്യയിലെ കർഷകർ കൂടുതൽ നികുതിഭാരം വഹിക്കേണ്ടി വന്നത്.

-പ്രകൃതിവിഭവങ്ങൾ കൊണ്ട് സമ്പന്നമായ റഷ്യയുടെ വ്യാവസായികോല്പാദനം കുറഞ്ഞത്.

-വ്യവസായങ്ങൾ ഭൂരിഭാഗവും വിദേശികൾ നിയന്ത്രിച്ചത്.

BIJU K K, HSA SOCIAL SCIENCE, G

### ചിന്തകന്മാരുടെ സ്വാധീനം

-കാൾ മാക്സ്, ഫെഡറിക് ഏംഗൽസ്, ലിയോ ടോള്സ്റ്റോയ്, മാക്സിം ഗോർക്കി, ഇവാൻ തുർഗനോവ് എന്നിവരുടെ ആശയങ്ങൾ.

-കാൾ മാക്സും, ഫെഡറിക് എംഗൽസും ആവിഷ്കരിച്ച മാർക്സിസ്റ്റ് ആശയങ്ങൾ തൊഴിലാളികളിലേക്ക് ആവേശംപകർന്നു.
-മുതലാളിമാർ നിയന്ത്രിച്ചിരുന്ന ഉൽപാദന വ്യവസ്ഥക്ക് പകരം തൊഴിലാളികളുടെ ആധിപത്യം സ്ഥാപിക്കാൻ അവർ ആഹ്വാനം ചെയ്തു.
-തൊഴിലാളികളുടെ ദുരിതങ്ങൾക്ക് പരിഹാരം കാണാനായിതൊഴിലാളിസംഘടനകൾ രൂപീകരിച്ചു.
-ഡെമോക്രാറ്റിക് വർക്കേഴ്സ് പാർട്ടി രൂപീകരിച്ചു.
-ഈ പാർട്ടി പിന്നീട് മെൻഷെവിക്കുകൾ (ന്യൂനപക്ഷം)  എന്നും ബോൾഷെവിക്കുകൾ (ഭൂരിപക്ഷം)
എന്നും രണ്ടായി പിരിഞ്ഞു
-ലെനിൻ, ട്രോട്സ്കി തുടങ്ങിയവർ ബോൾഷെവിക് പാർട്ടിയുടെ നേതാക്കളും അലക്സാണ്ടർ കെറൻസ്കി മെൻഷെവിക്കുകളുടെ നേതാവുമായി.
-1905 ൽ നടന്ന റഷ്യ ജപ്പാൻ യുദ്ധത്തിൽ റഷ്യ പരാജയപ്പെട്ടത് പ്രതിസന്ധി രൂക്ഷമാക്കി.
-രാഷ്ട്രീയ അവകാശങ്ങളും സാമ്പത്തിക പരിഷ്കാരങ്ങളും ആവശ്യപ്പെട്ടു തൊഴിലാളികൾ പെട്രോഗ്രാഡ് എന്ന സ്ഥലത്ത്  1905 ജനുവരി 9 ന് പ്രകടനം നടത്തി.
-ഇതിനുനേരെ പട്ടാളം വെടിവെച്ചത്തിൽ നൂറുകണക്കിന് ആളുകൾ കൊല്ലപ്പെട്ടു.
-ഈ സംഭവം രക്തരൂക്ഷിതമായ ഞായറാഴ്ച എന്നറിയപ്പെടുന്നു.

## ഫെബ്രുവരി വിപ്ലവം

## (റഷ്യയിൽ ഒരു താൽക്കാലിക ഗവൺമെന്റ് നിലവിൽ വരാനുള്ള സാഹചര്യം വിശകലനം ചെയ്യുകയുക)

-റഷ്യയിൽ എമ്പാടും സമരങ്ങൾ സംഘടിപ്പിക്കുന്നതിനായി സോവിയറ്റുകൾ എന്നറിയപ്പെട്ട തൊഴിലാളി സംഘങ്ങൾ രൂപീകരിച്ചു.
-സമരം ശക്തമായതിനെ തുടർന്ന് ഡ്യൂമ എന്ന നിയമനിർമ്മാണസഭ രൂപീകരിക്കാൻ ചക്രവർത്തി നിർബന്ധിതനായി.
-1914 ഒന്നാം ലോക യുദ്ധം ആരംഭിച്ചതോടെ ഡ്യൂമയുടെ എതിർപ്പിനെ അവഗണിച്ച് സാർ ചക്രവർത്തി നിക്കോളാസ് രണ്ടാമൻ യുദ്ധത്തിൽ പങ്കെടുക്കാൻ തീരുമാനിച്ചു.
-1917 ആയപ്പോഴേക്കും ഭക്ഷ്യ ദൗർലഭ്യം രൂക്ഷമായി.
-1917 മാർച്ച് 8 ന് ആയിരക്കണക്കിന് സ്ത്രീകൾ റൊട്ടിക്ക് വേണ്ടി പ്രകടനംനടത്തി.
-പെട്രോഗ്രാഡ് പട്ടണത്തിൽ തൊഴിലാളികൾ പ്രതിഷേധ പ്രകടനം നടത്തി.
-സൈനികർ ആദ്യം ഈ പ്രകടനങ്ങളെ നേരിട്ടെങ്കിലും പിന്നീട് അവരും തൊഴിലാളികളോടൊപ്പം ചേർന്നു.
-ഒന്നാം ലോകയുദ്ധത്തിൽ തങ്ങൾ അനുഭവിച്ച ദുരിതങ്ങളാണ്   സൈനികരെ പ്രധാനമായും ഇതിന് പ്രേരിപ്പിച്ചത്.

BIJU K K HSA SOCIAL SCIENCE, GHS TUVUR

-പെട്രോഗ്രാഡ് പട്ടണം തൊഴിലാളികൾ പിടിച്ചെടുത്തു.
-നിക്കോളാസ് രണ്ടാമൻ സ്ഥാനം ഒഴിയുകയും റഷ്യയിൽ മെൻഷെവിക്ക് നേതാവായ അലക്സാണ്ടർ കെറൻസ്കിയുടെ നേതൃത്വത്തിൽ ഒരു താൽക്കാലിക ഗവൺമെൻറ് നിലവിൽ വന്നു.
-ഇത് ഫെബ്രുവരി വിപ്ലവം എന്നറിയപ്പെടുന്നു.

## ഒക്ടോബർ വിപ്ലവം

## (റഷ്യയിൽ ഒരു തൊഴിലാളിവർഗ ഭരണം സ്ഥാപിക്കുന്നതിൽ ഒക്ടോബർ വിപ്ലവം വഹിച്ച പങ്ക് വ്യക്തമാക്കുക)

-താൽക്കാലിക ഗവൺമെന്റിനെ സോവിയറ്റുകളിൽ ഒരു വിഭാഗം അംഗീകരിച്ചില്ല.
-ഈസമയം സ്വിറ്റ്സർലാൻഡിൽ ആയിരുന്ന വ്ലാഡിമിർ ലെനിൻ റഷ്യയിലെത്തി താൽക്കാലിക ഗവൺമെന്റിനെ ശക്തമായി വിമർശിച്ചു.
-വിപ്ലവം അതിന്റെ ലക്ഷ്യം നേടണമെങ്കിൽ അധികാരം മുഴുവൻ സോവിയറ്റുകൾക്ക് കൈമാറണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.
-ബോൾഷെവിക്കുകൾ സോവിയറ്റുകളും ലെനിന്റെ നിലപാടിനെ പിന്തുണച്ചു.
-നൂറ്റാണ്ടുകൾ പഴക്കമുള്ള സാമ്പത്തിക പിന്നോക്കാവസ്ഥയും ജനങ്ങൾക്കിടയിലെ അസമത്വവും ഇല്ലാതാക്കാൻ ഒരു തൊഴിലാളിവർഗ്ഗ ഭരണകൂടത്തിനും മാത്രമേ കഴിയൂ എന്ന് ബോൾഷെവിക്കുകൾ പ്രചരിപ്പിച്ചു.
-1917 ഒക്ടോബറിൽ ബോൾഷെവിക്കുകൾ താൽക്കാലിക ഗവൺമെന്റിനെ സായുധ കലാപത്തിലൂടെ പരാജയപ്പെടുത്തി.
-തുടർന്ന് കെറൻസ്കി രാജ്യംവിടുകയും റഷ്യ ബോൾഷെവിക്കുകളുടെ നിയന്ത്രണത്തിലാവുകയും ചെയ്തു.
-ബോൾഷെവിക്കുകൾക്ക് അധികാരം ലഭിച്ച ഈ സംഭവം ഒക്ടോബർ വിപ്ലവം എന്നറിയപ്പെടുന്നു.

## റഷ്യൻ വിപ്ലവത്തിന്റെ ഫലങ്ങൾ എന്തെല്ലാം?

-ഒന്നാം ലോകയുദ്ധത്തിൽ നിന്നും റഷ്യ പിന്മാറി.
-ഭൂമി പിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്തു.
-പൊതു ഉടമസ്ഥതക്ക് പ്രാധാന്യം കൊടുത്തു.
-കേന്ദ്രീകൃത ആസൂത്രണം നടപ്പിലാക്കി.
-റഷ്യ സാമ്പത്തിക - ശാസ്ത്ര - സാങ്കേതിക രംഗങ്ങളിൽ പുരോഗതി കൈവരിച്ചു.
-1924 പുതിയ ഭരണഘടന നിലവിൽ വന്നു.
-സോവിയറ്റ് റിപ്പബ്ലിക്കുകൾ കൂടിച്ചേർന്ന് സോവിയറ്റ് യൂണിയൻ രൂപീകരിക്കപ്പെട്ടു.
-ലോകത്തിലെ വിവിധ ഭാഗങ്ങളിൽ സോവിയറ്റ് സോഷ്യലിസ്റ്റ് ആശയങ്ങൾ വ്യാപക**മായി.**

### ചൈനീസ് വിപ്ലവം

BIJU K. HSA SOCIAL SCIENCE, GHS TUVVUR

**വിദേശികൾ ചൈനയിൽ ആധിപത്യം സ്ഥാപിക്കാൻ സ്വീകരിച്ച തന്ത്രങ്ങൾ ഏവ?**

കറുപ്പ് വ്യാപാരം: -യൂറോപ്യന്മാർ ചൈനയിലേക്ക് കറുപ്പ് കയറ്റുമതി ചെയ്തു അവിടത്തെ ജനങ്ങളെ സാമ്പത്തികമായും മാനസികമായും അടിമകളാക്കി.

തുറന്ന വാതിൽ നയം: -അമേരിക്ക ചൈനയിൽ വ്യാപാര അവകാശം നേടുന്നതിന് വേണ്ടി സ്വീകരിച്ച തന്ത്രമാണ് തുറന്ന വാതിൽ നയം.

-ഇതനുസരിച്ച് ചൈനയുടെ കമ്പോളങ്ങളിൽ എല്ലാ രാജ്യങ്ങൾക്കും തുല്യ അവകാശവും അവസരവും ഉണ്ടെന്ന് അമേരിക്ക വാദിച്ചു.

**ചൈനീസ് വിപ്ലവം കാരണം?**

-ചൈന ഭരിച്ചിരുന്ന മഞ്ചു രാജവംശം വിദേശ ഇടപെടലിനും, ആധിപത്യത്തിനും അനുകൂലമായ നിലപാട് സ്വീകരിച്ചതാണ് വിപ്ലവത്തിന് കാരണമായത്.

-മഞ്ചു രാജവംശത്തിനെതിരെ നടന്ന ആദ്യകാല(1900) കലാപങ്ങളെ ബോക്സർ കലാപം എന്നാണ് അറിയപ്പെട്ടിരുന്നത്.

-കലാപകാരികൾ അവരുടെ മുദ്രയായി ബോക്സർമാരുടെ മുഷ്ടി സ്വീകരിച്ചതിനാലാണ് ഇങ്ങനെ അറിയപ്പെട്ടത്

**ഡോക്ടർ സൺയാത് സെന്നിന്റെ നേതൃത്വത്തിൽ നടന്ന ആദ്യ ചൈനീസ് വിപ്ലവം**

-1911 ഡോക്ടർ സൺയാത് സെന്നിന്റെ നേതൃത്വത്തിൽ മഞ്ചു രാജഭരണത്തിനെതിരെ വിപ്ലവം നടന്നു.

-ചൈനയിൽ രാജഭരണത്തിന് അന്ത്യം കുറിച്ചു.

-ദക്ഷിണ ചൈനയിൽ സൺയാത് സെന്നിന്റെ നേതൃത്വത്തിൽ കുമിന്താങ് പാർട്ടി ഒരു റിപബ്ലിക്കൻ ഭരണം സ്ഥാപിച്ചു.

-ദേശീയത, ജനാധിപത്യം, സോഷ്യലിസം എന്നീ ആശയങ്ങൾക്ക് പ്രാധാന്യം നൽകി.

-യൂറോപ്യന്മാരുമായി ചൈന ഒപ്പിട്ട അന്യായമായ എല്ലാ കരാറുകളും റദ്ദാക്കി.

-കൃഷിയുടെയും വ്യവസായത്തിന്റെയും പുരോഗതിക്കാവശ്യമായ നടപടികൾ സ്വീകരിച്ചു.

-റഷ്യയുടെ സഹായം സ്വീകരിച്ച ചൈന ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിച്ചു.

-സൻയാത് സെന്നിന്റെ മരണത്തെത്തുടർന്ന് കമിന്താങ് കക്ഷിയുടെ ഭരണം ചിയാൻ കൈഷക്കിന്റെ നേതൃത്വത്തിലായി.

**ചൈനയെ ജനകീയ റിപ്പബ്ലിക് ആകുന്നതിൽ മാവോസേതുങ് വഹിച്ച പങ്ക് വ്യക്തമാക്കുക**

-ചിയാങ് കൈഷക്ക് ചൈനയിൽ സൈനിക ഏകാധിപത്യ ഭരണത്തിന് തുടക്കം കുറിച്ചു.

-കമ്മ്യൂണിസ്റ്റുകളുമായുള്ള സഹകരണം ഉപേക്ഷിച്ചു.

-അമേരിക്ക അടക്കമുള്ള വിദേശശക്തികൾക്ക് ചൈനയിൽ യഥേഷ്ടം ഇടപെടാൻ അവസരമൊരുക്കി.

-ചൈനയുടെ കൽക്കരി, ഇരുമ്പുരുക്ക് വ്യവസായങ്ങൾ, ബാങ്കിംഗ്, വിദേശ വ്യാപാരം തുടങ്ങിയ മേഖലകളെല്ലാം നിയന്ത്രിച്ചിരുന്നത് വിദേശികളായിരുന്നു.

-ചിയാങ് കൈഷക്കിന്റെ നയങ്ങളെ എതിർത്ത കമ്മ്യൂണിസ്റ്റുകളെ ക്രൂരമായി നേരിട്ടു.

BIJU K, HSA SOCIAL SCIENCE, GHS TUVVUR

-ഈ സമയം കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവായി ഉയർന്നുവന്ന മാവോ സെ തുങ് തെക്കൻ ചൈനയിലെ കിയാങ്സിയിൽ നിന്നും ഒരു യാത്ര ആരംഭിച്ചു.

-ഏകദേശം 12000 കിലോമീറ്റർ സഞ്ചരിച്ച ഈ യാത്ര ലോങ്ങ് മാർച്ച് എന്നറിയപ്പെടുന്നു.

-ഈ യാത്ര വടക്കുപടിഞ്ഞാറ് യെനാനിൽ അവസാനിച്ചു.

-യാത്രയിലുടനീളം ധാരാളം കൃഷിഭൂമിയും അനേകം ഗ്രാമങ്ങളും പ്രഭുക്കന്മാരിൽ നിന്ന് പിടിച്ചെടുത്ത് കർഷകർക്ക് നൽകി.

-മാവോ സെ തുംഗിന്റെ നേതൃത്വത്തിലുള്ള ചുവപ്പ് സേന കുമിന്താങ് ഭരണത്തിന്റെ കേന്ദ്രം കൈക്കലാക്കി.

-ചിയാങ് കൈഷക്ക് തായ് വാനിലേക്ക് രാഷ്ട്രീയ അഭയം തേടി.

-1949 ഒക്ടോബർ 1 ന് ചൈന മാവോ സെ തുംങിന്റെ നേതൃത്വത്തിൽ ജനകീയ ചൈന റിപ്പബ്ലിക്കായി മാറി.

**BIJU.KK,**
**GHSS TUVVUR,**
**MALAPPURAM**
**9895695437, 8075512475**

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

# ലോകം ഇരുപതാം നൂറ്റാണ്ടിൽ

## സാമൂഹ്യശാസ്ത്രം1- പാഠം-2

**ആഫ്രിക്കൻ വൻകരയിലെ രാജ്യങ്ങളുടെ അതിരുകൾ നേർരേഖയിലായത് എന്തുകൊണ്ട്?**

-വിഭവങ്ങൾ തേടി ആഫ്രിക്കയിൽ എത്തിയ യൂറോപ്യൻമാർ ആഫ്രിക്കയെ വീതംവെച്ചെടുത്തു.

-യൂറോപ്യൻ രാജ്യങ്ങൾ തമ്മിലുള്ള ധാരണയുടെ അടിസ്ഥാനത്തിൽ ഭൂപടത്തിൽ അതിർത്തികൾ വരച്ച് ആഫ്രിക്കയെ വീതം വച്ചതുകൊണ്ടാണ് ആഫ്രിക്കൻ വൻകരയിലെ രാജ്യങ്ങളുടെ അതിരുകൾ നേർരേഖയിലായത്.

**എന്താണ് മുതലാളിത്തസമ്പദ് വ്യവസ്ഥ.**

-വ്യവസായ വിപ്ലവത്തിന്റെ ഫലമായി ഉൽപ്പാദനം ഫാക്ടറികളിലേയ്ക്ക് മാറി.

-ഫാക്ടറികളിൽ മൂലധന നിക്ഷേപം നടത്തി മുതലാളിമാർ ഉൽപ്പാദനം വർദ്ധിപ്പിച്ചു.

-ഇത് മുതലാളിമാരുടെ ലാഭത്തിൽ വർധനയുണ്ടാക്കി.

-ലാഭം ലക്ഷ്യമാക്കി ഉൽപ്പാദനവും വിതരണവും സ്വകാര്യ വ്യക്തികൾ നിയന്ത്രിച്ചിരുന്ന സമ്പദ് വ്യവസ്ഥ മുതലാളിത്തം എന്നറിയപ്പെട്ടു.

**എന്താണ് കോളനി വൽക്കരണം**

-യൂറോപ്പിൽ വൻകിട വ്യവസായങ്ങളുടെ വരവ് ഉൽപ്പാദനം ആഭ്യന്തര ആവശ്യത്തിന് വേണ്ടതിനെക്കാൾ  വൻതോതിൽ ഉയർത്തി.

-അവ വിറ്റഴിക്കാൻ ആഭ്യന്തര കമ്പോളം മാത്രം മതിയായിരുന്നില്ല.

-ഇത് യൂറോപ്പിലെ വ്യാവസായിക രാജ്യങ്ങൾ തമ്മിൽ കംബോളത്തിനുവേണ്ടിയുള്ള മത്സരത്തിന് കാരണമായി.

-അവർ ഏഷ്യ, ആഫ്രിക്ക, ലാറ്റിനമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിലെ രാജ്യങ്ങളിൽ കച്ചവട ബന്ധങ്ങൾ സ്ഥാപിച്ചു.

-ഇവിടങ്ങളിൽ യൂറോപ്യൻ രാജ്യങ്ങൾ രാഷ്ട്രീയാധികാരവും സൈനിക ശേഷിയും ഉപയോഗിച്ച് സാമ്പത്തിക  ചൂഷണം നടത്തി.

-പിന്നീട് ഈ രാജ്യങ്ങൾ യൂറോപ്യൻമാരുടെ കോളനികളായി മാറിയ പ്രക്രിയ കോളനിവൽക്കരണം എന്നറിയപ്പെട്ടു.

**വ്യവസായ വിപ്ലവം കോളനി വൽക്കരണത്തിന് കാരണമായതെങ്ങനെ? ഫ്ലോചാർട്ട്**

-വ്യവസായ വിപ്ലവം.

-ഫാക്ടറികളുടെ വരവ്.

-വൻകിട മൂലധന വ്യവസായങ്ങളുടെ വരവ്.

-വൻതോതിലുള്ള ഉൽപ്പാദന വർധനവ്.

-ആഭ്യന്തര കമ്പോളങ്ങളുടെ തികയാതെ വന്നത്.

-ഏഷ്യ, ആഫ്രിക്ക, ലാറ്റിനമേരിക്ക എന്നിവിടങ്ങളിലേക്ക് കച്ചവടം വ്യാപിപ്പിച്ചത്.

BIJU K, HSA SOCIAL SCIENCE, GHS TUVVUR

-ഇവിടങ്ങളിൽ യൂറോപ്യന്മാർ രാഷ്ട്രീയാധികാരവും സൈനിക ശേഷിയും പ്രയോഗിച്ചത് കോളനിവൽക്കരണം എന്നറിയപ്പെടുന്നു.

**മുതലാളിത്ത രാജ്യങ്ങളെ കോളനികളിൽ മൂലധന നിക്ഷേപം നടത്തുന്നതിന് പ്രേരിപ്പിച്ച ഘടകങ്ങൾ?**

-യൂറോപ്പിൽ തൊഴിലാളി സംഘടനകളുടെ രൂപീകരണം.

-ഇതിന്റെ ഫലമായി തൊഴിലാളികളുടെ കൂലി വർധിപ്പിച്ചത് മുതലാളിമാരുടെ ലാഭത്തിൽ കുറവുണ്ടാക്കിയത്.

-കോളനിയിലെ തൊഴിലാളികളുടെ കുറഞ്ഞകൂലി.

-അസംസ്കൃത വസ്തുക്കളുടെ ലഭ്യത.

-കോളനികളിൽ ഉൽപ്പാദിപ്പിച്ച് കോളനികളിൽ തന്നെ വിൽക്കുമ്പോഴുള്ള കുറഞ്ഞ ചെലവ്.

**എന്താണ് സാമ്രാജ്യത്വം**

-യൂറോപ്പ്യൻ രാജ്യങ്ങൾ കോളനികളിലേയ്ക്ക് മൂലധനം കയറ്റുമതി ചെയ്ത കാലഘട്ടം സാമ്രാജ്യത്വം എന്നറിയപ്പെടുന്നു.

**സാമ്രാജ്യത്വത്തിന്റെ സവിശേഷതകൾ**

-ഒരു രാജ്യം മറ്റൊരു രാജ്യത്തിനു മേൽ സ്ഥാപിക്കുന്ന രാഷ്ട്രീയ, സാമ്പത്തിക, സാംസ്കാരിക ആധിപത്യം.

-ഇതിനു വേണ്ടി സാമ്രാജ്യത്വ ശക്തികൾ നിയമ വ്യവസ്ഥ, ഭരണ സംവിധാനം, സൈനിക ശക്തി എന്നീ ഘടകങ്ങൾ ഉപയോഗിച്ചു.

**കോളനിവൽക്കരണത്തിൽ നിന്നു സാമ്രാജ്യത്വം എങ്ങനെയെല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നു.**

-യൂറോപ്യൻ രാജ്യങ്ങൾ ഏഷ്യ, ആഫ്രിക്ക, ലാറ്റിനമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിലെ രാജ്യങ്ങളെ രാഷ്ട്രീയാധികാരവും സൈനിക ശേഷിയും ഉപയോഗിച്ച് സാമ്പത്തികചൂഷണം നടത്തി കോളനികളാക്കി മാറിയ പ്രിക്രിയ കോളനിവൽക്കരണം എന്നറിയപ്പെട്ടു.

-യൂറോപ്പ്യൻ രാജ്യങ്ങൾ കോളനികളിലേയ്ക്ക് മൂലധനം കയറ്റുമതി ചെയ്ത കാലഘട്ടം സാമ്രാജ്യത്വം എന്നറിയപ്പെടുന്നു.

**സാമ്രാജ്യത്വം കോളനി രാജ്യങ്ങളെ എങ്ങനെയെല്ലാമാണ് ബാധിച്ചത്?**

-കോളനികളുടെ പരമ്പരാഗത സമ്പദ്‌വ്യവസ്ഥ തകർന്നു.

-ഭരണരീതിയും നിയമവ്യവസ്ഥയും മാറ്റിമറിക്കപ്പെട്ടു.

-പരമ്പരാഗത ഭക്ഷ്യ വിളകൾക്ക് പകരം നാണ്യവിളകൾ കൃഷി ചെയ്യാൻ നിർബന്ധിതരായി.

-ദാരിദ്ര്യവും തൊഴിലില്ലായ്മയും വർധിച്ചു.

-പ്രകൃതിവിഭവങ്ങൾ വ്യാപകമായി കൊള്ളയടിക്കപ്പെട്ടു.

-തദ്ദേശീയമായ കല സാഹിത്യം ഭാഷ സംസ്കാരം വിദ്യാഭ്യാസം തുടങ്ങിയവ തകർക്കപ്പെട്ടു.

BIJU K, HSA SOCIAL SCIENCE, GHS TUVVUR

**വ്യവസായ വിപ്ലവം ലോക രാഷ്ട്രങ്ങൾ തമ്മിൽ സംഘർഷങ്ങൾക്ക് കാരണമായതെങ്ങനെ?**

-യൂറോപ്പിൽ വ്യാവസായിക വിപ്ലവത്തിന്റെ ഫലമായി ഉൽപ്പാദനം വൻതോതിൽ വർധിക്കുകയും അവ വിറ്റഴിക്കാൻ ആഭ്യന്തര കമ്പോളങ്ങൾ മതിയാകാതെ വരികയും ചെയ്തു.
-ഇത് യൂറോപ്യൻ രാജ്യങ്ങളെ കംബോളങ്ങൾക്ക് വേണ്ടി മറ്റു ഭൂഖണ്ഡങ്ങളിൽ എത്തിച്ചു.
-കമ്പോളങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി അവർ യൂറോപ്പിലും മറ്റു ഭൂഖണ്ഡങ്ങളിലും മത്സരിച്ചു.
-ഈ മത്സരങ്ങൾ ലോക രാഷ്ട്രങ്ങൾ തമ്മിൽ സംഘർഷങ്ങൾക്ക് കാരണമാവുകയും യുദ്ധത്തിൽ കലാശിക്കുകയും ചെയ്തു.

**ഒന്നാം ലോക യുദ്ധം കാരണങ്ങൾ**

-സാമ്രാജ്യത്വ ശക്തികൾ തമ്മിലുള്ള തർക്കങ്ങൾ
-കോളനികൾ നേടിയെടുക്കുന്നതിനുവേണ്ടി യൂറോപ്യൻരാജ്യങ്ങൾതമ്മിൽ നടന്ന മത്സരങ്ങൾ
-സൈനിക സഖ്യങ്ങളുടെ രൂപീകരണം.
-തീവ്രദേശീയ പ്രസ്ഥാനങ്ങളുടെ രൂപീകരണം.
-സാമ്രാജ്യത്വ രാഷ്ട്രങ്ങളുടെ പ്രതിസന്ധികൾ.
-ആസ്ട്രിയയുടെ കിരീടാവകാശിയായ ഫ്രാൻസിസ് ഫെർഡിനന്റ് കൊല്ലപ്പെട്ടത്.

**സൈനിക സഖ്യങ്ങളുടെ രൂപീകരണം.**

-സാമ്രാജ്യത്വ ശക്തികൾ തമ്മിലുള്ള തർക്കങ്ങൾ കോളനികൾ നേടിയെടുക്കുന്നതിനുവേണ്ടി യൂറോപ്യൻ രാജ്യങ്ങൾ തമ്മിൽ നടത്തിയ മത്സരങ്ങൾ എന്നിവ സൈനിക സഖ്യങ്ങളുടെ രൂപീകരണത്തിന് കാരണമായി.
-ത്രികക്ഷി സഖ്യം,
ത്രികക്ഷി സൗഹാർദം എന്നിവയാണ് സൈനിക സഖ്യങ്ങൾ.
-ത്രികക്ഷി സഖ്യം:-ജർമ്മനി, ആസ്ട്രിയ – ഹംഗറി, ഇറ്റലി.
-ത്രികക്ഷി സൗഹാർദം:- ഇംഗ്ലണ്ട്, ഫ്രാൻസ്, റഷ്യ.

**തീവ്രദേശീയത.**

-സ്വന്തം രാജ്യം മറ്റുള്ളവയെക്കാൾ ശ്രേഷ്ഠമാണെന്ന് കരുതുകയും സ്വന്തം രാജ്യം ചെയ്യുന്നതെല്ലാം ന്യായീകരിക്കുകയും ചെയ്യുന്നതാണ് തീവ്രദേശീയത.
-പാൻ സ്ലാവ് പ്രസ്ഥാനം,
-പാൻ ജർമൻ പ്രസ്ഥാനം,
-പ്രതികാര പ്രസ്ഥാനം. എന്നിവ തീവ്രദേശീയ പ്രസ്ഥാനങ്ങൾക്ക് ഉദാഹരണമാണ്.

**സാമ്രാജ്യത്വ രാഷ്ട്രങ്ങളുടെ പ്രതിസന്ധികൾ.**

-മൊറോക്കൻ പ്രതിസന്ധി.
-ബാൾക്കൻ പ്രതിസന്ധി. ബാൽക്കൻ പ്രദേശത്ത് ആധിപത്യം ഉറപ്പിക്കാൻ റഷ്യൻ സഹായത്തോടെ സെർബിയയും, ജർമനിയുടെ പിന്തുണയോടെ ആസ്ട്രിയയും ശ്രമിച്ചതാണ് പ്രതിസന്ധികൾക്ക് കാരണം.

BIJU K, HSA SOCIAL SCIENCE, GHS TUVVUR

**ആസ്ട്രേലിയയുടെ കിരീടാവകാശിയുടെ കൊലപാതകം**

-ആസ്ട്രേലിയയുടെ കിരീടാവകാശിയായ ഫ്രാൻസിസ് ഫെർഡിനൻറിനെ ബോസ്നിയൻ തലസ്ഥാനമായ സാരയാവോയിൽ വച്ച് 1914 ജൂണിൽ സെർബിയക്കാരനായ ഗാവ് ലൊ പ്രിൻസപ്പ് വെടിവെച്ചു കൊന്നു.
-സെർബിയയാണ് ഇതിന് ഉത്തരവാദിയെന്ന് പ്രഖ്യാപിച്ച ആസ്ട്രിയ സെർബിയയുനേരെ 1914 ജൂലൈ 28 ന് യുദ്ധം പ്രഖ്യാപിച്ചു.
-ഓരോ സഖ്യരാഷ്ട്രവും തങ്ങളുടെ ചേരിയിലെ രാഷ്ട്രങ്ങളെ സഹായിക്കാനെത്തി.
-ലോകത്തെ ചെറുതും വലുതുമായ രാഷ്ട്രങ്ങൾ നേരിട്ടോ അല്ലാതെയോ ഈ യുദ്ധത്തിൽ പങ്കാളിയായതിനാൽ ഒന്നാം ലോക യുദ്ധം എന്നറിയപ്പെടുന്നു.

**ഒന്നാം ലോകയുദ്ധത്തിന്റെ ഫലങ്ങൾ?**

-ദശലക്ഷക്കണക്കിന് ജനങ്ങൾക്ക് ജീവഹാനി സംഭവിക്കുകയും പരിക്കേൽക്കുകയും ചെയ്തു.
-കൃഷി വ്യവസായം വാർത്താവിനിമയം തുടങ്ങിയ മേഖലകൾ തകർന്നു.
-ദാരിദ്ര്യം തൊഴിലില്ലായ്മ നാണയപ്പെരുപ്പം എന്നിവ വർധിച്ചു.
-യൂറോപ്പിന്റെ സാമ്പത്തിക മേധാവിത്വം ദുർബലമായി.
-ഏഷ്യയിലെയും ആഫ്രിക്കയിലെയും സ്വാതന്ത്ര്യസമരങ്ങൾ ശക്തിപ്പെട്ടു.
-ലോകസമാധാനം സംരക്ഷിക്കുന്നതിനായി സർവ്വ രാഷ്ട്രസഖ്യം എന്ന സംഘടന രൂപംകൊണ്ടു.

**ഒന്നാം ലോകയുദ്ധത്തിൽ വിജയിച്ചവർക്ക് പരാജയപ്പെട്ടവരോടുണ്ടായിരുന്ന പ്രതികാരത്തിന് ഉദാഹരണമായിരുന്നു വേഴ്സായി സന്ധി. സമർത്ഥിക്കുക**

-ഒന്നാം ലോകയുദ്ധത്തിൽ വിജയിച്ച ബ്രിട്ടന്റെയും ഫ്രാൻസിന്റെയും നേതൃത്വത്തിലുള്ള സഖ്യം 1919 പാരീസിൽ ഒത്തുകളി സമാധാന ശ്രമങ്ങൾ ആരംഭിച്ചു.
-പരാജയപ്പെട്ട രാഷ്ട്രങ്ങളുമായി അവർ വെവ്വേറെ സ.ന്ധികൾ ഒപ്പിട്ടു.
-അതിൽ പ്രധാനപ്പെട്ടതാണ് ജർമനിയുമായി 1919-ലെ ഒപ്പുവച്ച വേഴ്സായി സന്ധി.

**വേഴ്സായി സന്ധി.**

-ഇതുപ്രകാരം ജർമനിയുടെ കോളനികൾ മുഴുവൻ സഖ്യകക്ഷികൾ വീതിച്ചെടുത്തു
-യുദ്ധ നഷ്ടപരിഹാരമായി വൻതുക ജർമനി സഖ്യകക്ഷികൾക്ക് നൽകേണ്ടിവന്നു
-ജർമ്മനിയുടെ സമ്പന്നമായ ഖനി പ്രദേശങ്ങൾ സഖ്യകക്ഷികൾ കൈക്കലാക്കി
-ജർമനിയുടെ മേൽ മുഴുവൻ യുദ്ധക്കുറ്റവും കെട്ടിവയ്ക്കുകയും ജർമനിയെ നിരായുധീകരിക്കുകയും ചെയ്തു.

**1929 ൽ ലോകത്താകെ ബാധിച്ച സാമ്പത്തിക മാന്ദ്യത്തിന്റെ കാരണങ്ങളും ഫലങ്ങളും വിശദമാക്കുക.**

-ഒന്നാം ലോക യുദ്ധത്തിൽ തകർന്ന യൂറോപ്യൻ രാജ്യങ്ങൾക്ക് അമേരിക്ക വൻതോതിൽ വായ്പകൾ നൽകി
-ആഗോള വിനിമയത്തിന്റെ അടിസ്ഥാനം ബ്രിട്ടീഷ് പൗണ്ടിന് പകരം അമേരിക്കൻ ഡോളർ ആയി മാറി

BIJU K.K, HSA SOCIAL SCIENCE, GHS TUVVUR

-അമേരിക്ക പുതിയ ലോക സാമ്പത്തിക ശക്തിയായി ഉയർന്നു വന്നു.
-യുദ്ധം പാപ്പരാക്കി യ ജനങ്ങൾക്ക് സാധനങ്ങൾ വാങ്ങാൻ കഴിവില്ലാതെ ആയി.
-ഉൽപന്നങ്ങൾ വിറ്റഴിക്കാൻ കഴിയാതെ ഫാക്ടറികളിൽ കെട്ടിക്കിടന്നു.
-അമേരിക്കയിൽ നിന്ന് എടുത്ത വായ്പകൾ തിരിച്ചടക്കുന്നതിൽ യൂറോപ്യൻ രാജ്യങ്ങൾ വീഴ്ച വരുത്തി.
-ബാങ്കുകൾ തകർന്നു.
-പണപ്പെരുപ്പം വർധിച്ചു.
-തൊഴിലില്ലായ്മയും ദാരിദ്ര്യവും രൂക്ഷമായി.
-ഈ പ്രതിസന്ധി മറികടക്കുന്നതിന് യൂറോപ്യൻ രാജ്യങ്ങൾ കണ്ടെത്തിയ മാർഗം തങ്ങളുടെ കൈവശമുള്ള കോളനികളിൽ നികുതി വർധിപ്പിക്കുക എന്നതായിരുന്നു.

**ഫാഷിസം ഒന്നാം ലോകയുദ്ധത്തിന്റെ സൃഷ്ടിയായിരുന്നു. സമർത്ഥിക്കുക.**
-ഒന്നാം ലോകയുദ്ധത്തിൽ വിജയിച്ച രാജ്യങ്ങളുടെയും പരാജയപ്പെട്ട രാജ്യങ്ങളുടെയും അവസ്ഥ പരിതാപകരമായിരുന്നു.
-പല യൂറോപ്യൻ രാജ്യങ്ങളിലും നിലവിലുള്ള ഭരണകൂടങ്ങൾക്ക് അധികാരം നഷ്ടപ്പെട്ടു.
-ജനങ്ങൾ തൊഴിൽരഹിതരായി
-നാണയപ്പെരുപ്പം സാമ്പത്തികമേഖലയെ തകർത്തു.
-ഈ രാഷ്ട്രീയ അനിശ്ചിതത്വത്തെ ചൂഷണം ചെയ്ത് അധികാരത്തിൽ വന്നതാണ് ഫാഷിസം.
-ഇറ്റലിയിൽ ഫാഷിസം ജർമനിയിൽ നാസിസം എന്നറിയപ്പെട്ടു.
-സാമ്പത്തിക തകർച്ച, യുദ്ധത്തിൽ വിജയിച്ചവരോടുള്ള പ്രതികാരമനോഭാവം, ലക്ഷ്യബോധം ഇല്ലാത്ത ഭരണകൂടം തുടങ്ങിയ ഘടകങ്ങൾ ഫാഷിസത്തിന് അനുകൂല സാഹചര്യമൊരുക്കി.

**ഫാഷിസത്തിന്റെ സവിശേഷതകൾ.**
-ജനാധിപത്യത്തോടുള്ള വിരോധം.
-സോഷ്യലിസത്തോടുള്ള എതിർപ്പ്.
-രാഷ്ട്രത്തെ മഹത്വം വൽക്കരിക്കൽ
-വംശ മഹിമ ഉയർത്തി പിടിക്കൽ.
-യുദ്ധത്തെ മഹത്വവൽക്കരിക്കൽ.
-തീവ്ര ദേശീയത പ്രചരിപ്പിക്കൽ.
-ഭൂതകാലത്തെ പ്രകീർത്തിക്കൽ.
-കല, സാഹിത്യം, വിദ്യാഭ്യാസം തുടങ്ങിയവയിലൂടെയുള്ള ആശയപ്രചരണം.
-സൈനിക സ്വേച്ഛാധിപത്യം.
-രാഷ്ട്രീയ എതിരാളികളെ ഉന്മൂലനം ചെയ്യൽ.

**ഇറ്റലിയിൽ ഫാഷിസ്റ്റ് പാർട്ടി അധികാരത്തിൽ എത്തിയ സാഹചര്യം വ്യക്തമാക്കുക.**
-ഒന്നാം ലോകയുദ്ധത്തിൽ വിജയിച്ചവരുടെ കൂട്ടത്തിൽ പെട്ടിട്ടും ഇറ്റലിക്ക് കാര്യമായ നേട്ടങ്ങളൊന്നും ലഭിച്ചില്ല.

BIJU K, HSA SOCIAL SCIENCE, GHS TUVVUR

-യുദ്ധാനന്തര കാലത്തെ വ്യവസായങ്ങളുടെ തകർച്ച, തൊഴിലില്ലായ്മ, നികുതി വർദ്ധനവ് പണപ്പെരുപ്പം തുടങ്ങിയവ ജനങ്ങളെ ഭരണകൂടത്തിൽ നിന്നും അകറ്റി.
-രാജ്യം സോഷ്യലിസ്റ്റ് വിപ്ലവത്തിലേക്ക് പോകുമോ എന്ന ഭയം ഫാഷിസത്തെ പിന്തുണയ്ക്കാൻ സമ്പന്നരെ പ്രേരിപ്പിച്ചു.

**ഇറ്റലിയിൽ അധികാരം പിടിച്ചെടുത്ത മുസോളിനിയുടെ ഭരണത്തിന്റെ സവിശേഷതകൾ എന്തെല്ലാം?**
-രാഷ്ട്രീയ സാമ്പത്തിക മേഖലകളിൽ സ്വേച്ഛാധിപത്യപരമായ നടപടികൾ കൈക്കൊണ്ടു.
-അക്രമത്തിന്റെയും ഹിംസയുടെയും മാർഗ്ഗം സ്വീകരിച്ചു.
-സോഷ്യലിസ്റ്റുകൾ, തൊഴിലാളി-കർഷക നേതാക്കൾ എന്നിവരെ രാഷ്ട്രത്തിന്റെ ശത്രുക്കളായി പ്രഖ്യാപിച്ചു.
-ഫാസിസ്റ്റ് പാർട്ടിയെ എതിർത്തവരെ വധിച്ചു.
-പ്രാചീനറോമാ സാമ്രാജ്യം പുനസ്ഥാപിക്കാൻ ശ്രമിച്ചു.
-പ്രാചീന റോമൻ ഭരണത്തിന്റെ പല മുദ്രകളും സ്വീകരിച്ചു.
-ഫാഷിസ്റ്റ് നയങ്ങൾ നടപ്പിലാക്കുന്നതിന് കരിങ്കുപ്പായക്കാർ എന്ന സൈനിക വിഭാഗത്തെ ഉപയോഗിച്ചു.
-ആക്രമണോത്സുക വിദേശനയം സ്വീകരിച്ചു. എത്യോപ്യ, അൽബേനിയ തുടങ്ങിയ രാജ്യങ്ങൾ ആക്രമിച്ചു.
-ഇറ്റലിയുടെ സാമ്രാജ്യത്വമോഹം ലോകരാജ്യങ്ങളെ മറ്റൊരു ലോക യുദ്ധത്തിലേക്ക് നയിച്ചു.

**ഹിറ്റ്ലർ ജർമനിയിൽ അധികാരത്തിലെത്താൻ സഹായിച്ച ഘടകങ്ങൾ.**
-ഒന്നാം ലോകയുദ്ധാനന്തരം ജർമനിയുടെ മേൽ അടിച്ചേൽപ്പിച്ച വേഴ്സായി സന്ധി.
-സാമ്പത്തിക തകർച്ചയും പണപ്പെരുപ്പവും.
-ജർമൻ ഭരണകൂടത്തിന് പരാജയവും രാഷ്ട്രീയ അസ്ഥിരതയും.
-ഹിറ്റ്ലറുടെ സംഘടനാ മികവും പ്രസംഗപാഠവവും.

**ഹിറ്റ്ലറിന്റെ ഭരണത്തിലെ സവിശേഷതകൾ എന്തെല്ലാം?**
-ഹിറ്റ്ലർ നാസിസത്തിന്റെ പ്രധാന ശത്രുക്കളായ സോഷ്യലിസ്റ്റ്കളെയും, കമ്യൂണിസ്റ്റുകളെയും, ജൂതരെയും കൊന്നൊടുക്കി
-ഒന്നാം ലോകയുദ്ധത്തിൽ ജർമ്മനിക്ക് ഉണ്ടായ അപമാനങ്ങൾക്കും തിരിച്ചടികൾക്കും ഉത്തരവാദികൾ ജൂതർ ആണെന്ന് ആരോപിച്ചു.
-പ്രത്യേകം തയ്യാറാക്കിയ കോൺസൻട്രേഷൻ ക്യാമ്പുകളിൽ വച്ച് ജൂതരെ കൂട്ടക്കൊല ചെയ്തു.
-ഇതു ഹോളോകാസ്റ്റ് എന്നറിയപ്പെടുന്നു.
-ഇതിനായി തവിട്ടു കുപ്പായക്കാർ എന്ന സൈന്യത്തിനും ഗസ്റ്റപ്പോ എന്ന രഹസ്യ സംഘടനക്കും രൂപം നൽകി.
-ആര്യന്മാരാണ് ലോകത്തിലെ പരിശുദ്ധ വംശം എന്നും അവരാണ് ലോകം ഭരിക്കേണ്ടതെന്നും ജർമൻകാർ ആര്യൻമാരാണെന്നും ഹിറ്റ്ലർ അഭിപ്രായപ്പെട്ടു.
-നാസി പാർട്ടി ഒഴികെയുള്ള മറ്റു പാർട്ടികൾ നിരോധിച്ചു.
-തൊഴിലാളി സംഘടനകൾക്ക് വിലക്കേർപ്പെടുത്തി.

BIJU K.K HSA SOCIAL SCIENCE, GHS TUVVUR

-സൈനിക സേവനം നിർബന്ധമാക്കി.
-വേഴ്സായി സന്ധിയിലെ വ്യവസ്ഥകൾക്കെതിരെ ജനങ്ങളിൽ പ്രതികാരം മനോഭാവം വളർത്തിയെടുത്തു.
-സിനിമ, റേഡിയോ, വിദ്യാഭ്യാസം തുടങ്ങിയവ ആശയ പ്രചാരണത്തിന് ഉപയോഗിച്ചു.
-ആക്രമണോത്സുക വിദേശനയം സ്വീകരിച്ച് ആസ്ട്രിയ, ചെക്കോസ്ലോവാക്യ തുടങ്ങിയ രാജ്യങ്ങൾ ആക്രമിച്ചു.
-ഇറ്റലി, ജപ്പാൻ എന്നീ രാജ്യങ്ങളുമായി ചേർന്ന് സൈനിക സഖ്യം രൂപീകരിച്ചത് മറ്റൊരു യുദ്ധത്തിന് കാരണമായി.

**ഫാസിസത്തിന്റെയും നാസിസത്തിന്റെയും പ്രവർത്തനങ്ങളിലെ സമാനതകൾ**

| ആശയങ്ങൾ | ഫാഷിസം | നാസിസം |
|---|---|---|
| വംശമഹിമ | -റോമാ സാമ്രാജ്യത്തിന്റെ പുനസ്ഥാപനം | -ആര്യ വംശം |
| -ശത്രുക്കളെ ഉന്മൂലനം ചെയ്യൽ | -സോഷ്യലിസ്റ്റുകൾ, തൊഴിലാളി -കർഷക നേതാക്കൾ എന്നിവരെ ശത്രുക്കളായി പ്രഖ്യാപിച്ചു. -ഫാഷിസ്റ്റ് പാർട്ടിയെ എതിർത്തവരെ വധശിക്ഷയ്ക്ക് വിധേയരാക്കി | -നാസിസത്തിന്റെ പ്രധാന ശത്രുക്കളായ സോഷ്യലിസ്റ്റുകളെയും, കമ്മ്യൂണിസ്റ്റുകളെയും, ജൂതരെയും, ജനാധിപത്യവാദികളെയും കൊന്നൊടുക്കി. |
| -സൈനിക സ്വേച്ഛാധിപത്യം | -കരിങ്കുപ്പായക്കാർ എന്ന സൈനിക വിഭാഗത്തെ ഉപയോഗിച്ച് എതിരാളികളെ അടിച്ചമർത്തി | -തവിട്ടു കുപ്പായക്കാർ എന്ന സൈന്യത്തെയും ഗസ്റ്റപ്പൊ എന്ന രഹസ്യ സംഘത്തെയും ഉപയോഗിച്ച് ജൂതരെ കൂട്ടക്കൊല ചെയ്തു. |
| -ആക്രമണോ-ത്സുകമായ വിദേശയനയം | -എത്യോപ്യ, അൽബേനിയ എന്നീ രാജ്യങ്ങളെ ആക്രമിച്ചു. | -ആസ്ട്രിയ, ചെക്കോ സ്ലോവാക്യ എന്നീ രാഷ്ട്രങ്ങളെ ആക്രമിച്ചു. -ഇറ്റലി, ജപ്പാൻ എന്നീ രാജ്യങ്ങളുമായി ചേർന്ന് സൈനിക സഖ്യം രൂപീകരിച്ചു. |

**ഇറ്റലിയിലെ ഫാഷിസവും ജർമനിയിലെ നാസിസവും ലോകസമാധാനത്തിന് ഭീഷണിയായത് എങ്ങനെ?**

-ആക്രമണോത്സുക വിദേശനയം സ്വീകരിച്ച് സ്വീകരിച്ച ഇറ്റലിയും ജർമ്മനിയും അയൽ രാജ്യങ്ങളെ ആക്രമിച്ചത് ലോകസമാധാനത്തിന് ഭീഷണിയുകയും അത് രണ്ടാം ലോകയുദ്ധത്തിനു കാരണമാവുകയും ചെയ്തു.

BIJU K STUVUR

## രണ്ടാം ലോകയുദ്ധം 1939 മുതൽ 1945 വരെ

### പശ്ചാത്തലം

-1919 ലെ പാരീസ് സമാധാന സന്ധി പ്രകാരം പരാജയപ്പെട്ട രാഷ്ട്രങ്ങളുടെ മുഴുവൻ കോളനികളും വിജയിച്ച രാജ്യങ്ങൾ കൈവശപ്പെടുത്തിയത്.

-ജർമ്മനി, ഇറ്റലി തുടങ്ങിയ രാജ്യങ്ങൾ കോളനികൾ പിടിച്ചെടുക്കാൻ മറ്റു രാഷ്ട്രങ്ങളെ അക്രമിച്ചത്.

-സൈനിക സഖ്യങ്ങളുടെ രൂപീകരണം

<u>അച്ചുതണ്ടു സഖ്യം</u>:- ജർമ്മനി, ഇറ്റലി, ജപ്പാൻ

<u>സഖ്യശക്തികൾ</u>:- ഇംഗ്ലണ്ട്, ഫ്രാൻസ്, ചൈന

-അച്ചുതണ്ട് ശക്തികളുടെ ആക്രമണം തടഞ്ഞു നിർത്തുന്നതിൽ സർവരാഷ്ട്ര സഖ്യം പരാജയപ്പെട്ടത്.-ബ്രിട്ടനും ഫ്രാൻസും, അച്ചുതണ്ടു ശക്തികളായ ജർമനി, ഇറ്റലി, ജപ്പാൻ

എന്നിവർ മറ്റു രാജ്യങ്ങളെ ആക്രമിച്ചപ്പോൾ അവരെ എതിർക്കാതെ <u>പ്രീണനനയം</u> സ്വീകരിച്ചത്.

-1939 സെപ്തംബർ 1 ന് ജർമനി പോളണ്ട് ആക്രമിച്ചത്.

-ഇതോടെ സെപ്തംബർ 3 ന് സഖ്യകക്ഷികൾ ജർമനിക്കെതിരെ യുദ്ധം പ്രഖ്യാപിച്ചത് രണ്ടാം ലോകയുദ്ധത്തിന് തുടക്കമായി.

### രണ്ടാം ലേകയുദ്ധത്തിന്റെ അവസാനം(രണ്ടാം ലേകയുദ്ധ ബാക്കിവെച്ചത്).

-സോവിയറ്റ് യൂണിയന്റെയും അമേരിക്കയുടെയും കടന്നുവരവ് രണ്ടാം ലോകയുദ്ധത്തിന്റെ ഗതി മാറ്റിമറിച്ചു.

-ഇറ്റലിയും, ജർമ്മനിയും കീഴടങ്ങി.

-മുസ്സോളിനിയെ നാട്ടുകാർ പിടികൂടി വധിച്ചു.

-ഹിറ്റ്ലർ ആത്മഹത്യ ചെയ്തു.

-കീഴടങ്ങാതെ നിന്ന ജപ്പാനെ കീഴ്പ്പെടുത്തുന്നതിനായി സോവിയറ്റ് യൂണിയൻ ട്രാൻസ് സൈബീരിയയിലൂടെ ജപ്പാനിലേയ്ക്ക് നീങ്ങി.

-സോവിയറ്റ് യൂണിയൻ എത്തുന്നതിന് മുമ്പ് അമേരിക്ക 1945 ആഗസ്റ്റ് 6 ന് ലിറ്റിൽ ബോയ് എന്ന അണുബോംബ് ഹിരോഷിമയിലും ആഗസ്റ്റ് 9 ന് ഫാറ്റ്മാൻ എന്ന അണുബോംബ് നാഗസാക്കിയിലും വർഷിച്ചു.

-ജപ്പാൻ കീഴടങ്ങി.

-രണ്ടാം ലോകയുദ്ധം അവസാനിച്ചു.

### രണ്ടാം ലോകയുദ്ധത്തിന്റെ ഫലങ്ങൾ

-ദശലക്ഷക്കണക്കിനു ആളുകൾ കൊല്ലപ്പെട്ടു.

-യൂറോപ്യൻ രാജ്യങ്ങളുടെ സാമ്പത്തികനില താറുമാറായി.

-യൂറോപ്യൻ രാഷ്ട്രങ്ങളുടെ ലോക മേധാവിത്വം തകർന്നു.

-ഏഷ്യൻ - ആഫ്രിക്കൻ രാജ്യങ്ങളിൽ സ്വാതന്ത്ര്യ സമരങ്ങൾ ശക്തിപ്പെട്ടു.

-അമേരിക്കയും സോവിയറ്റ് യൂണിയനും വൻശക്തികളായി മാറി.

-ലോകസമാധാനം സംരക്ഷിക്കുന്നതിന് ഐക്യരാഷ്ട്ര സംഘടന രൂപീകരിച്ചു.

BIJU K.K, HSA SOCIAL SCIENCE, GHS TUVVUR

**നിരപരാധികളെയും കാരണക്കാരെയും ഒരു പോലെ ബാധിക്കുന്നതാണ് യുദ്ധം. ഒന്നും രണ്ടും ലോക യുദ്ധങ്ങളുടെ അനന്തര ഫലങ്ങളുടെ അടിസ്ഥാനത്തിൽ സമർത്ഥിക്കുക.**

-നിരപരാധികളുടെയും കാരണക്കാരുടെയും ഭാഗത്ത്നിന്നും നിരവധി ആളുകൾ കൊല്ലപ്പെട്ടു.
-ഇരുകൂട്ടരുടെയെും സാമ്പത്തികരംഗം താറുമാറായി.
-ഇരുകൂട്ടരുടെയെും കൃഷി വ്യവസായം വാർത്താവിനിമയം തുടങ്ങിയ മേഖലകൾ തകർന്നു.
-ഇരുകൂട്ടരുടെയെും ദാരിദ്ര്യം തൊഴിലില്ലായ്മ നാണയപ്പെരുപ്പം എന്നിവ വർധിച്ചു.

**ഐക്യ രാഷ്ട്ര സംഘടന**
-രണ്ടാം ലോകയുദ്ധാനന്തരം ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിനായുള്ള ശ്രമഫലമായി **1945** ഒക്ടോബർ **24** ന് രൂപീകരിച്ചു
-ആസ്ഥാനം അമേരിക്കയിലെ ന്യൂയോർക്ക്.

**ഐക്യ രാഷ്ട്ര സംഘടനയുടെ ലക്ഷ്യങ്ങൾ**
-ഭാവി തലമുറയെ യുദ്ധ ഭീതിയിൽ നിന്നു രക്ഷിക്കുക.
-അന്താരാഷ്ട്ര ഉടമ്പടികളും നിയമങ്ങളും സംരക്ഷിക്കുക.
-ലോക രാഷ്ട്രങ്ങളുടെ പുരോഗതിക്കായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

**അപകോളനീകരണം**
-രണ്ടാം ലോകയുദ്ധാനന്തരം സാമ്രാജ്യത്വ ശക്തികളുടെ മേധാവിത്വം ചോദ്യം ചെയ്യപ്പെട്ടു.
-കോളനികളിൽ ഉയർന്നു വന്ന ദേശീയ സമരങ്ങളെ നിയന്ത്രിക്കാൻ യൂറോപ്യൻ രാജ്യങ്ങൾക്ക് കഴിഞ്ഞില്ല.
-വൻശക്തികളായി ഉയർന്നുവന്ന അമേരിക്കയും സോവിയറ്റ് യൂണിയനും യൂറോപ്യൻ കോളനികളിലെ സ്വാതന്ത്ര്യ സമരത്തെ പിന്തുണച്ചു.
-ഇതിന്റെ ഫലമായി സാമ്രാജ്യത്വ ശക്തികളുടെ ഭരണത്തിൽ നിന്നു കോളനികൾ സ്വാതന്ത്ര്യം നേടിയ സംഭവമാണ് അപകോളനീകരണം.

**രണ്ടാം ലോക യുദ്ധത്തിന് ശേഷം സ്വാതന്ത്ര്യം നേടിയ പ്രധാന രാജ്യങ്ങളും സാമ്രാജ്യത്വ രാഷ്ട്രങ്ങൾക്കെതിരെ സമരം നയിച്ച നേതാക്കളും.**

**ഇന്ത്യ - ഗാന്ധിജി**
ദക്ഷിണാഫ്രിക്ക - നെൽസൺ മണ്ടേല
ഘാന - ക്വാമി എൻക്രുമ
കെനിയ - ജോമോ കെനിയാത്ത

**ശീതസമരം**
-രണ്ടാം ലോകയുദ്ധത്തിന് ശേഷം അമേരിക്ക പുതിയ രാഷ്ട്രീയ - സാമ്പത്തിക ശക്തിയായി മുതലാളിത്ത ചേരിക്ക് നേതൃത്വം കൊടുത്തു.

BIJU K, HSA SOCIAL SCIENCE, GHS TUVVUR

-സോഷ്യലിസ്റ്റ് സാമ്പത്തിക വ്യവസ്ഥ സ്വീകരിച്ച രാഷ്ട്രങ്ങളുടെ ചേരിക്ക് സോവിയറ്റ് യൂണിയൻ നേതൃത്വംനൽകി.
-പരസ്പരം ശത്രുത പുലർത്തിയ രണ്ടുചേരികൾ തമ്മിലുണ്ടായ ആശയപരമായ സംഘർഷങ്ങളും നയതന്ത്രയുദ്ധങ്ങളുമാണ് ശീതസമരം.

**ചേരിചേരാ പ്രസ്ഥാനം(അപകോളനീകരണവും ശീതസമരവും ചേരിചേരാ പ്രസ്ഥാനത്തിന്റെ രൂപീകരണത്തിന് വഴിതെളിച്ചതെങ്ങനെ?)**

-മുതലാളിത്ത ചേരിക്കും സോഷ്യലിസ്റ്റ് ചേരിക്കും ബദലായി രൂപം കൊണ്ടു.
-രണ്ടാം ലോകയുദ്ധാനന്തരം ഏഷ്യയിലും ആഫ്രിക്കയിലും ലാറ്റിനമേരിക്കയിലും സ്വാതന്ത്ര്യം നേടിയ രജ്യങ്ങൾ ചേർന്ന് രൂപീകരിച്ചു.
-ശീതസമരം സാമ്രാജ്യത്വത്തിന്റെ മറ്റൊരു രൂപമാണെന്നും ലോകസമാധാനത്തിനു ഭീഷണിയാണെന്നും ഈ രാജ്യങ്ങൾ തിരിച്ചറിഞ്ഞു.
-മുതലാളിത്ത ചേരിയുടെയോ സോഷ്യലിസ്റ്റ് ചേരിയുടെയോ ഭാഗമാവാതെ നിലകൊണ്ട രാജ്യങ്ങളുടെ ഐക്യമാണ് ചേരിചേരാ പ്രസ്ഥാനം.
-വൻശക്തികളുടെ ആയുധമത്സരവും സൈനിക സഖ്യങ്ങളും തങ്ങൾക്ക് ഭീഷണിയാണെന്ന് ഇവർ തിരിച്ചറിഞ്ഞു.
-യുദ്ധവും സംഘർഷവുമില്ലാത്ത ലോകത്തിന് മാത്രമേ സാമ്പത്തികമായും സാമൂഹികമായും മുന്നേറാൻ കഴിയൂ എന്നവർ തിരിച്ചറിഞ്ഞു.
-1955 ൽ ഇന്തോനേഷ്യയിലെ ബാന്ദൂങ്ങിൽ ചേർന്ന സമ്മേളനത്തിൽ വച്ച് ചേരിചേരാ പ്രസ്ഥാനം രൂപീകരിക്കാൻ തീരുമാനിച്ചു.
-1961 ൽ ബെൽഗ്രേഡിൽ വച്ച് ചേരിചേരാ രാജ്യങ്ങളുടെ ആദ്യ സമ്മേളനം നടന്നു.
-ചേരിചേരായ്മ ലോക കാര്യങ്ങളിൽ നിന്ന് മാറി നിൽക്കലല്ല, ലോകം അഭിമുഖീകരിക്കുന്ന പല പ്രശ്നങ്ങളിലും സജീവമായി ഇടപെടാനാണ് എന്നാണ് ജവഹർലാൽ നെഹ്റുവിന്റെ വീക്ഷണം.

**ചേരിചേരാ പ്രസ്ഥാനത്തിന് രൂപം നൽകിയ നേതാക്കൻമാർ**
ജവഹർലാൽ നെഹ്റു – ഇന്ത്യ
ഗമാൽ അബ്ദുൽ നാസർ – ഈജിപ്ത്
മാർഷൽ ടിറ്റോ – യുഗോസ്ലാവിയ
അഹമ്മദ് സുക്കാർണോ – ഇന്തോനേഷ്യ
സാമ്രാജ്യത്വ താൽപ്പര്യങ്ങൾ പശ്ചിമേഷ്യയിലെ സംഘർഷങ്ങൾക്ക് കാരണമായതെങ്ങെനെ**?**

**ബാൽഫർ പ്രഖ്യാപനം**
-ഒന്നാംലോകയുദ്ധംവരെ പാലസ്തീൻ ഉൾക്കൊള്ളുന്ന പ്രദേശം തുർക്കി സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു.

BIJU K.K. HSA SOCIAL SCIENCE, GHS TUVVUR

-ഒന്നാംലോകയുദ്ധത്തിൽ തുർക്കി പരാജയപ്പെട്ടതോടെ പലസ്തീൻ ഉൾക്കൊള്ളുന്നപ്രദേശം ബ്രിട്ടന്റെ നിയന്ത്രണത്തിലായി.
-ഒന്നാം ലോകയുദ്ധത്തിൽ ജൂതർ നൽകിയ സേവനത്തിന് പ്രത്യുപകാരമായി പശ്ചിമേഷ്യയിൽ അവർക്ക് സ്വന്തമായി ഒരു രാജ്യം അനുവദിക്കുമെന്ന് ബ്രിട്ടീഷ് വിദേശകാര്യ സെക്രട്ടറിയായിരുന്ന ആർതർ ബാൽഫർ പ്രഖ്യാപിച്ചു.
-ഇത് ബാൽഫർ പ്രഖ്യാപനം എന്നറിയപ്പെട്ടു.

### സിയോണിസ്റ്റ് പ്രസ്ഥാനം

-ജൂതർക്ക് ഒരു രാജ്യം സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിക്കപ്പെട്ട പ്രസ്ഥാനമാണ് സിയോണിസ്റ്റ് പ്രസ്ഥാനം.
-1948 ൽ ഇസ്രായേൽ എന്ന രാഷ്ട്രം രൂപീകരിക്കപ്പെട്ടു.
-ഇതിനെത്തുടർന്ന് ഇസ്രായേലും അറബ് രാഷ്ട്രങ്ങളും തമ്മിൽ നിരവധി യുദ്ധങ്ങളുണ്ടായി.
-ഇസ്രായേൽ പാലസ്തീനെ കൈവശപ്പെടുത്തി.
-ജന്മനാട്ടിൽ നിന്നു പുറത്താകേണ്ടി വന്ന പാലസ്തീൻകാർ വിവിധ അറബ് രാഷ്ട്രങ്ങളിൽ അഭയം തേടി.

### പാലസ്തീൻ വിമോചന സംഘടന

-ഇസ്രായേലിന്റെരൂപീകരണത്തോടെ അഭയാർഥികൾ ആകേണ്ടിവന്ന പലസ്തീൻകാർക്ക് സ്വന്തമായൊരു രാജ്യം സൃഷ്ടിക്കുകായെന്ന ലക്ഷ്യത്തോടെ സ്ഥാപിക്കപ്പെട്ടതാണ് പാലസ്തീൻ വിമോചന സംഘടന.
-യാസർ അറഫാത്ത് ആണ് ഇതിന്റെ സ്ഥാപക പ്രസിഡന്റ്
-നിരവധി രക്തച്ചൊരിച്ചിലുകൾക്കു ശേഷം 1993 ൽ അമേരിക്കയുടെ മധ്യസ്ഥതയിൽ ഒപ്പുവച്ച ഓസ്‌ലോകരാർ പ്രകാരം പാലസ്തീനിനെ സ്വതന്ത്രരാഷ്ട്രമാക്കാൻ ഇസ്രായേൽ അംഗീകാരം നൽകി.
-ഇത് പൂർണമായും നടപ്പാക്കിയിട്ടില്ല.

### സോവിയറ്റ് യൂണിയന്റെ തകർച്ച – കാരണങ്ങൾ,ഫലം

-മിഖായോൽ ഗോർബച്ചേവിന്റെ ഭരണ പരിഷ്കാരങ്ങൾ (ഗ്ലാസ്നോസത്, പെരിസ്ട്രോയിക്ക)
-സോഷ്യലിസത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ നിന്നുള്ള വ്യതിചലനം.
-ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥതയും അഴിമതിയും.
-സാമ്പത്തിക രംഗത്തെ മാറ്റങ്ങൾഉൾക്കൊള്ളുന്നതിൽ ഉണ്ടയ പരാജയം.
-1991 ൽ ഗോർബച്ചേവ് പ്രസിഡന്റ് സ്ഥാനം രാജിവച്ചതോടെ സോവിയറ്റ് യൂണിയൻ ഇല്ലാതായി.
-ശീതസമരം അവസാനിച്ചു.
-ഇരു ധ്രുവലോകം തകരുകയും അമേരിക്കയുടെ ആധിപത്യത്തിൽ ഉള്ള ഏക ധ്രുവലോകം ഉയർന്നുവരുകയും ചെയ്തു.

BIJU K, HSA SOCIAL SCIENCE, GHS TUVVUR

## എന്താണ് ഏകധ്രുവ ലോകം

-സോവിയറ്റ് യൂണിയന്റെ തകർച്ചയോടെ അമേരിക്ക ആഗോള ശക്തിയായി മാറി

-അതോടെ അമേരിക്ക ലോക രാഷ്ട്രീയത്തിന്റെ കേന്ദ്രമായി മാറി.

-ഇത് ഏകധ്രുവ ലോകക്രമം എന്നറിയപ്പെടുന്നു.

## ആഗോള രംഗത്ത് ആധിപത്യം നിലനിർത്താൻ അമേരിക്ക സ്വീകരിച്ച തന്ത്രങ്ങൾ ഏവ?

-അന്താരാഷ്ട്ര ഏജൻസികളെ ഉപയോഗപ്പെടുത്തി രാജ്യങ്ങൾക്ക് സാമ്പത്തിക-സൈനിക സഹായം നൽകി.

-സൈനിക കൂട്ടുകെട്ടുകൾ വ്യാപിപ്പിച്ചു.

-മാധ്യമങ്ങളെ തങ്ങളുടെ താൽപ്പര്യങ്ങൾക്കായുപയോഗിച്ചു.

-അമേരിക്കയുടെ സാമ്രാജ്യത്വ നയങ്ങൾ ഗൾഫ് യുദ്ധത്തിന് കാരണമായി.

-അമേരിക്കയുടെ സൈനിക ശേഷിയും സാങ്കേതിക മികവും ഈ യുദ്ധങ്ങളിൽ പ്രയോഗിച്ചു.

-ഇതിന്റെയെല്ലാം ഫലമായി അമേരിക്കൻ ആധിപത്യത്തിനെതിരെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കൂട്ടായ്മകൾ രൂപപ്പെട്ടു.

## ആഗോള രംഗത്ത് ആധിപത്യം നിലനിർത്താൻ അമേരിക്ക സ്വീകരിച്ച തന്ത്രങ്ങൾ ഏവ?

-അന്താരാഷ്ട്ര ഏജൻസികളെ ഉപയോഗപ്പെടുത്തി രാജ്യങ്ങൾക്ക് സാമ്പത്തിക-സൈനിക സഹായം നൽകി.

-സൈനിക കൂട്ടുകെട്ടുകൾ വ്യാപിപ്പിച്ചു.

-മാധ്യമങ്ങളെ തങ്ങളുടെ താൽപ്പര്യങ്ങൾക്കായുപയോഗിച്ചു.

-അമേരിക്കയുടെ സാമ്രാജ്യത്വ നയങ്ങൾ ഗൾഫ് യുദ്ധത്തിന് കാരണമായി.

-അമേരിക്കയുടെ സൈനിക ശേഷിയും സാങ്കേതിക മികവും ഈ യുദ്ധങ്ങളിൽ പ്രയോഗിച്ചു.

-ഇതിന്റെയെല്ലാം ഫലമായി അമേരിക്കൻ ആധിപത്യത്തിനെതിരെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കൂട്ടായ്മകൾ രൂപപ്പെട്ടു.

## എന്താണ് നവ സാമ്രാജ്യത്വം

-രണ്ടാം ലോകയുദ്ധാനന്തരം ലോകത്ത് പുതിയ തരത്തിലുള്ള സാമ്രാജ്യത്വ വ്യവസ്ഥിതി രൂപപ്പെട്ടു.

-ഒരു രാജ്യത്ത് രജിസ്റ്റർ ചെയ്ത് വിവിധ രാഷ്ട്രങ്ങളിലായി പ്രവർത്തിക്കുന്ന കമ്പനികളാണ് ബഹുരാഷ്ട്ര കമ്പനികൾ.

-ഇവർ സ്വന്തം താൽപ്പര്യങ്ങൾക്കു വേണ്ടി വികസ്വരവും അവികസിതവുമായ രാജ്യങ്ങളുടെ സാമ്പത്തിക-

-സാമൂഹിക- സാംസ്കാരിക മേഖലകളിൽ ഇടപെടാൻ തുടങ്ങിയത് നവസാമ്രാജ്യത്വം എന്നറിയപ്പെടുന്നു.

## നവ സാമ്രാജ്യത്വത്തിന്റെ ഫലങ്ങൾ

-ബഹുരാഷ്ട്ര കമ്പനികൾ മൂന്നാം ലോകരാജ്യങ്ങളിലെ സമ്പത്ത് കൈവശപ്പെടുത്താൻ മത്സരിച്ചു.

BIJU K, HSA SOCIAL SCIENCE, GHS TUVVUR

-മൂന്നാം ലോക രാജ്യങ്ങളിൽ തങ്ങളുടെ ഉൽപ്പന്നങ്ങൾ വിൽക്കാൻ അവർ ഒരു പുതിയ ഉപഭോഗ സംസ്കാരത്തെ പ്രോത്സാഹിപ്പിച്ചു.
-വികസ്വര രാജ്യങ്ങൾ ബഹുരാഷ്ട്ര കമ്പനികളുടെ കമ്പോളമായി.
-വികസിത രാജ്യങ്ങളിലെ ഉൽപ്പന്നങ്ങൾ വികസ്വര രാജ്യങ്ങളുടെ ഗ്രാമങ്ങളിൽ വരെയെത്തി.
-ബഹുരാഷ്ട്ര കമ്പനികളോട് മത്സരിക്കാൻ കഴിയാതെ വികസ്വര രാഷ്ട്രങ്ങളുടെ സാമ്പത്തിക മേഖലയെ തകർത്തു.

### പുത്തൻ സാമ്പത്തിക പരിഷ്കാരം

-നവ സാമ്രാജ്യത്വത്തിന്റെ ആശയങ്ങളായ ആഗോളവൽക്കരണം, സ്വകാര്യവൽക്കരണം, ഉദാരവൽക്കരണം എന്നിവയാണ് പുത്തൻ സാമ്പത്തിക പരിഷ്കാരങ്ങൾ.

### ഉദാരവൽക്കരണം

-ബഹുരാഷ്ട്ര കമ്പനികളുടെ ഉൽപ്പന്നങ്ങൾക്കും മൂലധനത്തിനും നിയന്ത്രണങ്ങളില്ലാതെ കടന്നു വരാനായി ഇറക്കുമതി നിയമങ്ങളും, നികുതികളും ലളിതമാക്കിയ സംഭവമാണ് ഉദാരവൽക്കരണം.

### സ്വകാര്യവൽക്കരണം

-സ്വകാര്യ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവത്ക്കരിച്ച സംഭവമാണ് സ്വകാര്യവൽക്കരണം.

### ആഗോളവൽക്കരണം

-രാഷ്ട്രത്തിന്റെ സമ്പദ് വ്യവസ്ഥയെ ആഗോള(ലോക) സമ്പദ്ഘടനയുമായി ബന്ധിപ്പിച്ചതിനെ ആഗോളവൽക്കരണം എന്നു പറയുന്നു.

### ആഗോളവൽക്കരണത്തിന്റെ ഫലങ്ങൾ

-ബഹുരാഷ്ട്ര കമ്പനികളുടെ താൽപ്പര്യങ്ങൾ സംരക്ഷിച്ചു.
-മത്സരങ്ങളിലൂന്നിയ കമ്പോളം നിലവിൽ വന്നു.
-അതിരുകളില്ലാതെ ഉൽപ്പന്നങ്ങൾ, സേവനങ്ങൾ, വിഭവങ്ങൾ, മൂലധനം, പുത്തൻ സാങ്കേതികവിദ്യ, മനുഷ്യവിഭവശേഷി എന്നിവയുടെ ഒഴുക്ക് സൃഷ്ടിച്ചു.

### ആഗോളവൽക്കരണ നയങ്ങൾ രൂപവൽക്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന സ്ഥാപനങ്ങൾ

-ലോകബാങ്ക്.
-അന്താരാഷ്ട്രനാണയനിധി.
-ലോക വ്യാപാര സംഘടന.

### ആഗോളവൽക്കരണത്തിന്റെ ഗുണഫലങ്ങൾ

-ലോകത്തിനു മുന്നിൽ പുതിയ സാധ്യതകളും അവസരങ്ങളും തുറന്നിട്ടു.

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

-വിവരവിനിമയ സാങ്കേതിക വിദ്യയുടെ വ്യാപനം.
-സാധനങ്ങളുടെയും സേവനങ്ങളുടെയും രാജ്യാതിർത്തികൾ കടന്നുള്ള വിനിമയം ആഗോളഗ്രാമം എന്ന ആശയത്തിന് രൂപം നൽകി.

**ആഗോളവൽക്കരണം വികസ്വര രാജ്യങ്ങളെ ദോഷകരമായി ബാധിച്ചതെങ്ങനെ?**

-ദേശ രാഷ്ട്രമെന്ന ആശയത്തിന് ബഹുരാഷ്ട്ര കമ്പനികളുടെ കടന്നുകയറ്റം വെല്ലുവിളിയായി.
-തദ്ദേശീയ സംസ്കാരങ്ങളുടെ തകർച്ചയ്ക്ക് വഴിയൊരുക്കി.
-കാർഷികോൽപ്പന്നങ്ങളുടെ വിലയിടിഞ്ഞു.
-പൊതുമേഖലാ സ്ഥാപനങ്ങൾ തകർന്നു.
-സാമൂഹിക സേവന മേഖലകളിൽ നിന്നു സർക്കാരുകൾ പിൻമാറി.
-പ്രകൃതി വിഭവങ്ങൾ കൊള്ളയടിച്ചു.

**BIJU.KK,**
**GHSS TUVVUR,**
**MALAPPURAM**
**9895695437, 8075512475**

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

# പൊതുഭരണം SS1-3

**ഗവൺമെന്റ് സ്ഥാപനങ്ങളും ചുമതലകളും**

-പ്രാഥമിക ആരോഗ്യ കേന്ദ്രം - ചികിത്സാ സൗകര്യം ഒരുക്കുന്നു.

-കൃഷിഭവൻ - കൃഷി പ്രോത്സാഹിപ്പിക്കുന്നു.

-പോലിസ് സ്റ്റേഷൻ – ക്രമസമാധാനം പരിപാലിക്കുന്നു.

**ഗവൺമെന്റ് സ്ഥാപനങ്ങളുടെ ലക്ഷ്യം?**

-ഗവൺമെന്റ് രൂപംനൽകുന്ന നിയമങ്ങളും വികസന പദ്ധതികളും നടപ്പിലാക്കുന്നു.

**പൊതുഭരണം എൻ.ഗ്ലാഡൻ ന്റെ നിർവ്വചനം-**

-പൊതുഭരണമെന്നാൽ ഗവൺമെന്റ് ഭരണത്തെ സംബന്ധിക്കുന്നതാണ്.

## പൊതുഭരണമെന്നാൽ എന്ത്?

-രാജ്യത്ത് നിലവിലുള്ള നിയമങ്ങളും ഗവൺമെന്റിന്റെ നയപരിപാടികളും വികസന പദ്ധതികളും നടപ്പാക്കുന്നതിന് ഭൗതിക സാഹചര്യങ്ങളും മനുഷ്യവിഭവവും ഫലപ്രദമായി വിനിയോഗിക്കുന്നതിനെ പൊതുഭരണം എന്നു പറയുന്നു.

-ഗവൺമെന്റ് സ്ഥാപനങ്ങളെല്ലാം പൊതുഭരണ സംവിധാനത്തിന്റെ ഭാഗമാണ്.

- ജനക്ഷേമം മുൻനിർത്തിയാണ് അവ പ്രവർത്തിക്കുന്നത്.

- ഭരണ രീതിക്കനുസരിച്ച് പൊതുഭരണം വ്യത്യാസപ്പെടും.

**രാജഭരണം, ജനാധിപത്യം തുടങ്ങിയ ഭരണരീതികളിൽ പൊതുഭരണ സംവിധാനത്തിന്റെ ലക്ഷ്യങ്ങളും അവയിൽ വന്ന മാറ്റങ്ങളും?**

- രാജഭരണത്തിൽ രാജാവിന്റെ താൽപ്പര്യങ്ങളായിരുന്നു പൊതുഭരണത്തിന്റെ അടിസ്ഥാനം.

- ജനാധിപത്യ ഭരണത്തിൽ ജനങ്ങളുടെ താൽപ്പര്യങ്ങൾക്കാണ് പ്രാധാന്യം.

- ജനാധിപത്യ ഭരണം കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമായത് പൊതുഭരണ സംവിധാനത്തിലൂടെ യാണ്.

## പൊതുഭരണത്തിന്റെ പ്രാധാന്യം എന്തെല്ലാം?

- ഗവൺമെന്റ് നയങ്ങൾ രൂപപ്പെടുത്തുന്നു.

- സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു.

- ജനക്ഷേമം ഉറപ്പാക്കുന്നു.

- ജനകീയ പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നു.

**ഗാന്ധിജിയുടെ അഭിപ്രായത്തിൽ ഭരണത്തിന്റെ ഗുണം ആർക്കൊക്കെയാണ് ലഭിക്കേണ്ടത്?**

-എല്ലാവരുടെയും താല്പര്യങ്ങൾ സംരക്ഷിക്കണം.

-എന്നാൽ കൂടുതൽ പരിഗണനയും പരിരക്ഷയും വേണ്ടവരെ പ്രത്യേകമായി പരിഗണിക്കുകയും

BIJU K.K. HSA SOCIAL SCIENCE, GHS TUVVUR

സംരക്ഷിക്കുകയും ചെയ്യണം.

-ഗാന്ധിജിയുടെ ടെ ഗ്രാമസ്വരാജ് എന്ന ആശയം ഇന്ത്യയിലെ പൊതു ഭരണ കാഴ്ചപ്പാടിനെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്.

-ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് പ്രാദേശിക ഭരണ സ്ഥാപനങ്ങൾക്ക് രൂപം നൽകിയത്.

**ഉദ്യോഗസ്ഥ വൃന്ദം**

- രാജ്യത്തിന്റെ ഭരണകാര്യങ്ങൾ നിർവഹിക്കുകയും പൊതുഭരണത്തിന്റെ കീഴിൽ പ്രവർത്തിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥരെ ഉദ്യോഗസ്ഥവൃന്ദം എന്നു പറയുന്നു.

**ഉദ്യോഗസ്ഥ വൃന്ദത്തിന്റെ ലക്ഷ്യങ്ങൾ**

- പൊതുഭരണ സംവിധാനത്തിലെ ദൈനംദിന പ്രവർത്തനങ്ങൾ ചെയ്യുക.
- പൊതുഭരണ ശൃംഖലയെ ചലനാത്മകമാക്കുക.
- ഗവൺമെൻറിന്റെ എല്ലാ സേവനങ്ങളും ജനങ്ങളിലെത്തിക്കുക.
- രാജ്യത്തിന്റെ ഭൗതിക വിഭവങ്ങളും മാനുഷിക ശേഷിയും ശാസ്ത്രീയമായി വിനിയോഗിക്കുന്നതിനുള്ള പദ്ധതികൾ തയാറാക്കുകയും നടപ്പിലാക്കുകയും ചെയ്യുക.

## ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷതകൾ.

- **ശ്രേണിപരമായ സംഘാടനം.**
- **സ്ഥിരത.**
- **യോഗ്യത അടിസ്ഥാനമാക്കിയുള്ള നിയമനം.**
- **രാഷ്ട്രീയ നിഷ്പക്ഷത.**
- **വൈദഗ്ധ്യം.**

## ഇന്ത്യൻ സിവിൽ സർവീസ്

- കേന്ദ്ര ഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും കീഴിൽ പ്രവർത്തിക്കുന്ന മുഴുവൻ ഉദ്യോഗസ്ഥരും, വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും ചേർന്നതാണ് ഇന്ത്യൻ സിവിൽ സർവീസ്.

-ഇന്ത്യൻ സിവിൽ സർവീസിനെ മൂന്നായി തിരിക്കാം

**1. അഖിലേന്ത്യാ സർവീസ്**
**2. കേന്ദ്ര സർവീസ്**
**3.സംസ്ഥാന സർവീസ്**

## അഖിലേന്ത്യാ സർവീസ്

- ദേശീയ തലത്തിൽ തിരഞ്ഞെടുക്കുന്നു.
- കേന്ദ്ര സർവീസിലോ സംസ്ഥാന സർവീസിലോ നിയമിക്കപ്പെടുന്നു.

BIJU K, HSA SOCIAL SCIENCE, GHS TUVVUR

ഉദാ: – ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ് **(IAS)** – ഇന്ത്യൻ പോലീസ് സർവീസ് **(IPS)**

## കേന്ദ്ര സർവീസ്

-ദേശീയ തലത്തിൽ തിരഞ്ഞെടുക്കുന്നു.

-കേന്ദ്ര ഗവൺമെന്റിന് മാത്രം അധികാരമുള്ള ഭരണ വകുപ്പുകളിൽ നിയമിക്കപെടുന്നു.

ഉദാ: – ഇന്ത്യൻ ഫോറിസ് സർവീസ്, – ഇന്ത്യൻ റെയിൽവേ സർവീസ്.

## സംസ്ഥാന സർവീസ്

-സംസ്ഥാന തലത്തിൽ തിരഞ്ഞെടുക്കുന്നു.

-സംസ്ഥാന ഗവൺമെന്റിനു കീഴിൽ വരുന്ന വകുപ്പുകളിൽ നിയമിക്കപ്പെടുന്നു.

ഉദാ: – സെയിൽസ് ടാക്സ് ഓഫീസർ

### യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ (യു.പി.എസ്.സി)

-കേന്ദ്ര സർവീസിലേക്കും അവിലേന്ത്യാ സർവീസിലേക്കും ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്നത്ത് യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ ആണ് .

-കമ്മീഷന്റെ ചെയർമാനെയും അംഗങ്ങളെയും നിയമിക്കുന്നത് രാഷ്ട്രപതിയാണ്.

-യോഗ്യതയുടെ അടിസ്ഥാനത്തിൽ ഉദ്യോഗാർഥികളെ തിരഞ്ഞെടുക്കാൻ വിപുലമ സംവിധാനങ്ങൾ യു.പി.എസ്.സി ഒരുക്കുന്നു.

-ഭരണഘടനാ നിയമത്തെ അടിസ്ഥാനമാക്കി നിലവിൽ വന്നതിനാൽ ഇതിനെ ഭരണഘടനാ സ്ഥാപനം എന്നു വിളിക്കുന്നു.

### സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷൻ

-സംസ്ഥാന തലത്തിൽ ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്നത് അതതു സംസ്ഥാനങ്ങളിലെ സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷനുകൾ ആണ്.

-കമ്മീഷന്റെ ചെയർമാനെയും അംഗങ്ങളെയും നിയമിക്കുന്നത് ഗവർണറാണ്.

-ഭരണഘടനാ നിയമത്തെ അടിസ്ഥാനമാക്കി നിലവിൽ വന്നതിനാൽ ഇതിനെയും ഭരണഘടനാ സ്ഥാപനം എന്നു വിളിക്കുന്നു.

### ഭരണ നവീകരണം

-ഭരണനിർവഹണത്തിന്റെ കാര്യക്ഷമത വർധിപ്പിക്കാനും സേവനങ്ങൾ സമയബന്ധിതമായി പൊതുജനങ്ങൾക്ക് ലഭ്യമാക്കാനും ഗവൺമെൻറുകൾ സ്വീകരിട്ടുള്ള നടപടികളാണ് ഭരണ നവീകരണം.

-ഭരണ നവീകരണത്തിന്റെ ലക്ഷ്യം ഭരണം കാര്യക്ഷമവും ജനസൗഹൃദവുമാക്കുകയാണ്.

-ഇതിനായി ദേശീയ തലത്തിലും സംസ്ഥാന തലത്തിലും ഭരണപരിഷ്കാര കമ്മീഷനുകൾ രൂപീകരിക്കാറുണ്ട്.

### ഭരണ നവീകരണ പരിപാടികൾക്ക് ഉദാഹരണങ്ങൾ

- ഇ-ഗവേണൻസ്.
- അറിയാനുള്ള അവകാശം.
- സേവനാവകാശ നിയമം.
- ലോക്പാലും ലോകായുക്തയും.

BIJU K, HSA SOCIAL SCIENCE, GHS TUVVUR

- വിജിലൻസ് കമ്മീഷനുകൾ.

## ഇ-ഗവേണൻസ്

-ഇലക്ട്രോണിക് സാങ്കേതിക വിദ്യ ഭരണരംഗത്ത് ഉപയോഗപ്പെടുത്തുന്നതാണ് ഇഗവേണൻസ്.

ഉദാഹരണം:- ഹയർ സെക്കണ്ടറി പ്രവേശനത്തിനുള്ള ഏകജാലക അപേക്ഷ.

- വിവിധ സ്കോളർഷിപ്പുകൾക്കായുള്ള ഓൺലൈൻ അപേക്ഷ.

### ഇ-ഗവേണൻസ് കൊണ്ടുള്ള നേട്ടങ്ങൾ.

- ഗവൺമെന്റ് സേവനങ്ങൾ വേഗത്തിലും എളുപ്പത്തിലും, കുഞ്ഞ ചെലവിലും ലഭ്യമാക്കുന്നതിന് സഹായകമായി.
- വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ സേവനം നേടാം.
- സേവനത്തിനായി സർക്കാർ ഓഫീസിൽ കാത്തു നിൽക്കേണ്ട.
- ഓഫീസുകളുടെ കാര്യക്ഷമതയും സേവനത്തിന്റെ ഗുണമേന്മയും വർധിച്ചു.

### അറിയാനുള്ള അവകാശം

- ഏതൊരു സർക്കാർ സ്ഥാപനത്തിൽനിന്നും അവയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് വിവരങ്ങൾ ലഭിക്കുന്നതിനുള്ള അവകാശമാണ് ഇത്.
- ഈ അവകാശം ലഭ്യമായത് **2005** ലെ വിവരാവകാശ നിയമത്തിലൂടെയാണ്.
- രാജസ്ഥാനിലെ മസ്ദൂർ കിസാൻ ശക്തി സംഘാതൻ എന്ന സംഘടനയുടെ പ്രവർത്തനങ്ങളാണ് വിവരാവകാശ നിയമനിർമ്മാണത്തിലേക്ക് നയിച്ചത്.
- ഇത് രാജ്യത്തെ പൗരന്മാർക്കെല്ലാം വിവരങ്ങൾ അറിയാനുള്ള അവകാശം ഉറപ്പുവരുത്തുന്നു.

### അറിയാനുള്ള അവകാശത്തിന്റെ ലക്ഷ്യം

- അഴിമതി നിയന്ത്രിക്കുക ഉദ്യോഗസ്ഥർക്കിടയിൽ ഉത്തരവാദിത്വ ബോധമുണ്ടാക്കുക.
- പൊതു സ്ഥാപനങ്ങളുടെ കൈവശമുള്ള വിവരങ്ങൾ ആവശ്യപ്പെടുന്ന പക്ഷം പൗരന്മാർക്ക് ലഭ്യമാക്കുക.

### വിവരാവകാശ കമ്മീഷൻ

-വിവരാവകാശ നിയമപ്രകാരമുള്ള അധികാരങ്ങൾ പ്രയോഗിക്കാനും ചുമതലകൾ നിർവഹിക്കാനും കേന്ദ്ര തലത്തിലും, സംസ്ഥാന തലത്തിലും രൂപീകരിച്ചിട്ടുള്ളതാണ് വിവരാവകാശ കമ്മീഷൻ.

-മുഖ്യ വിവരാവകാശ കമ്മീഷണറും പത്തിൽ കവിയാത്ത അംഗങ്ങളും വിവരാവകാശ കമ്മീഷനിലുണ്ട്.

-നാം ആവശ്യപ്പെട്ട വിവരങ്ങൾക്ക് കൃത്യ സമയത്തിനകം മറുപടി തരാതിരിക്കുകയോ, നിരസിക്കുകയോ അപൂർണമോ തെറ്റായതോ തൃപ്തികരമല്ലാത്തതോ ആയ മറുപടി തരുകയോ ആണെങ്കിൽ വിവരാവകാശ കമ്മീഷന് അപ്പീൽ നൽകാം.

-ഇത് ശരിയാണെന്ന് കമ്മീഷന് ബോധ്യപ്പെട്ടാൽ വിവരങ്ങൾ നൽകുന്നതു വരെ ഓരോദിവസം ബന്ധപ്പെട്ട ഉദ്യോഗസ്ഥന് മേൽ **250** രൂപ വീതം പിഴശിക്ഷ ചുമത്താൻ കമ്മീഷന് അധികരമുണ്ട്.

BIJU K.K, HSA SOCIAL SCIENCE, GHS TUVVUR

**സേവനാവകാശ നിയമം.**

-സർക്കാർ സേനങ്ങൾ കൃത്യമായും ഉറപ്പായും ജനങ്ങൾക്ക് ലഭ്യമാക്കാൻ അവസരമൊരുക്കുന്ന നിയമമാണ്  സേവനാവകാശ നിയമം.

-ഓരോ സർക്കാർ ഓഫീസുകളും നൽകുന്ന സേവനങ്ങൾ എത്ര കാലപരിധിക്കുളിൽ നൽകണമെന്ന് ഈ നിയമം അനുശാസിക്കുന്നു.

-അർഹതപ്പെട്ട സേവനങ്ങൾ നിശ്ചിതകാലത്തിനകം പൗരന് നൽകിയില്ലെങ്കിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ പിഴ ഒടുക്കണം.

-സേവനാവകാശ നിയമപ്രകാരം എല്ലാ ഓഫീസുകളിലും അപേക്ഷകർക്ക് മാർഗനിർദേശം നൽകുന്നതിനും സഹായിക്കുന്നതിനും ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്.

**ലോക്പാൽ, ലോകായുക്ത .**

-ഭരണ തലത്തിലും ഉദ്യോഗസ്ഥ തലത്തിലും രാഷ്ട്രീയ തലത്തിലുമുള്ള അഴിമതി തടയുന്നതിന് രൂപം നൽകിയിരിക്കുന്ന സ്ഥാപനങ്ങൾ ആണ്

-ലോക്പാൽ ദേശീയതലത്തിലും, ലോകായുക്ത സംസ്ഥാന തലത്തിലും പ്രവർത്തിക്കുന്നു.

-പൊതുപ്രവർത്തകർക്കെതിരെയും ഉദ്യോഗസ്ഥർക്കെതിരെയും ഉന്നയിക്കപ്പെടുന്ന അഴിമതികളിൽ കേസെടുത്ത് അന്വേഷിക്കാനും നടപടികൾ നിർദ്ദേശിക്കാനും ഈ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്.

**സെൻട്രൽ വിജിലൻസ് കമ്മീഷൻ**

-അഴിമതി തടയുന്നതിന് ദേശീയ തലത്തിൽ രൂപം നൽകി.

-1964 ൽ നിലവിൽ വന്നു.

-കേന്ദ്ര ഗവൺമെന്റ് ഓഫീസുകളിലെ അഴിമതി തടയുന്നതിന് വേണ്ടി രൂപം നൽകി.

-സെൻട്രൽ വിജിലൻസ് കമ്മീഷന്റെ തലപ്പത്ത് ഒരു വിജിലൻസ് കമ്മീഷണർ ഉണ്ട്.

-എല്ലാ വകുപ്പുകളിലും മുഖ്യ വിജിലൻസ് ഓഫീസറും പ്രവർത്തിക്കുന്നുണ്ട്.

-വിജിലൻസ് കേസുകളിൽ അന്വേഷണം നടത്തി ആവശ്യമായ നടപികൾ കൈക്കൊള്ളുകയാണ് കമ്മീഷന്റെ ചുമതല.

**സംസ്ഥാന വിജിലൻസ് കമ്മീഷൻ**

-സംസ്ഥാന ഗവൺമെന്റ് ഓഫീസുകളിലെ അഴിമതിയെക്കുറിച്ച് അന്വേഷിച്ച് നടപടിയെടുക്കുകയാണ് സംസ്ഥാന വിജിലൻസ് കമ്മീഷന്റെ ചുമതല.

-വിജിലൻസ് കേസുകളിൽ തീർപ്പു കൽപ്പിക്കുന്നതിന് വിജിലൻസ് കോടതികൾ നിലവിലുണ്ട്.

**ഓംബുഡ്സ്മാൻ**

-പൊതുഭരണത്തിന്റെ ഭാഗമായ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ അഴിമതിയോ, സ്വജനപക്ഷപാതമോ, ധനദുർവിനിയോഗമോ, ചുമതലകളിൽ വീഴ്ച്ചയോ നടത്തിയാൽ അതിനെതിരെ പരാതി നൽകാനുള്ള സംവിധാനമാണ് ഓംബുഡ്സ്മാൻ.

-സർവീസിൽ നിന്നു വിരമിച്ച ഹൈക്കോടതി ജഡ്ജിയെയാണ് ഓംബുഡ്മാനായി നിയമിക്കുന്നത്.

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

-ജനങ്ങൾക്ക് നേരിട്ട് പരാതിയുമായി ഓംബുഡ്സ്മാനെ സമീപിക്കാം.
-പരാതി ലഭിച്ചാൽ ആരെയും വിളിച്ച് വരുത്തി അന്വേഷണം നടത്താനും നടപടി ശുപാർശ ചെയ്യാനും ഓംബുഡ്സ്മാന് അധികാരമുണ്ട്.
-ബാങ്കിങ് രംഗത്ത് ഇടപാടുകാരുടെ പരാതി കേൾക്കാനും പരിഹരിക്കാനുമാണ് ഓംബുഡ്സ്മാൻ ആരംഭിച്ചത്.

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

# ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പും SS1-4

### ബ്രിട്ടീഷുകാർ  ഇന്ത്യയിൽ ആധിപത്യം നേടിയതിന് ശേഷം

-കച്ചവടത്തിന് വന്ന ബ്രിട്ടീഷുകാർ സൈനിക ശക്തിയിലൂടെയും നയതന്ത്രത്തിലൂടെയുമാണ് ഇന്ത്യയിലെ നാട്ടുരാജ്യങ്ങളെ കീഴടക്കിയത്.

- 1757 ലെ പ്ലാസി യുദ്ധം മുതൽ 1857 ലെ ഒന്നാം സ്വാതന്ത്ര്യ സമരം വരെയുള്ള നൂറ് വർഷങ്ങളിൽ ഇന്ത്യയിൽ ബ്രിട്ടീഷ് ആധിപത്യം സജീവമാവുകയും ഏകദേശം 63 % പ്രദേശങ്ങളും ബ്രിട്ടീഷ് കോളനികളാവുകയും ചെയ്തു.

-ഇതോടെ എല്ലാ മേഖലകളിലും ചൂഷണം ശക്തമായി.

-കർഷകർ, ഗോത്ര ജനതാ തൊഴിലാളികൾ, സൈനികർ എന്നിവരെല്ലാം അധീനതയിലായി.

### ബ്രിട്ടീഷ് നയങ്ങളുടെ പ്രത്യാഘാതങ്ങൾ

-ബ്രിട്ടീഷ് ആധിപത്യത്തിന്റെ ദുരിതം ആദ്യം അനുഭവിച്ചത് കർഷകരായിരുന്നു.

-ബ്രിട്ടീഷുകാർ നടപ്പാക്കിയ ഭൂനികുതി നയങ്ങളായിരുന്നു കർഷകരുടെ നട്ടെല്ലൊടിച്ചത്.

-പരമാവധി വരുമാനമുണ്ടാക്കുക എന്നതായിരുന്നു നികുതിനയത്തിന്റെ ലക്ഷ്യം.

-ബ്രിട്ടീഷ് ഭരണത്തിനു കീഴിലുള്ള വിവിധ പ്രദേശങ്ങളിൽ വ്യത്യസ്ത നികുതി സമ്പ്രദായങ്ങളാണ് നടപ്പിലാക്കുയത്.

### ശാശ്വത ഭൂനികുതി വ്യവസ്ഥ

-ബംഗാൾ, ബിഹാർ, ഒറീസ എന്നീപ്രദേശങ്ങളിൽ നടപ്പിലാക്കി.

-നികുതി പിരിച്ചിരുന്നത് സെമീന്ദാർമാർ.

-നികുതി പിരിക്കുന്ന പ്രദേശത്തിന്റെ ഉടമസ്ഥൻ സമീന്ദാർ ആയിരുന്നു.

-യഥാർഥ കർഷകർ കുടിയാൻമാരായിമാറി.

-വിളവിന്റെ 60 % വരെ നികുതിയായി നൽകണമായിരുന്നു.

-വിളവ് മോശമായാലും നികുതി നൽകണം.

-നിശ്ചിത തീയതിയിൽ നികുതി പണമായി നൽകണം.

-കോൺവാലീസ് പ്രഭു നടപ്പിലാക്കി.

### റയട്ടവാരി സമ്പ്രദായം

-ദക്ഷിണേന്ത്യൻ പ്രദേശങ്ങളിൽ നടപ്പിലാക്കി.

-കർഷകരിൽ നിന്ന് നേരിട്ട് നികുതി പിരിച്ചു.

-ഭൂമിയുടെ ഉടമസ്ഥൻ കർഷകൻ ആയിരുന്നു.

-നികുതി നിരക്ക് ഇടക്കിടക്ക് വർദ്ധിപ്പിച്ചിരുന്നു.

### മഹൽവാരി വ്യവസ്ഥ

-വടക്ക പടിഞ്ഞാറൻ ഇന്ത്യയിൽ നടപ്പിലാക്കി.

-ഗ്രാമത്തലവന്മാർ നികുതി പിരിച്ചു.

-ഒരു ഗ്രാമത്തെ (മഹൽ) ഒരു യൂണിറ്റായി കണക്കാക്കി നികുതി പിരിച്ചു.

BIJU K.K, HSA SOCIAL SCIENCE, GHS TUVVUR

-വില്യം ബെൻറിക്ക് കൊണ്ടുവന്നു.

**ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പിലാക്കിയ ഭൂനികുതി നയത്തിന്റെ പ്രത്യാഘാതങ്ങൾ (ബ്രിട്ടീഷുകാരുടെ നികുതി നയങ്ങൾ എങ്ങനെയാണ് കർഷകരെ കൊള്ളപ്പലിശക്കാരുടെ ചൂഷണത്തിലേക്ക് തള്ളിവിട്ടത്?)**

-ഉയർന്ന നികുതി ശിശ്ചിത തീയതിയിൽ പണമായി അടയ്ക്കാൻ കഴിയാതെ വന്ന കർഷകർക്ക് കൊള്ളപ്പലിശക്കാരിൽ നിന്നും പണം കടം വാങ്ങേണ്ടിവന്നു.
-കൃഷിയിടം പണയപ്പെടുത്തിയാണ് അവർ കടംവാങ്ങിയത്
-ഉയർന്ന പലിശ നിരക്കായിരുന്നു കർഷകരിൽ നിന്ന് ഈടാക്കിയത്
-കടവും പലിശയും അടയ്ക്കാൻ കഴിയാതെവന്ന കർഷകരുടെ ഭൂമി കൊള്ളപ്പലിശക്കാർ കൈക്കലാക്കി.

**കൃഷിയുടെ വാണിജ്യവത്കരണം**

-കർഷകർ നേരിട്ട മറ്റൊരു പ്രശ്നം കൃഷിയുടെ വാണിജ്യവത്കരണം ആയിരുന്നു.
-തന്റെ കുടുംബത്തിന്റെയും ഗ്രാമത്തിന്റെയും ആവശ്യത്തിന് കൃഷി ചെയ്തിരുന്ന കർഷകർ ബ്രിട്ടീഷ് ഭരണകാലത്ത് വിപണി ലക്ഷ്യമാക്കി കൃഷി ചെയ്തു.
-ഭക്ഷ്യ വിളകൾക്ക് പകരം നാണ്യ വിളകൾ കൃഷി ചെയ്തു.
-ഈ മാറ്റമാണ് കൃഷിയുടെ വാണിജ്യ വൽക്കരണം.
-ഉയർന്ന നികുതി പണമായി, നിശ്ചയിക്കപ്പെട്ട തീയതിയിൽ തന്നെ നൽകേണ്ട സാഹചര്യം നേരിടാൻ കർഷകർ വിപണിയിൽ കൂടുതൽ വില ലഭിക്കുന്ന ഉൽപ്പന്നങ്ങൾ കൃഷി ചെയതു.
-യൂറോപ്യൻ രാജ്യങ്ങൾക്കാവശ്യമായ ഉൽപ്പന്നങ്ങൾക്കായിരുന്നു വിപണിയിൽ ഉയർന്ന വില.
-ഇതോടെ ഇന്ത്യൻ കൃഷിയിടങ്ങൾ യൂറോപ്പിനായി കൃഷി ചെയ്യാൻ തുടങ്ങി.

**നീലം കർഷകർ അനുഭവിച്ച ദുരിതങ്ങൾ**

-തുണികൾക്ക് നിറം നൽകാൻ നീലം ആണ് ഉപയോഗിച്ചിരുന്നത്.
-പതിനെട്ടാം നൂറ്റാണ്ടിലെ വ്യവസായ വിപ്ലവത്തോടെ തുണി നിർമാണം വർദ്ധിക്കുകയും നീലത്തിന്റെ ആവശ്യം കൂട്ടുകയും ചെയ്തു.
-ഇന്ത്യയിൽ നീലം കൃഷി വ്യാപകമാക്കേണ്ടത് ബ്രിട്ടീഷ് വ്യവസായികളുടെ ആവശ്യമായിരുന്നു.
-കർഷകർക്ക് വലിയ തുക മുൻകൂർ ആയി നൽകി ബ്രിട്ടീഷുകാർ അവരുടെ ഏറ്റവും ഫലഭൂയിഷ്ഠമായ ഭൂമിയിൽ നീലം കൃഷിക്ക് പ്രേരിപ്പിച്ചു.
-എന്നാൽ ഇങ്ങനെ ഭക്ഷ്യ ധാന്യങ്ങൾക്ക് പകരം നീലം കൃഷി ആരംഭിച്ച കർഷകർക്ക് വിളവെടുപ്പിന്റെ സമയത്ത് ബ്രിട്ടീഷുകാരുടെ ഇടപെടൽ മൂലം കുറഞ്ഞ വില മാത്രമാണ് ലഭിച്ചത്. -കൃത്രിമച്ചായങ്ങൾ കണ്ടെത്തിയതോടെ നീലത്തിന്റെ ആവശ്യം കുറയുകയും ഈ കർഷകർ ദുരിതത്തിലാവുകയും ചെയ്തു.

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

**നീലം കർഷകരുടെ കലാപം**

-നീലംകർഷകർ അനുഭവിച്ച ദുരിതങ്ങൾക്കും ചൂഷണങ്ങൾക്കും എതിരെ കർഷകരെ കലാപത്തിന് പ്രേരിപ്പിച്ചു

-1859 ൽ ബംഗാളിൽ കർഷകർ സംഘടിച്ച് നീലം കൃഷി ഉപേക്ഷിക്കുകയാണെന്ന് പ്രഖ്യാപിച്ചു.

-അമ്പും വില്ലും വാളും കുന്തവുമായി കലാപകാരികൾ നിലം ഫാക്ടറികൾ ആക്രമിച്ചു

-സ്ത്രീകൾ സജീവമായി പങ്കെടുത്ത ഈ സമരത്തിന് നഗരങ്ങളിലെ വിദ്യാസമ്പന്നരുടെ പിന്തുണ ലഭിച്ചിരുന്നു.

-ഈ വിഷയം പഠിക്കാൻ ബ്രിട്ടീഷുകാർ ഒരു കമ്മീഷനെ നിയമിച്ചു.

-ലാഭകരമല്ലാത്തതിനാൽ നീലം കൃഷി അവസാനിപ്പിക്കാൻ കമ്മീഷൻ നിർദേശിച്ചു.

**കേരളത്തിൽ നടന്ന കർഷക കലാപങ്ങൾ**

-ബ്രിട്ടീഷുകാരുടെയും ജന്മിമാരുടെയും ചൂഷണവും അടിച്ചമർത്തലുമായിരുന്നു കലാപത്തിന്റെ കാരണം .

-ബ്രിട്ടീഷുകാർ ഭൂവുടമകളായി കണക്കാക്കിയത് ജന്മിമാരെ ആയിരുന്നു.

-ഇവരുടെ ഭൂമി പാട്ടത്തിനെടുത്ത പാട്ടക്കുടിയാന്മാർ വലിയ അടിച്ചമർത്തലുകൾ നേരിട്ടു.

-തെക്കെ മലബാറിലെ കർഷകർ ഭൂരിഭാഗവും മാപ്പിളമാർ ആയിരുന്നു.

-പത്തൊൻപതാം നൂറ്റിണ്ടിലെ കലാപങ്ങൾ മാപ്പിള കലാപങ്ങൾ എന്നും അറിയപ്പെടുന്നു.

-കർഷക കലാപങ്ങളെ അടിച്ചമർത്താൻ ബ്രിട്ടീഷുകാർ രൂപീകരിച്ച പോലീസ് സേനയായിരുന്നു മലബാർ സ്പെഷ്യൽ പോലീസ്. (MSP) ..

-ഈ കലാപങ്ങളെ കുറിച്ച് പഠിക്കാൻ ബ്രിട്ടീഷുകാർ നിയമിച്ച കമ്മീഷൻ വില്യം ലോഗൻ കമ്മീഷൻ, ബ്രിട്ടീഷുകാരുടെ തെറ്റായ ഭൂനികുതി നയമാണ് കലാപങ്ങളുടെ കാരണമെന്ന് കണ്ടെത്തി.

**ബ്രിട്ടീഷുകാർക്കെതിരെ പോരാടാൻ ഗോത്ര ജനതയെ പ്രേരിപ്പിച്ച ഘടകങ്ങൾ ഏവ?**

-വന വിഭവങ്ങൾ ശേഖരിക്കൽ , കന്നുകാലി വളർത്തൽ , പുനം കൃഷി , വേട്ടയാടൽ എന്നിവയായിരുന്നു ഗോത്ര വർഗക്കാരുടെ പ്രധാന ജീവിത മാർഗങ്ങൾ.

-ബ്രിട്ടീഷുകാർ വന നിയമങ്ങൾ നടപ്പിലാക്കുക വഴി ഗോത്രജനത കാടുകളിലേക്ക് പ്രവേശിക്കുന്നത് തടഞ്ഞു.

-കപ്പൽ നിർമാണം റെയിൽ നിർമാണം തോട്ട വ്യവസായങ്ങൾ എന്നിവയ്ക്ക് വേണ്ടി വനങ്ങൾ വ്യാപകമായി ബ്രിട്ടീഷുകാർ നശിപ്പിച്ചു.

-ഗോത്രജനത ശേഖരിച്ചിരുന്ന വനവിഭവങ്ങളുടെ മേൽ ബ്രിട്ടീഷുകാർ ഉയർന്ന നികുതി ചുമത്തി.

-ഇതോടെ കാടുകളെ ആശ്രയിച്ചു ജീവിച്ചിരുന്ന ഗോത്രജനതയുടെ ജീവിതം വഴിമുട്ടുകയും അവർ ബ്രിട്ടീഷുകാർക്കെതിരെ പോരാടുകയും ചെയ്തു.

**സാന്താൾ കലാപം**

-1855 ൽ ബംഗാൾ,ഝാർഖണ്ഡ് , ബിഹാർ പ്രദേശങ്ങളിൽ നടന്നു.

BIJU K K HSA SOCIAL SCIENCE GHS TUVVUR

-ബംഗാൾ ജാർഖണ്ഡ് ബിഹാർ സംസ്ഥാനങ്ങളിലായി രാജ്മഹൽ കുന്നുകളുടെ താഴ്വരയിൽ ജീവിച്ച ഗോത്ര ജനതയായിരുന്നു സാന്താൾമാർ.
-ഇവർ വനവിഭവങ്ങൾ ശേഖരിച്ചും കൃഷിചെയ്തും പ്രകൃതിയോട് ഇണങ്ങി ജീവിച്ചു പോകുന്നു.
-കരുത്തരും അദ്ധ്വാനശീലരും തനതായ സംസ്കാരവും ഉള്ളവരുമായിരുന്നു ഇവർ.
-ബ്രിട്ടീഷ് ആധിപത്യം സ്ഥാപിച്ചതോടെ സാന്താൾ ജനതയുടെ ജീവിതത്തിൻറെ താളം നഷ്ടമായി.
-സമീന്ദാർമാരും കൊള്ളപ്പലിശക്കാരും അവരുടെ ഭൂമി കയ്യടക്കി.
-റെയിൽവേ നിർമ്മാണത്തിനുവേണ്ടി സാന്താൾ ജനതയെ അടിമകളെപ്പോലെ ബ്രിട്ടീഷ് ഉദ്യോഗസ്ഥർ ജോലി ചെയ്യിച്ചു.
-ജീവിതം ഗതിമുട്ടിയ സാന്താൾ ജനത സിദ്ധുവിന്റെയും കാനുവിന്റെയും നേതൃത്വത്തിൽ ആയുധമെടുത്ത് ബ്രിട്ടീഷുകാർക്കെതിരെ പോരാടി.

**ബ്രിട്ടീഷ് ചൂഷണങ്ങൾക്കെതിരെ കുറിച്യർ നടത്തിയ കലാപത്തെക്കുറിച്ച് വ്യക്തമാക്കുക**
-വയനാട്ടിലെ ഗോത്ര ജനതയായ കുറിച്യരും, കുറുമ്പ്രരുമാണ് 1812- ൽ ബ്രിട്ടീഷുകാർക്കെതിരെ കലാപം നടത്തിയത്.
-ബ്രിട്ടീഷുകാർ അമിതമായി നികുതി ചുമത്തിയത്.
-നികുതി പണമായി അടക്കണമെന്ന് നിർബന്ധിച്ചത്.
-നികുതി അടയ്ക്കാൻ കഴിയാത്തവരുടെ കൃഷിഭൂമി ബ്രിട്ടീഷുകാർ പിടിച്ചെടുത്തത് എന്നിവയെല്ലാം കലാപത്തിന് കാരണമായി.
-കുറിച്ച്യ നേതാവായ രാമൻ നമ്പിയുടെ നേതൃത്വത്തിലായിരുന്നു കലാപം നടന്നത്.
-രാമൻ നമ്പിയെ ബ്രിട്ടീഷുകാർ പിടികൂടി വധിച്ചു.

**ഇന്ത്യയിലെ മറ്റു ഗോത്രകലാപങ്ങൾ**

| | |
|---|---|
| -പഹാരിയ കലാപം | - ഹിമാചൽപ്രദേശ് |
| -കോൾ കലാപം | - ഛോട്ടാനാഗ്പൂർ |
| -ഖാസി കലാപം | - മേഘാലയ |
| -ഭീൽ കലാപം | - വടക്ക്പടിഞ്ഞാറൻ ഇന്ത്യ |
| -മുണ്ട കലാപം | - ഝാർഖണ്ഡ് |

**ഇന്ത്യയിലെ ഗോത്രകലാപങ്ങളെക്കുറിച്ച് ചരിത്രകാരനായ കെ.സുരേഷ് സിങ്ങ് പറഞ്ഞതെന്ത്?**

"കർഷകരുൾപ്പെടെയുള്ള ഏത് ജനവിഭാഗങ്ങളെക്കാളും തീവ്രവും നിരന്തരവും ആക്രമണോത്സുകവുമായ ബ്രിട്ടീഷ് വിരുദ്ധ സമരങ്ങളായിരുന്നു നിരക്ഷരരായ ഗോത്ര ജനത നടത്തിയത് "

**ഇന്ത്യൻ തുണി വ്യവസായത്തിന്റെ തകർച്ച – കാരണങ്ങൾ – ഫലങ്ങൾ**
-യന്ത്രനിർമ്മിത ബ്രിട്ടീഷ് തുണിത്തരങ്ങൾ വൻതോതിൽ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തതോടെ ഇന്ത്യൻ തുണിത്തരങ്ങൾക്ക് ആവശ്യം കുറഞ്ഞത്.
-റെയിൽവേയുടെ വികസനം അസംസ്കൃത വസ്തുക്കൾ ശേഖരിക്കാനും  തുണിത്തരങ്ങൾ ഗ്രാമങ്ങളിൽ പോലും എത്തിക്കാനും ബ്രിട്ടീഷുകാരെ സഹായിച്ചു.
-ഇതോടെ ഗ്രാമങ്ങളിലെ വിപണി നഷ്ടമായത്.

BIJU K.K. HSA SOCIAL SCIENCE, GHS TUVUR

-ബ്രിട്ടനിലേക്ക് കയറ്റുമതി ചെയ്തിരുന്ന ഇന്ത്യൻ തുണിത്തരങ്ങൾക്ക് ബ്രിട്ടീഷ് ഗവണ്മെന്റ് ഉയർന്ന നികുതി ചുമത്തിയത്.

-അതോടെ  ബ്രിട്ടീഷ് വിപണി ഇന്ത്യൻ തുണിത്തരങ്ങൾക്ക് നഷ്ടമായത്.

-ബ്രിട്ടീഷ് ഉദ്യോഗസ്ഥരുടെ ചൂഷണവും, പീഡനവും തൊഴിലാളികളെ നെയ്ത്ത് ഉപേക്ഷിക്കാൻ നിർബന്ധിതരാക്കിയത്.

-കുറഞ്ഞ വിലക്ക് ഉൽപ്പന്നങ്ങൾ കൈമാറാനും കുറഞ്ഞകൂലിക്ക് ജോലി ചെയ്യാനും ബ്രിട്ടിഷുകാർ തൊഴിലാളികളെ നിർബന്ധിപ്പിച്ചത്.

**ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ ഇന്ത്യയിലെ തുണി വ്യവസായത്തിന്റെ തകർച്ചയുടെ ഫലങ്ങൾ എന്തെല്ലാം?**

-നെയ്ത്ത് തൊഴിലാളികൾ മറ്റു ജോലികൾ തേടിപ്പോയി.

-മുർഷിദാബാദ് ധാക്ക തുടങ്ങിയ തുണിത്തര നിർമാണ നഗരങ്ങൾ തകർന്നു.

-നഗരങ്ങളിൽ തുണി നിർമ്മാണത്തിൽ ഏർപ്പെട്ടിരുന്നവർ    ഗ്രാമങ്ങളിലെത്തി കൃഷിപ്പണിയിലേക്കു തിരഞ്ഞു.

-കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവരുടെ എണ്ണം കൂടി.

-കൃഷിഭൂമി ചെറിയ തുണ്ടുകളായി മാറി.

-ഇതോടെ കാർഷികമേഖലയിൽ ഉൽപ്പാദനം മുരടിച്ചു.

**ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ തകർന്ന വ്യവസായങ്ങൾ**

മൺപാത്ര നിർമ്മാണം - അലുമിനിയം പാത്രങ്ങളുടെ ഇറക്കുമതി

മരപ്പണി - ലോഹ നിർമിത യന്ത്രങ്ങളുടെ ഉപയോഗം

തുകൽപ്പണി - അസംസ്കൃത വസ്തുവായ തുകലിന്റെ യൂറോപ്പിലേക്കുള്ള കയറ്റുമതി

തുണി വ്യവസായം – യന്ത്രനിർമ്മിത ബ്രിട്ടീഷ് തുണിത്തരങ്ങൾ വൻതോതിൽ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തത്.

**കാർഷിക മേഖലയുടെയും കരകൗശല വ്യവസായത്തിന്റെയും തകർച്ചയുടെ ഫലമെന്ത്?**

-ഇന്ത്യയെ ക്ഷാമങ്ങളിലേക്കും പട്ടിണിയിലേക്കും തള്ളിവിട്ടു.

-ക്ഷാമത്താൽ ലക്ഷക്കണക്കിനാളുകൾ മരണമടഞ്ഞു.

**ഇന്ത്യയിൽ ബ്രിട്ടീഷുകാർ ആരംഭിച്ച ആധുനിക വ്യവസായങ്ങൾ**

-തോട്ടം വ്യവസായങ്ങൾ, തുണി, ചണം, ഇരുമ്പുരുക്ക്,പേപ്പർ.

**ആധുനിക വ്യവസായ മേഖലയിലെ തൊഴിലാളികൾ നേരിട്ട പ്രശ്നങ്ങൾ**

-മണിക്കൂറുകൾ നീണ്ടു നിൽക്കുന്ന ജോലിസമയം.

-കറഞ്ഞ കൂലി.

-അനാരോഗ്യകരമായ താമസസൗകര്യം.

BIJU K, HSA SOCIAL SCIENCE, GHS TUVVUR

**ബ്രിട്ടീഷ് ചൂഷണങ്ങൾക്കെതിരായി ഇന്ത്യയിലെ തൊഴിലാളികൾ നടത്തിയ സമരങ്ങൾ.**

-ബോംബെയിലെ തുണിമിൽ തൊഴിലാളികൾ നടത്തിയ സമരം.

-കൽക്കത്തയിലെ ചണമിൽ തൊഴിലാളികളുടെ സമരം.

**1857 ലെ ഒന്നാം സ്വാതന്ത്ര്യ സമരം**

-ബ്രിട്ടീഷുകാർക്കെതിരെ നടന്ന ആദ്യത്തെ സംഘടിത കലാപം. പ്രാദേശികമായി ഒതുങ്ങി നിൽക്കാതെ, ബ്രിട്ടീഷ് ഭരണത്തിൽ അസംതൃപ്തരായ രാജാക്കന്മാരും, കർഷകരും, സൈനികരും, കരകൗശല തൊഴിലാളികളും ഒന്നിച്ച് നടത്തിയ ഈ കലാപം ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യ സമരം എന്നറിയപ്പെടുന്നു.

**കാരണങ്ങൾ**

-സൈനികരുടെ അസംതൃപ്തി. -രാജാക്കന്മാരുടെ അസംതൃപ്തി.

-കർഷകരുടെയും ദുരിതം.

-കരകൗശല തൊഴിലാളികളുടെ ദാരിദ്ര്യം.

**സൈനികരുടെ അസംതൃപ്തി**

-തുച്ഛമായ ശമ്പളം.

-ബ്രിട്ടീഷ് ഉദ്യോഗസ്ഥരിൽ നിന്നും നേരിട്ട അവഹേളനം.

-പശുവിന്റെയും പന്നിയുടെയും കൊഴുപ്പ് പുരട്ടിയതെന്ന് കരുതുന്ന മതവികാരം വ്രണപെടുത്തിയ തിര ഉപയോഗിച്ച് പുതിയ എൻഫീൽഡ് തോക്ക് ഉപയോഗിക്കാൻ സൈനികരെ നിർബന്ധിപ്പിച്ചത്.

-ബംഗാളിലെ ബാരക്ക്പൂരിൽ മംഗൽ പാണ്ഡെ എന്ന സൈനികൻ പുതിയ തിര ഉപയോഗിക്കാൻ നിർബന്ധിച്ച ബ്രിട്ടീഷ് ഉദ്യോഗസ്ഥനനേരെ വെടിയുതിർത്തതോടെ ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യ സമരം ആരംഭിച്ചു.

**രാജാക്കന്മാരുടെ അസംതൃപ്തി.**

-ദത്തവകാശ നിരോധന നിയമത്തിലൂടെ നാട്ടുരാജ്യങ്ങൾ ബ്രിട്ടീഷുകാർപിടിച്ചെടുത്തത്.

-ദുർഭരണം ആരോപിച്ച് നാട്ടുരാജ്യങ്ങൾ ബ്രിട്ടീഷുകാർ പിടിച്ചെടുത്തത്.

**1857-ലെ കലാപത്തിലെആദ്യത്തെ രക്തസാക്ഷി** -മംഗൽ പാണ്ഡെ

**1857-ലെ കലാപത്തിന് നേതൃത്വം നൽകിയവർ**

ബഹദൂർഷാ രണ്ടാമൻ - ഡൽഹി,

റാണിലക്ഷ്മിഭായി - ഝാൻസി,

ബീഗം ഹസ്റത് മഹൽ - ലക്നൗ,

കാൺപൂർ - നാനാ സാഹേബ്, താന്തിയാതോപ്പി.

**1857-ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തിന്റെ സവിശേഷതകൾ**

-രാജാക്കൻമാർ, ശിപായിമാർ, കർഷകർ, കരകൗശല തൊഴിലാളികൾ, സാധാരണക്കാർ എന്നിവരുടെ പങ്കാളിത്തം

-ഹിന്ദു -മുസ്ലിം ഐക്യം.

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

-ഡൽഹി പിടിച്ചെടുത്ത കലാപകാരികൾ ബഹദൂർ ഷാ രണ്ടാമനെ ചക്രവർത്തിയായി പ്രഖ്യാപിച്ചു.
-ബ്രിട്ടീഷുകാരെയും കൊള്ളപ്പലിശക്കാരെയും ആക്രമിച്ചു.
-കണക്കു പുസ്തകങ്ങൾ തീയിട്ടു.

**1857-ലെ കലാപത്തിന്റെ ഫലങ്ങൾ**
-ലക്ഷക്കണക്കിന് കലാപകാരികൾ കൊല്ലപ്പെട്ടു.
-ബ്രിട്ടീഷുകാർ കലാപത്തെ പൂർണമായും അടിച്ചമർത്തി.
-ഇന്ത്യയുടെ ഭരണം ഇംഗ്ളീഷ് ഈസ്ററ് ഇന്ത്യാ കമ്പനിയുടെ കയ്യിൽ നിന്നും ബ്രിട്ടീഷ് ഗവണ്മെന്റ് ഏറ്റെടുത്തു.
-സാമ്പത്തിക ചൂഷണം ശക്തമായി.
-24 വൻ ക്ഷാമങ്ങളിലായി 2 കോടിയോളം ആളുകൾ മരണപ്പെട്ടു.

**ഇന്ത്യയിൽ ദേശീയതയുടെ വളർച്ച**
-ജാതി-മത-വർഗ-പ്രാദേശിക വ്യത്യാസങ്ങൾ ഇല്ലാതെ ഒരു രാജ്യത്തെ ജനങ്ങൾക്കിടയിൽ നിലനിൽക്കുന്ന ഐക്യബോധമാണ് ദേശീയത.
-ബ്രിട്ടീഷുകാർ നടത്തിയ സാമ്പത്തിക ചൂഷണം ഇന്ത്യയിലെ വിവിധ വിഭാഗങ്ങൾക്കിടയിൽ കടുത്ത ബ്രിട്ടീഷ് വിരുദ്ധമനോഭാവം വളർത്തിയതോടെ ഇന്ത്യയിൽ ദേശീയത വളർന്നു വരാൻ തുടങ്ങി
-ഇതിന്റെ ഫലമായി 1885 ഡിസംബറിൽ ബോംബയിൽ വെച്ച് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് നിലവിൽ വന്നു.
-ഇന്ത്യയുടെ വിവധ ഭാഗങ്ങളിൽ നിന്നുമുള്ള 72 പ്രതിനിധികൾ രൂപീകരണസമ്മേളനത്തിലി പങ്കെടുത്തു.
-ഇതോടെ ദേശീയതക്ക് ഒരു സംഘടിത രൂപം ഉണ്ടായി.
-1885 മുതൽ 1947-ൽ ഇന്ത്യ സ്വാതന്ത്ര്യം നേടുന്നതുവരെ ബ്രിട്ടീഷ് വിരുദ്ധ സമരങ്ങൾക്ക് നേതൃത്വം വഹിച്ചത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണ്.

**ദാദാഭായ് നവറോജി**
-ബ്രിട്ടീഷ് കാലഘട്ടത്തിൽ ഇന്ത്യൻ സമ്പദ്വ്യവസ്ഥയിലുണ്ടായ തകർച്ചയെക്കുറിച്ച് സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് പഠനം നടത്തിയ വ്യക്തിയാണ് ദാദാഭായ് നവറോജി.
-ഇന്ത്യയിലെ ദാരിദ്ര്യത്തിന്റെയും പട്ടിണിയുടെയും കരണങ്ങളെക്കുറിച്ച് ചോർച്ചാ സിദ്ധാന്തം എന്നറിയപ്പെടുന്ന തന്റെ നിഗമനങ്ങളെ കുറിച്ച് അദ്ദേഹം പോവർട്ടി ആൻറ് അൺ ബ്രിട്ടീഷ് റൂൾ ഇൻ ഇന്ത്യ എന്ന പുസ്തകത്തിൽ പ്രതിപാദിച്ചു.

**ചോർച്ചാസിദ്ധാന്തപ്രകാരം ഇന്ത്യൻ സമ്പത്ത് ബ്രിട്ടനിലേക്ക് ചോർന്നത് എങ്ങിനെയെല്ലാമാണെന്നാണ് ദാദാഭായ് നവറോജി കണ്ടെത്തിയത് ?**
-ഇന്ത്യയിൽ നിന്നുമുള്ള അസംസ്കൃതവസ്തുക്കളുടെ കയറ്റുമതി.
-ഇന്ത്യയിലെ ബ്രിട്ടീഷ് ഉദ്യോഗസ്ഥർക്ക് നൽകുന്ന ശമ്പളവും പെൻഷനും.
-ഇന്ത്യയിൽ ബ്രിട്ടീഷ് ഉൽപ്പന്നങ്ങൾ വിറ്റഴിക്കുക വഴി അവർക്ക് ലഭിച്ച ലാഭം.
-ഇന്ത്യയിൽ നിന്നും പിരിച്ചെടുക്കുന്ന നികുതി.

BIJU K, HSA SOCIAL SCIENCE, GHS TUVVUR

**ബ്രിട്ടീഷ് ചൂഷണങ്ങളെങ്ങനെ ഇന്ത്യയെ ദരിദ്രമാക്കുന്നു എന്ന് ജനങ്ങൾക്കിടയിൽ തുറന്ന് കാട്ടിയ നേതാക്കൻമാർ?**

-രമേശ് ചന്ദ്ര ദത്ത്

-ഗോപാല കൃഷ്ണഗോഖലെ

-ദാദാഭായ് നവറോജി

**എന്താണ് സാമ്പത്തിക ദേശീയത?**

-തങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങൾക്കും, ദാരിദ്ര്യത്തിനും കാരണം ബ്രിട്ടീഷുകാരുടെ സാമ്പത്തിക ചൂഷണങ്ങളുടെ ഫലമാണെന്ന തിരിച്ചറിവ് ദേശീയതയുടെ വളർച്ചക്ക് കാരണമായി.

-ഇത്തരത്തിൽ വളർന്നു വന്ന ദേശീയതയെ ചരിത്രകാരന്മാർ സാമ്പത്തിക ദേശീയത എന്ന് വിശേഷിപ്പിക്കുന്നു.

**സ്വദേശി പ്രസ്ഥാനം-സവിശേഷതൾ**

-സാമ്പത്തിക ചോർച്ച തടയാൻ ബ്രിട്ടീഷ് ഉത്പന്നങ്ങൾ ബഹിഷ്കരിക്കാനും ഇന്ത്യൻ ഉൽപ്പന്നങ്ങൾ ഉപയോഗിക്കാനും ദേശീയ നേതാക്കന്മാർ ആഹ്വാനം ചെയ്തു.

-1905 ൽ ബ്രിട്ടീഷുകാർ ബംഗാളിനെ വിഭജിച്ചതിനെതിരെ ആരംഭിച്ച സമരത്തിന്റെ പ്രധാന രീതി ബ്രിട്ടീഷ് ഉൽപ്പനങ്ങളുടെ ബഹിഷ്കരണവും തദ്ദേശീയ വസ്തുക്കളുടെ ഉപയോഗവുമായിരുന്നു.

-ഈ സമരരീതിയാണ് സ്വദേശിപ്രസ്ഥാനം.

-വിദേശ വസ്തുക്കൾ ശേഖരിച്ചു പരസ്യമായി കത്തിച്ചു.

-നിരവധി തുണി മില്ലുകൾ ,സോപ്പ് ഫാക്ടറികൾ ,തീപ്പെട്ടി കമ്പനികൾ, ദേശീയ ബാങ്കുകൾ, ഇൻഷൂറൻസ് കമ്പനികൾ എന്നിവ ആരംഭിച്ചു.

-ബംഗാളിലെ ബംഗാളി കെമിക്കൽ സ്റ്റോർ, മഹാരാഷ്ട്രയിലെ ടാറ്റാ ഇരുമ്പുരുക്ക് കമ്പനി, തമിഴ്നാട്ടിലെ സ്വദേശി സ്റ്റീം നാവിഗേഷൻ കമ്പനി എന്നിവ ആരംഭിച്ചു.

-ഇന്ത്യയിലേക്കുള്ള ബ്രിട്ടീഷ് ഉൽപ്പന്നങ്ങളുടെ ഇറക്കുമതി കുറഞ്ഞു.

-ഇന്ത്യൻ വ്യവസായങ്ങൾ ശക്തിപ്പെട്ടു.

-സ്ത്രീകൾ, തൊഴിലാളികൾ, വിദ്യാർഥികൾ എന്നിവർ പങ്കാളികളായി.

-വിദേശ വസ്ത്രങ്ങൾ അലക്കുകയില്ലെന്ന് അലക്കുകാരും, വിദേശ വസ്തുക്കൾ ഉപയോഗിച്ച് പൂജ നടത്തില്ലെന്ന് പുരോഹിതന്മാരും പ്രതിജ്ഞയെടുത്തു.

-വിദേശത്തുനിന്നുള്ള വളകളും പാത്രങ്ങളും സ്ത്രീകൾ ബഹിഷ്കരിച്ചു.

-വിദ്യാർത്ഥികൾ സ്കൂളുകൾ ബഹിഷ്കരിച്ചു.

-സ്വദേശി പ്രസ്ഥാനം ഇന്ത്യൻ ദേശീയതയെ കൂടുതൽ ശക്തിപ്പെടുത്തി.

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

**സ്വദേശി പ്രസ്ഥാനം കാലഘട്ടത്തിലെ ദേശീയ നേതാക്കൾ ആരെല്ലാം?**

-ബാലഗംഗാധര തിലകൻ, ലാലാ ലജ്പത് റായി, ബിപിൻ ചന്ദ്രപാൽ

-അവർ "ലാൽ - പാൽ - ബാൽ" എന്നറിയപ്പെട്ടു.

-ഇവർ ബ്രിട്ടീഷ് ഭരണം അവസാനിപ്പിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞു.

**ബാലഗംഗാധര തിലകൻ**

-"സ്വാതന്ത്ര്യം എന്റെ ജൻമാവകാശമാണ്. ഞാൻ അത് നേടുക തന്നെ ചെയ്യും" എന്ന് തിലകൻ പ്രഖ്യാപിച്ചു.

-ബ്രിട്ടീഷ് ഭരണത്തിൽ അസ്വസ്ഥമായ ഇന്ത്യൻ മനസുകളെ ഏകോപിപ്പിച്ച് ദേശീയ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തി.

-തിലകനെ ഇന്ത്യൻ അസ്വസ്ഥതയുടെ പിതാവ് എന്നാണ് ബ്രിട്ടീഷ് പത്രപ്രവർത്തകനും ചരിത്രകാരനുമായ വാലന്റയിൻ ഷിറോൾ വിശേഷിപ്പിച്ചത്.

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

# സംസ്കാരവും ദേശീയതയും SS1-5

**എന്താണ് ദേശീയത?**

ജാതി - മത - വർഗ - പ്രാദേശിക വ്യത്യാസങ്ങൾക്കുപരിയായി ഒരു രാജ്യത്തെ ജനതയുടെ മാനസിക ഐക്യം

**പത്തൊൻപതാം നൂറ്റാണ്ടിൽ ഇന്ത്യൻ സാംസ്കാരികരംഗത്തും ആശയതലത്തിലും ഉയർന്നുവന്ന പ്രതിഷേധങ്ങൾ ഏവ?**

-ഇന്ത്യൻ സമൂഹത്തിൽ നിലനിന്ന അസമത്വങ്ങൾക്കും തിന്മകൾക്കും അവകാശ നിഷേധങ്ങൾക്കും എതിരായവ.

-ഇന്ത്യയിൽ ആധിപത്യംസ്ഥാപിച്ചുകൊണ്ടിരിക്കുന്ന സാമ്രാജ്യത്വ ചൂഷണത്തിനെതിരായവ.

**ഇന്ത്യൻ ദേശീയത രൂപപ്പെടുത്തുവാൻ സഹായിച്ച ഘടകങ്ങൾ ഏതെല്ലാം?**

-സാമൂഹ്യ പരിഷ്കരണപ്രസ്ഥാനങ്ങൾ

-പത്രങ്ങൾ

-വിദ്യാഭ്യാസം

-സാഹിത്യം

-കല

**ബ്രിട്ടീഷുകാർ ഇന്ത്യയിൽ ഇംഗ്ലീഷ് വിദ്യഭ്യാസം നടപ്പിലാക്കിയതിന്റെ ലക്ഷ്യം എന്ത്?**

-ബ്രിട്ടീഷ് ഭരണം ശക്തിപ്പെടുത്താൻ ഇന്ത്യൻ ജനതയുടെ ജീവിതത്തെയും സംസ്കാരത്തെയും ആഴത്തിൽ അറിയേണ്ടതുണ്ടെന്ന തിരിച്ചറിവ്.

-അതിനു വേണ്ടി സംസ്കൃതത്തിലും പേർഷ്യനിലും രചിക്കപ്പെട്ട കൃതികൾ പരിഭാഷപ്പെടുത്താൻ.

-കൂടുതൽ പഠനങ്ങൾക്കും ബ്രിട്ടീഷ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകാനും ഇന്ത്യയിലെ വിദ്യാഭ്യാസ രംഗത്ത് ഇടപെടുന്നതിനുമായി ബ്രിട്ടീഷുകാർ ചില സ്ഥാപനങ്ങൾ സ്ഥാപിച്ചു.

-വ്യാപാര വളർച്ചയ്ക്കായി ഇന്ത്യയുടെ സാമൂഹിക രംഗത്ത് ബ്രിട്ടൻ കൂടുതൽ ഇടപെടണമെന്ന് സ്വതന്ത്ര വ്യാപാരത്തിനായി വാദിക്കുന്ന ചിന്തകർ ആവശ്യപ്പെട്ടു.

-ജനപിന്തുണയില്ലാതെ ശക്തമായ പരിഷ്കാരങ്ങൾ ഇന്ത്യയിൽ നടപ്പിലാക്കാനാവില്ലെന്ന് ബ്രിട്ടൻ മനസ്സിലാക്കി.

-ഇതിനായി ഇന്ത്യൻ ജനതയിൽ ഒരു വിഭാഗത്തിന്റെ പിന്തുണ നേടാൻ ബ്രിട്ടൻ ശ്രമിച്ചു.

-തങ്ങളോട് വിധേയത്വമുള്ള ഒരു ജനതയെ സൃഷ്ടിക്കാൻ.

-അതിനു വേണ്ടി അവർ ഇന്ത്യയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നടപ്പിലാക്കി.

**ഇന്ത്യൻ സംസ്കാരത്തെക്കുറിച്ച് പഠനങ്ങൾ നടത്തുന്നതിന് ബ്രിട്ടീഷുകാർ ആരംഭിച്ച സ്ഥാപനങ്ങൾ, സ്ഥാപകർ എന്നിവ പട്ടികപ്പെടുത്തുക.**

BIJU K.K. HSA SOCIAL SCIENCE, GHS TUVVUR

**ക**ൽക്കട്ട മദ്രസ  –  വാറൻ ഹേസ്റ്റിങ്സ്,

**ഏ**ഷ്യാറ്റിക്ക് സൊസൈറ്റി ഓഫ് ബംഗാൾ – വില്യം ജോൺസ്

**ബ**നാറസ് സംസ്കൃത കോളേജ് – ജൊനാഥൻ ഡങ്കൻ

**ബ്രിട്ടീഷ് കോളനിഭരണം ഇന്ത്യൻ ദേശീയതയുടെ വളർച്ചക്ക് കാരണമായതെങ്ങനെ?**
**Or ഇന്ത്യൻ ദേശീയതയുടെ വളർച്ചക്ക് വിദ്യാഭ്യാസ രംഗത്തെ പുരോഗതിക്ക് സഹായകമായതെങ്ങനെ?**

**–ബ്രിട്ടീഷുകാർ ഇന്ത്യയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നടപ്പിലാക്കി.**

**–ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ ഇന്ത്യാക്കാർ ജനാധിപത്യം, സോഷ്യലിസം, സ്വാതന്ത്ര്യം, യുക്തിചിന്ത, തുല്യനീതി, ശാസ്ത്ര ബോധം, പൗരാവകാശം എന്നിവയെക്കുറിച്ച് ബോധവാൻമാരായി.**

**–ബ്രിട്ടീഷ് ചൂഷണങ്ങൾ ഇന്ത്യാക്കാർ തിരിച്ചറിഞ്ഞു.**

**–ഇന്ത്യൻ സമൂഹത്തിൽ നിലനിന്ന ദോഷകരമായ സാമൂഹികാചാരങ്ങളെയും, അനുഷ്ഠാനങ്ങളെയും പരിഷ്ക്കരിക്കാൻ ശ്രമിച്ചു.**

**–ഇതിലൂടെ പാശ്ചാത്യ സംസ്ക്കാരത്തിന്റെ കടന്നു കയറ്റത്തെ ചെറുക്കാൻ ശ്രമിച്ചു.**

**–ഇതിനായി ഇന്ത്യൻ സമൂഹം, ഭാഷ, കല, സാഹിത്യം എന്നിവ നവീകരിച്ചു.**

**–ഇത് ഇന്ത്യൻ സമൂഹത്തിൽനിലനിന്ന അസമത്വങ്ങളെയും അവകാശ നിഷേദങ്ങളെയും ചെറുക്കാനും, ഇന്ത്യൻ ജനതയിൽ ദേശീയതയും ഐക്യബോധവും വളരാനും കാരണമായി.**

**ഇന്ത്യയിലെ സാമൂഹിക പരിഷ്ക്കരണ പ്രസ്ഥാനങ്ങളുടെ പ്രധാന ലക്ഷ്യങ്ങൾ ഏവ?**

**–ഇന്ത്യൻ സമൂഹത്തിൽ നിലനിൽക്കുന്ന വിവിധ അനാചാരങ്ങളെ എതിർക്കുക.**

**–എല്ലാ മനുഷ്യർക്കും വിവേചനമില്ലാതെ വഴി നടക്കാനും വസ്ത്രങ്ങൾ ധരിക്കാനും വിദ്യാഭ്യാസം നേടാനുമുള്ള പൗരാവകാശങ്ങൾ നേടിയെടുക്കുക.**

**ഇന്ത്യൻ സമൂഹത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾക്കായി സാമൂഹിക പരിഷ്കർത്താക്കൾ മുന്നോട്ട് വച്ച ആശയങ്ങളേവ?**

**–ജാതിവ്യവസ്ഥ നിർമാർജനം ചെയ്യുക.**

**–എല്ലാവരുടെയും അവകാശങ്ങൾ സംരക്ഷിക്കുക.**

**–സ്ത്രീകൾക്കെതിരായ വിവേചനം അവസാനിപ്പിക്കുക.**

**–എല്ലാവർക്കും വിദ്യാഭ്യാസം നൽകുക.**

**–വിധവാ പുനർവിവാഹം നടപ്പിലാക്കുക.**

**–ശൈശവവിവാഹം നിർത്തലാക്കുക.**

**–പുരോഹിത മേതാവിത്വം അവസാനിപ്പിക്കുക.**

**രാജാ റാം മോഹൻ റായ്**

**–ഇന്ത്യൻ സമൂഹത്തിൽ ആധുനികവൽക്കരണത്തിനായി വാദിച്ച ആദ്യവ്യക്തി.**

**–ഇന്ത്യൻ സാമൂഹ്യ പരിഷ്കരണത്തിന്റെ പിതാവ് എന്നറിയപ്പെടുന്നു.**

BIJU K K HSA SOCIAL SCIENCE GHS TUVUR

-ജാതി വ്യവസ്ഥയേയും, സതി എന്ന ദുരാചാരത്തെയും ശക്തമായി എതിർത്തു.
-ബ്രഹ്മസമാജം സ്ഥാപിച്ചു.
-ഒരൊറ്റ ഇന്ത്യൻ സമൂഹം എന്ന ആശയം പ്രചരിപ്പിച്ചു.
-സ്ത്രികളുടെ പദവി ഉയർത്തുന്നതിനായി അവർക്ക് സ്വത്തിൻമേൽ അവകാശം നൽകണമെന്ന് അവശ്യപ്പെട്ടു.

### ഈശ്വരചന്ദ്ര വിദ്യാസാഗർ

-വിധവകളുടെപുനർവിവാഹത്തിനായി പ്രവർത്തിച്ചു.
-സ്ത്രീകൾക്ക് വിദ്യാലയങ്ങൾ സ്ഥാപിച്ചു.
-അദ്ദേഹത്തിന്റെ ശ്രമഫലമായി **1856**-ൽ ബ്രിട്ടീഷുകാർ ഹിന്ദു വിധവാ പുനർവിവാഹ നിയമം പാസാക്കി.

### പണ്ഡിത രമാബായി

-വിധവകൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായി ബോംബെയിൽ ശാരദാസദൻ സ്ഥാപിച്ചു.

### സാമൂഹ്യപരിഷ്കർത്താക്കളുടെയും, പ്രസ്ഥാനങ്ങളുടെയും പ്രവർത്തനഫലമായി ബ്രിട്ടീഷുകാർ നിരോധിച്ച ആനാചാരങ്ങൾ ഏവ?

-ശൈശവവിവാഹം, ബഹുഭാര്യത്വം എന്നിവ നിരോധിച്ചു.
-**12** വയസ്സിന് താഴെ പ്രായമുള്ള പെൺകുട്ടികളുടെ വിവാഹത്തിന് വിലക്ക് എർപ്പെടുത്തി.
-പെൺശിശുഹത്യ നിരോധിച്ചു.
-അടിമത്തം നിരോധിച്ചു.
-സതി നിരോധിച്ചു.
-വിവധവാ പുനർവിവാഹം നടപ്പിലാക്കി.

### ഇന്ത്യൻ ജനതയെ അവർ അനുഭവിക്കുന്ന ചൂഷണത്തെയും അവകാശ നിഷേധങ്ങളെയും പറ്റി ബോധവാൻമരാക്കുന്നതിൽ പത്രങ്ങൾവഹിച്ച പങ്ക് വ്യക്തമാക്കുക.

-ബ്രിട്ടീഷുകാർ ഇന്ത്യയുടെ പല ഭാഗത്തും നടത്തുന്ന അടിച്ചമർത്തലിനെയും മർദക ഭരണത്തെയും, കൂട്ടക്കൊലയേയും കുറിച്ച് ഇന്ത്യയിലെമ്പാടുമുള്ള ജനങ്ങൾക്ക് വിവരം നൽകി.
-ഇന്ത്യൻസമൂഹത്തിലെ തിന്മകൾക്കും അനാചാരങ്ങൾക്കും എതിരെ നടക്കുന്ന സാമൂഹിക പരിഷ്ക്കരണ പ്രസ്ഥാനങ്ങളെകുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി.
-ബ്രിട്ടീഷ് ഭരണത്തിനെതിരായും ഇന്ത്യയിലെ സാമൂഹിക തിന്മകൾക്കെതിരായും പ്രതിഷേധിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചു.
-ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും സമത്വത്തിനുമായി ജനങ്ങൾ നടത്തുന്ന പോരാട്ടങ്ങളെക്കുറിച്ചു വിവരം നൽകി.
-ബ്രിട്ടീഷ് ഭരണത്തിന്റെ സാമ്പത്തിക ചൂഷണത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി.
-പ്ലേഗ്, ക്ഷാമം എന്നിവ മൂലം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ പതിനായിരങ്ങൾ മരണപ്പെടുന്ന വിവരങ്ങൾ ജനങ്ങളിലെത്തിച്ചു.

BIJU K K, HSA SOCIAL SCIENCE, GHS TUVUR

**രാജാ റാം മോഹൻ റായി  പുറത്തിറക്കിയ പത്രങ്ങൾ, ഭാഷ എന്നിവ പട്ടികപ്പെടുത്തുക.**

| പത്രം | | ഭാഷ |
|---|---|---|
| സംബാദ്കൗമുതി | - | ബംഗാളിഭാഷ |
| മിറാത്-ഉൽ-അക്ബർ | - | പേർഷ്യൻഭാഷ |

**ഇന്ത്യയിലെ വർത്തമാന പത്രങ്ങളെ നിയന്ത്രിക്കുന്നതിന് വേണ്ടി ബ്രിട്ടീഷുകാർ നടപ്പിലാക്കിയ നിയമം ഏത് ? ഫലം എന്തെല്ലാം?**

-ലിട്ടൻപ്രഭു (1878)നടപ്പിലാക്കിയ പ്രാദേശിഭാഷാ പത്രനിയമം.

-ഇതിലൂടെ പ്രാദേശിക ഭാഷകളിൽ പ്രസിദ്ധീകരിക്കുന്ന പത്രങ്ങൾക്ക് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തി.

-ഇതിനെതിരെ ശക്തമായ പ്രക്ഷോഭത്തെത്തുടർന്ന് ബ്രിട്ടീഷ്  ഗവൺമെന്റ് പ്രാദേശിക ഭാഷാ പത്രനിയമം പിൻവലിച്ചു.

**ഫലം**

-അക്കാലത്ത് പത്രങ്ങൾ വായിക്കുന്നതും, അതിലെ വാർത്തകൾ പ്രചരിപ്പിക്കുന്നതും, പത്രങ്ങളെ സംരക്ഷിക്കുന്നതും ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായിട്ട് ജനങ്ങൾ കണക്കാക്കി എന്നതാണ്.

**ഇന്ത്യയിൽ ദേശീയ സമരകാലഘട്ടത്തിൽ സ്ഥാപിതമായ വിദ്യാഭ്യാസ സ്ഥാപനങ്ങളും, സ്ഥാപകരും, ലക്ഷ്യങ്ങളും?**

**ഡക്കാൺ എജ്യുക്കേൻ സൊസൈറ്റി(പൂനെ)**

-സ്ഥാപകർ :- ജി ജി അഗാർക്കർ, ബാലഗംഗാധര തിലക്,   മഹാദേവ ഗോവിന്ദ റാനഡെ എന്നിവർ ചേർന്ന് 1884 ൽ.

-ഇന്ത്യാക്കാരുടെ സാമൂഹികവും സാംസ്ക്കാരികവും ആയ പുരോഗതി.

-മതേതര വിദ്യാഭ്യാസം എല്ലാവർക്കും നൽകുക എന്നിവയാണ് ലക്ഷ്യം

**വനിതാ സർവ്വകലാശാല(മഹാരാഷ്ട)**

-സ്ഥാപകൻ-ഡി.കെ.കാർവെ.

-സ്ത്രീകളുടെ ഉന്നമനം ലക്ഷ്യം.

**വിശ്വഭാരതി സർവ്വകലാശാല (ബംഗാൾ)**

-സ്ഥാപകൻ- രവീന്ദ്രനാഥടാഗോർ.

-രാഷ്ട്രങ്ങളുടെ അതിരുകൾക്കപ്പുറത്തുള്ള അന്തർദേശീയ സാഹോദര്യത്തിന്  ഊന്നൽ നൽകി.

-പാശ്ചാത്യവും പൗരസ്ത്യവുമായ സംസ്ക്കാരങ്ങൾ സംയോജിപ്പിച്ചുകൊണ്ടുള്ള വിദ്യാഭ്യാസം.

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

**ജാമിയ മിലിയ ഇസ്‌ലാമിയ (അലിഗഡ്)**

-സ്ഥാപകർ :- മൗലാന മുഹമ്മദലി, ഷൗക്കത്തലി, ഡോ.സക്കീർ ഹുസൈൻ, എം.എ.അൻസാരി.

-മതേതര വിദ്യഭ്യാസം പ്രോത്സാഹിപ്പിക്കുക.

**കേരള കലാമണ്ഡലം (തൃശ്ശൂർ)**

-സ്ഥാപകൻ:- വള്ളത്തോൾ നാരായണമേനോൻ.

-പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെയും കലകളുടെയും കടന്നുകയറ്റം നിയന്ത്രിച്ച് ഇന്ത്യൻ കലകളെ സംരക്ഷിക്കുക.

**വാർധാ വിദ്യാഭ്യാസം(1937)**

സ്ഥാപകൻ-മഹാത്മ ഗാന്ധി,

**ലക്ഷ്യം**

-തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകുക.

-വിദ്യാർത്ഥിയായിരിക്കുമ്പോൾ ചില തൊഴിലുകൾ പഠിച്ചാൽ അത് ഭാവിജീവിതത്തിൽ ഗുണകരമാകുമെന്ന് ഗാന്ധിജി കരുതി.

-ഇത്തരത്തിൽ വളരുന്ന ഒരു തലമുറയിലൂടെ ബ്രിട്ടീഷുകാരെ പ്രതിരോധിക്കാമെന്ന് ഗാന്ധിജി അഭിപ്രായപ്പെട്ടു.

**ദേശീയ സമരകാലഘട്ടത്തിൽ രചിക്കപ്പെട്ട സാഹിത്യകൃതികളിലെ പ്രതിപാദ്യവിഷയങ്ങൾ ഏവ?**

-ഇന്ത്യൻ സമൂഹത്തിൽ നിലനിന്നജീർണതകൾക്കെതിരായ പ്രതിഷേധം.

-ബ്രിട്ടീഷുകാരുടെ സാമ്പത്തിക ചൂഷണത്തിനെതിരായ പ്രതിഷേധം.

-രാജ്യത്തിന്റെ ഓരോഭാഗത്തും ജനങ്ങൾ നേരിടുന്ന ദുരിതങ്ങളും പ്രതിസന്ധികളും.

-ഈ സാഹിത്യസൃഷ്ടികൾ വായിച്ച മറ്റു പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഈ ദുരിതങ്ങൾ തങ്ങളുടേതുകൂടിയാണെന്ന് അനുഭവപ്പെട്ടു.

-ഇന്ത്യൻ ജനത ഒറ്റക്കെട്ടായി ഈ വ്യവസ്ഥക്കെതിരെ പ്രതിഷേധിക്കാൻ മുന്നേട്ടുവന്നു എന്നതാണ് ഇതിന്റെ ഫലം.

**ഇന്ത്യൻ ദേശീയ സമരകാലത്ത് ഇന്ത്യയിൽ രചിക്കപ്പെട്ട പുസ്തകങ്ങളും, രചയിതാക്കളും, പ്രമേയങ്ങളും.**

**ആനന്ദമഠം – നോവൽ**

-രചന – ബങ്കിൻ ചന്ദ്ര ചാറ്റർജി

-പ്രമേയം – ബംഗാളിലെ കർഷകരുടെ അവസ്ഥ.

-സമ്പന്നരും സാധാരണക്കാരും തമ്മിലുള്ള വ്യത്യാസം ജനങ്ങളെ ബോധ്യമാക്കാൻ കഴിഞ്ഞു.

-ഈ നോവലിൽ നിന്നാണ് നമ്മുടെ ദേശീയ ഗീതമായ വന്ദേമാതരം എടുത്തിട്ടുള്ളത്.

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

**നീൽദർപ്പൺ – നാടകം**

-രചന – ദീനബന്ധു മിത്ര

-പ്രമേയം – ബംഗാളിലെ നീലം കർഷകർ അനുഭവിക്കുന്ന കൊടിയചൂഷണം.

**സാരേ ജഹാം സേ അച്ഛാ – ഉറുദു കവിത**

-രചന – മുഹമ്മദ് ഇക്ബാൽ

-പ്രമേയം – ഇന്ത്യയുടെ പ്രകൃതിഭംഗിയേയും ജനങ്ങളുടെഐക്യത്തെയും പാടിപ്പുകഴ്ത്തി.

-ഇവരുടെ കൃതികൾ ഇന്ത്യാ എന്ന ഏക രാഷ്ട്രത്തെക്കുറിച്ചുള്ള ബോധം ജനങ്ങളിൽ ജനിപ്പിച്ചു.

**വരിക വരിക സഹജരേ**

- അംശി നാരായപിള്ള – മലയാളം

**ഇന്ത്യൻ ദേശീയതയുടെ ആവിർഭാവത്തിന് ചിത്രകാരൻമാർ വഹിച്ച പങ്ക് വ്യക്തമാക്കുക.**

-ഇന്ത്യൻ ചിത്രകലയെ പാശ്ചാത്യ സ്വാധീനത്തിൽ നിന്നും മോചിപ്പിച്ചു.

-ഭാരതീയ സംസ്കാരത്തിലും പാരമ്പര്യത്തിലും അടിയുറച്ച പൗരസ്ത്യ ചിത്രകലയെ പ്രോത്സാഹിപ്പിച്ചു.

-ജന മനസുകളിൽ ദേശീയതയുടെ ബിംബങ്ങൾ സൃഷ്ടിച്ചു

-ദുരാചാരങ്ങൾക്കെതിരെ സാമൂഹിക മനോഭാവം സൃഷ്ടിച്ചു.

-ഇന്ത്യൻ ഗ്രാമങ്ങളിലെ ജീവിത ദുരിതങ്ങൾ തുറന്ന് കാട്ടി.

-ഇവരുടെ ചിത്രങ്ങൾ ഇന്ത്യക്കാരുടെ മനസ്സിൽ ഒരോറ്റ ഇന്ത്യയുടെ ചിത്രം വരച്ചു.

**ഇന്ത്യൻ സ്വാതന്ത്ര്യ സമരകാലഘട്ടത്തിൽ രചികപ്പെട്ട ചിത്രങ്ങൾ, ചിത്രകാരന്മാർ, പ്രമേയം എന്നിവ പട്ടിക പ്പെടുത്തുക.**

**ഭാരതമാത.**

-ചിത്രകാരൻ – അബനീന്ദ്രനാഥ ടാഗോർ.

-പ്രമേയം – ഇന്ത്യൻ ജനങ്ങൾക്ക് ആഹാരം വസ്ത്രം എന്നിവ നൽകുന്ന ഭാരതമാതാവ്.

-അബനീന്ദ്രനാഥ ടാഗോർ പൗരസ്ത്യ ചിത്രകലയുടെ പ്രോത്സാഹനത്തിനായി കൽക്കത്തയിൽ ഇന്ത്യൻ സൊസൈറ്റി ഓഫ് ഓറിയന്റൽ ആർട്സ് സ്ഥാപിച്ചു.

**ശാകുന്ദളത്തിലെ രംഗം.**

-ചിത്രകാരൻ–രാജാ രവിവർമ്മ.

-പ്രമേയം പുരാണങ്ങളിലെയും സാഹിത്യങ്ങളിലെയും സന്ദർഭങ്ങൾ.

BIJU K. HSA SOCIAL SCIENCE, GHS TUVVUR

**സതി , ഗ്രാമീണചെണ്ടക്കാരൻ.**

-ചിത്രകാരൻ നന്ദലാൽ ബോസ്

-പ്രമേയം  സാമൂഹിക ദുരാചാരങ്ങളും, ചരിത്ര സംഭവങ്ങളും,

**ഗ്രാമീണ ജീവിതം.**

-ചിത്രകാരി - അമൃതാ ഷേർഗിൽ

-പ്രമേയം ഇന്ത്യൻ ഗ്രാമങ്ങളിലെ ദുരിത ജീവിതം.

**ഇന്ത്യൻ ജനതയിൽ ദേശീയ ഐക്യം വളർത്താൻ സഹായിച്ച ദേശീയ ചിഹ്നങ്ങൾ**

ദേശീയ പതാക

**ദേശീയ മുദ്ര**

-സാരനാഥിലെ അശോക സ്തംഭത്തിൽ നിന്നും എടുത്തതാണ് നമ്മുടെ ദേശീയ മുദ്ര

**ചർക്ക**

-ഇന്ത്യൻ ജനതയുടെ സ്വാശ്രയത്വത്തിന്റെയും വിദേശ ആധിപത്യത്തിനെതിരായ പ്രതിഷേധത്തിന്റെയും പ്രതീകമായിരുന്ന ചർക്ക.

-ഗാന്ധിജിയുടെ നേതൃത്വത്തിൽ ചർക്കയോടുകൂടിയ ദേശീയപതാക രൂപീകരിച്ചു.

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

# സമരവും സ്വാതന്ത്ര്യവുംSS1-6

**ഗാന്ധിജിക്ക വളരെ പെട്ടെന്ന് തന്നെ സാധാരണക്കാരുടെ വിശ്വാസവും അംഗീകാരവും നേടാൻ കഴിഞ്ഞതിന്റെ കാരണങ്ങൾ എന്തെല്ലാം?**

-ദക്ഷിണാഫ്രിക്കയിൽ ഗാന്ധിജി നടത്തിയ സമരങ്ങൾ.

-സാധാരണ ജനങ്ങളെപ്പോലെയുള്ള ലളിത ജീവ്തം ഭക്ഷണം, വസ്ത്രം, ഭാഷ.

-അഹിംസയിൽ അധിഷ്ഠിതമായ സമര രീതി.

-തങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്ന രക്ഷകനായി ഗാന്ധിജിയെ വിലയിരുത്തിയത്.

## ഗാന്ധിജിയുടെ ഇന്ത്യയിലെ ആദ്യകാല സമരങ്ങളും സവിശേഷതകളും സമരമാർഗങ്ങളും

**-ചമ്പാരനിലെ നീലം കർഷകരുടെ സമരം - ഗുജറാത്ത് 1917**

കാരണം-നീലം കർഷകരുടെ ദുരിതം

നിയമലംഘനം സഹനസമരം ഉപവാസം എന്നിവ സമരായുധങ്ങൾ ഉപയോഗിച്ചു

ഗാന്ധിജിയുടെ ഇടപെടലിനെതുടർന്ന് ശമ്പളം വർധിപ്പിക്കാൻ സമ്മതിച്ചു.

**-അഹമ്മദാബാദിലെ തുണിമിൽ സമരം - ഗുജറാത്ത് 1918**

കാരണം പ്ലേഗ് ബോണസ് നിർത്തലാക്കിയത്

നിയമലംഘനം സഹനസമരം ഉപവാസം എന്നിവ സമരായുധങ്ങൾ ഉപയോഗിച്ചു

ഗാന്ധിജിയുടെ ഇടപെടലിനെതുടർന്ന് ശമ്പളം വർധിപ്പിക്കാൻ സമ്മതിച്ചു.

**-ഖേഡയിലെ കർഷകസമരം - ഗുജറാത്ത് 1918**

കാരണം-വരൾച്ചയും കൃഷിനാശവുംമൂലം ദുരിതത്തിലായ കർഷകരിൽ നിന്നും നികുതിപിരിക്കാൻ തീരുമാനിച്ചത്.

നികുതിനിഷേധം, സത്യാഗ്രഹം എന്നിവ സമരായുധങ്ങൾ ഉപയോഗിച്ചു

ഇതിന്റെ ഫലമായി സർക്കാർ നികുതി ഇളവുകൾ നൽകാൻ തയ്യാറായി.

**ഗാന്ധിജി ഇന്ത്യയിൽ സ്വീകരിച്ച സമരരീതികൾ ഏത്?**

-നിയമലംഘനം

-സഹനസമരം

-ഉപവാസം

-സത്യാഗ്രഹം

-നികുതി നിഷേധം.

**ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യകാല സമരങ്ങളുടെ ഫലങ്ങൾ എന്തായിരുന്നു?**

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

**(ഗാന്ധിജിയുടെ സമരരീതികൾ അദ്ദേഹത്തെ ഇന്ത്യൻ സമൂഹത്തിന്റെ നേതാവാക്കി മാറ്റിയതെങ്ങിനെ?)**

-ഗാന്ധിജിയുടെ സമര രീതിയും ആശയങ്ങളും സാധാരണക്കാരായ ജനങ്ങൾക്ക് പരിചയപ്പെടാൻ  അവസരം ലഭിച്ചു.

-വിദ്യാസമ്പന്നരായ ആളുകൾക്കിടയിൽ മാത്രമായി ഒതുങ്ങി നിന്ന ദേശീയപ്രസ്ഥാനത്തിലേക്ക് സാധാരണക്കാരായ ജനങ്ങളും ആകർഷിക്കപ്പെട്ടു.

-പട്ടണങ്ങളിൽ മാത്രം ഒതുങ്ങിനിന്നിരുന്ന ദേശീയ പ്രസ്ഥാനത്തിന്  ഗ്രാമപ്രദേശങ്ങളിലും വേരോട്ടമുണ്ടായി.

-എല്ലാവിഭാഗം ജനങ്ങൾക്കും സ്വീകാര്യനായ ദേശീയ നേതാവായി ഗാന്ധിജി മാറി.

**ഗാന്ധിജി ഇന്ത്യൻ ദേശീയ സമരത്തിലേക്ക് വരാനാനിടയാക്കിയ സംഭവം.   -റൗലറ്റ് ആക്ട്**
**റൗലറ്റ് ആക്ട് എന്താണ്?**

-ഭീകരവാദ പ്രവർത്തനങ്ങൾ തടയാനെന്ന പേരിൽ പൗരാവകാശങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് 1919 ൽ ബ്രിട്ടീഷ് പാർലമെൻറ് പാസാക്കിയ നിയമമാണിത്.

-ഇത് പാസാക്കാൻ നിർദ്ദേശം നൽകിയ കമ്മിറ്റിയുടെ അധ്യക്ഷൻ സർ സിഡ്നി റൗലറ്റ് ആയിരുന്നു.

-അതുകൊണ്ട് ഈ കരിനിയമം റൗലറ്റ് നിയമം എന്നറിയപ്പെടുന്നു.

-ഈ നിയമപ്രകാരം ഏതൊരാളെയും അറസ്റ്റ് ചെയ്ത് വിചാരണ കൂടാതെ തടങ്കലിൽ വെക്കാമായിരുന്നു.

**ജാലിയൻവാലാബാഗ് സംഭവത്തിന് ഇടയാക്കിയ സാഹചര്യം വ്യക്തമാക്കുക.**
**(ജാലിയൻവാലാബാഗ് സംഭവം ഇന്ത്യയുടെ ദേശീയ പ്രസ്ഥാനത്തെ സ്വാധീനിച്ചതെങ്ങനെ?)**

-പൗരാവകാശങ്ങൾ നിയന്ത്രിച്ച റൗലറ്റ് നിയമം പാസാക്കിയതിൽ പ്രതിഷേധിച്ചു കൊണ്ടാണ് ഗാന്ധിജി സത്യാഗ്രഹം ആരംഭിക്കാൻ നിർദ്ദേശം മുന്നോട്ടുവച്ചു.

-ഇതിന്റെ ഫലമായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പണിമുടക്കുകളും പ്രകടനങ്ങളും നടന്നു.

-റൗലറ്റ് നിയമ വിരുദ്ധ സമരങ്ങൾക്ക് പഞ്ചാബിൽ നേതൃത്വം നൽകിയ സെയ്ഫുദ്ദീൻ കിച്ച്ലു, സത്യപാൽ എന്നിവരെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് 1919 ഏപ്രിൽ 13 ന് ജനങ്ങൾ അമൃതസറിലെ ജാലിയൻ വാലാബാഗിൽ ഒത്തുകൂടി.

-ഈ ജനങ്ങൾക്കുനേരെ പട്ടാള മേധാവിയായ ജനറൽ ഡയറിന്റെ ഉത്തരവ് പ്രകാരം ബ്രിട്ടീഷ് പട്ടാളം വെടിവെക്കുകയും 379 പേർ മരിക്കുകയും ചെയ്ത സംഭവമാണ് ജാലിയൻവാലാബാഗ് കൂട്ടകൊല.

-ഇന്ത്യയിലെമ്പാടും ശക്തമായ പ്രതിഷേധം രൂപപ്പെടുന്നതിന് ജാലിയൻ വാലാബാഗ് സംഭവം കാരണമായി.

**ജാലിയൻവാലാബാഗ് സംഭവത്തെക്കുറിച്ച് ഗാന്ധിജിയുടെ പ്രതികരണം എന്തായിരുന്നു?**

"പ്ലാസിയുദ്ധം ബ്രിട്ടീഷ് ഭരണത്തിന് അടിത്തറയിട്ടതെങ്കിൽ ജാലിയൻവാലാബാഗ് സംഭവം ബ്രിട്ടീഷ് ഭരണത്തിന്റെ അടിത്തറയിളക്കി " എന്നാണ്.

BIJU K, HSA SOCIAL SCIENCE, GHS TUVVUR

## ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നടത്തിയ ആദ്യത്തെ ദേശീയ പ്രക്ഷോഭമാണ് നിസ്സഹകരണ പ്രസ്ഥാനം. സവിശേഷതകൾ എന്തെല്ലാം?

-വക്കീലന്മാർ കോടതികൾ ബഹിഷ്കരിക്കുക.
-വിദേശവസ്തുക്കൾ ബഹിഷ്കരിക്കുക.
-തിരഞ്ഞെടുപ്പുകൾ ബഹിഷ്കരിക്കുക.
-ബ്രിട്ടീഷ് പുരസ്കാരങ്ങൾ തിരികെ നൽകുക.
-നികുതി നൽകാതിരിക്കുക.
-വിദ്യാർത്ഥികൾ ഇംഗ്ലീഷ് വിദ്യാലയങ്ങൾ ബഹിഷ്കരിക്കുക.

**ഇന്ത്യയിലെ ജനങ്ങൾ ഗാന്ധിജിയുടെ നിസ്സഹകരണ സമര ആഹ്വാനം സ്വീകരിച്ചതിന് ഉദാഹരണങ്ങൾ എവ?**

-അവധിലെ കർഷകർ നികുതി നൽകാൻ വിസമ്മതിച്ചു.
-വടക്കൻ ആന്ധ്രയിലെ ഗിരിവർഗ്ഗക്കാർ വന നിയമം ലംഘിച്ച് വനത്തിനുള്ളിൽ പ്രവേശിക്കുകയും ഉൽപ്പന്നങ്ങൾ ശേഖരിക്കുകയുംചെയ്തു.
-ഉത്തർപ്രദേശിലെ കർഷകർ കോളനി ഉദ്യോഗസ്ഥരുടെ ചുമടുകൾ എടുക്കാൻ വിസമ്മതിച്ചു.
-തൊഴിലാളികൾ പണിമുടക്കി.
-വക്കീലന്മാർ കോടതിയിൽ പോകാൻ വിസമ്മതിച്ചു.
-വിദ്യാർത്ഥികൾ ബ്രിട്ടീഷ് സർക്കാരിന്റെ സ്കൂളുകളും കോളേജുകളും ഉപേക്ഷിച്ചു.
-സ്ത്രീകളടക്കമുള്ള ജനങ്ങൾ വിദേശവസ്ത്രങ്ങൾ പൊതുനിരത്തുകളിൽ കൂട്ടിയിട്ട് കത്തിച്ചു.

**നിസ്സഹകരണ പ്രസ്ഥാനത്തിന്റെ ഫലങ്ങൾ വിശകലനം ചെയ്യുക**

-ബഹിഷ്കരണ ത്തോടൊപ്പം നിർമ്മാണ പ്രവർത്തനങ്ങൾക്കും ഗാന്ധിജി ആഹ്വാനം നൽകി.
-ജനങ്ങൾ തദ്ദേശീയമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും ചർക്കയിൽ നൂൽനൂറ്റ് ഖാദി വസ്ത്രങ്ങൾ ഉണ്ടാക്കുകയും ചെയ്തു.
-ദേശീയ വിദ്യാലയങ്ങൾ ആരംഭിച്ച് ഹിന്ദി പ്രചരിപ്പിച്ചു.
-അയിത്തോച്ചാടന പ്രവർത്തനങ്ങൾ നടന്നു.
-ഇംഗ്ലീഷ് വിദ്യാലയങ്ങൾ ബഹിഷ്കരിച്ച് വിദ്യാർഥികൾ ദേശീയ വിദ്യാലയത്തിലേക്ക് ചേർന്നു.

**നിസ്സഹകരണ പ്രസ്ഥാന കാലഘട്ടത്തിൽ രൂപീകരിക്കപ്പെട്ട ദേശീയ വിദ്യാലയങ്ങൾ ഏവ?**

-കാശി വിദ്യാപീഠം,
-ഗുജറാത്ത് വിദ്യാപീഠം,
-ജാമിയ മിലിയ.

ഖിലാഫത്ത് പ്രസ്ഥാനത്തിൻെറ ഇന്ത്യയിലെ നേതാക്കന്മാർ ആരെല്ലാമായിരുന്നു?
മൗലാനാ മുഹമ്മദലി, മൗലാന ഷൗക്കത്തലി.

BIJU K, HSA SOCIAL SCIENCE, GHS TUVVUR

## ഗാന്ധിജി ഖിലാഫത്ത് പ്രസ്ഥാനത്തെയും നിസഹകരണ പ്രസ്ഥാനത്തെയും ഒന്നിച്ച് നിർത്തിയതിന്റെ ലക്ഷ്യമെന്തായിരുന്നു? /ഫലം എന്തായിരുന്നു?

-സ്വാതന്ത്ര്യ സമരത്തിൽ മുസ്ലിങ്ങളുടെ സജീവ സാന്നിധ്യം ഉറപ്പാക്കുക.
-ബ്രിട്ടീഷ് വിരുദ്ധവികാരം ഇന്ത്യയുടെ മുക്കിലും മൂലയിലും എത്തിക്കുക
-ഹിന്ദു-മുസ്‌ലിം ഐക്യം ശക്തിപ്പെടുത്തുക.

**നിസ്സഹകരണ പ്രസ്ഥാനം നിർത്തിവെക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച സാഹചര്യം വ്യക്തമാക്കുക.**

-ചൗരിചൗരാ സംഭവം
-ഉത്തർപ്രദേശിലെ ചൗരിചൗരാ എന്ന ഗ്രാമത്തിൽ ജനങ്ങൾക്കു നേരെ പോലീസ് വെടിവെച്ചതിൽ രോഷാകുലരായ ജനങ്ങൾ പോലീസ് സ്റ്റേഷൻ ആക്രമിച്ച് തീയിട്ടതിൽ 22 പോലീസുകാർ കൊല്ലപ്പെട്ട സംഭവമാണ് ഗാന്ധിജി നിസ്സഹകരണ പ്രസ്ഥാനം നിർത്തി വയ്ക്കാൻ പ്രേരിപ്പിച്ചത്.

## 1929 ൽ ലാഹോറിൽ വെച്ച് ജവഹർലാൽ നെഹ്റുവിന്റെ അധ്യക്ഷതയിൽ നടന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സമ്മേളനത്തിൽ കൈകൊണ്ട പ്രധാനപ്പെട്ട തീരുമാനങ്ങൾ ഏവ?

-ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ അന്തിമലക്ഷ്യം **പൂർണ്ണസ്വരാജ്** (സമ്പൂർണ്ണ സ്വാതന്ത്ര്യം) ആണെന്ന് ഈ സമ്മേളനം പ്രഖ്യാപിച്ചു.
-ഗാന്ധിജിയുടെ നേതൃത്വത്തിൽ സിവിൽ നിയമ ലംഘനം ആരംഭിക്കാൻ തീരുമാനിച്ചു.
-ബ്രിട്ടീഷുകാരുടെ ജനവിരുദ്ധമായ സിവിൽ നിയമങ്ങൾ ലംഘിക്കുക എന്നതായിരുന്നു സിവിൽ നിയമലംഘന സമരം കൊണ്ട് ഗാന്ധിജി ഉദ്ദേശിച്ചത്.

**സിവിൽ നിയമലംഘന സമരത്തിന്റെ ഭാഗമായി ഗാന്ധിജി മുന്നോട്ടുവെച്ച ആശയങ്ങൾ ഏവ?**

-ഉപ്പു നികുതി എടുത്തുകളയുക.
-കൃഷിക്കാർക്ക് 50 ശതമാനം നികുതി ഇളവ് നൽകുക.
-വിദേശ വസ്തുങ്ങളുടെ ഇറക്കുമതിക്ക് ചുമത്തുന്ന നികുതി വർദ്ധിപ്പിക്കുക.
-രാഷ്ട്രീയ തടവുകാരെ വിട്ടയക്കുക.
-സൈനിക ചെലവും ഉയർന്ന ഉദ്യോഗസ്ഥരുടെ ശമ്പളവും വെട്ടിക്കുറയ്ക്കുക.
-ഇന്ത്യാക്കാരെ നിരീക്ഷിക്കുന്നതിനായി നിയോഗിച്ചിട്ടുള്ള രഹസ്യാന്വേഷണ വിഭാഗത്തെ പിരിച്ചുവിടുക.
-തീരദേശ കപ്പൽ ഗതാഗതം ആരംഭിക്കുക.
-സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കുക.

**ഉപ്പ് സമരായുധമായി തെരഞ്ഞെടുക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങളെന്തെല്ലാം?**

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

-ബ്രിട്ടീഷ് സർക്കാരിന്റെ നികുതിവരുമാനത്തിൽ അഞ്ചിൽ രണ്ടു ഭാഗവും ഉപ്പിൻ മേൽ ചുമത്തുന്ന നികുതിയായിരുന്നു.
-ദരിദ്രർക്ക് ഈ നികുതി വലിയ ഭാരമായിരുന്നു.
-തദ്ദേശീയരായ ചെറുകിട ഉപ്പ് ഉൽപാദകർക്ക് ഉപ്പു ഉണ്ടാക്കുന്നതിൽ ബ്രിട്ടീഷുകാർ നിരോധനം ഏർപ്പെടുത്തി.
-ഉപ്പിന്റെ വില മൂന്ന് മടങ്ങ് വർധിച്ചു.
-സാധാരണക്കാരെ ഉണർത്താൻ ഉതകുന്ന ഒരു മുദ്രാവാക്യമായിരുന്നു ഇത്.

**നിയമലംഘന സമര കാലഘട്ടത്തിൽ ഗാന്ധിജിയുടെ ആഹ്വാനം ഏറ്റെടുത്ത ജനങ്ങൾ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നടത്തിയ പ്രവർത്തനങ്ങൾ ഏവ?**

-ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഉപ്പുകുറുക്കി ജനങ്ങൾ നിയമലംഘനത്തിൽ പങ്കാളികളായി.
-കേരളത്തിൽ പയ്യന്നൂർ, തമിഴ്നാട്ടിൽ വേദാരണ്യം, മഹാരാഷ്ട്രയിൽ ബോംബെ, ബംഗാളിൽ നവഖാലി, വടക്കുപടിഞ്ഞാറൻ അതിർത്തി പ്രദേശം തുടങ്ങിയ നിയമലംഘന സമരത്തിന്റെ പ്രധാന കേന്ദ്രങ്ങളായി.
-സമര വോളന്റിയർമാർ ഉപ്പുണ്ടാക്കി ജനങ്ങൾക്ക് വിതരണം ചെയ്തു.
-ദേശീയപതാക ഉയർത്തി
-ബ്രിട്ടീഷ് വിരുദ്ധ മുദ്രാവാക്യം വിളിച്ചു.
-ഗുജറാത്തിലെ ധരാസന ഉപ്പു നിർമ്മാണ ശാലയിൽ സരോജിനി നായിഡുവിന്റെ നേതൃത്വത്തിൽ സത്യഗ്രഹം നടന്നു.
-സത്യാഗ്രഹികളെ ബ്രിട്ടീഷുകാർ നിഷ്ഠുരമായി നേരിട്ടു.
-ഗാന്ധിജിയെ അറസ്റ്റ് ചെയ്തു.
-സമരത്തെ ബ്രിട്ടീഷുകാർ ക്രൂരമായി അടിച്ചമർത്തി.

## എന്താണ് ക്വിറ്റ് ഇന്ത്യ സമരം?

-എല്ലാ അധികാരങ്ങളും ഇന്ത്യയ്ക്ക് കൈമാറി ഇന്ത്യ വിടാൻ ബ്രിട്ടീഷുകാരെ നിർബന്ധിക്കുന്ന അഹിംസയിലൂന്നിയ ഒരു സമരമായിരുന്നു ക്വിറ്റിന്ത്യ സമരത്തിലൂടെ ഇന്ത്യൻ നാഷണൽ കോൺഗ്രസ് വിഭാവനം ചെയ്തത്.

**ക്വിറ്റ് ഇന്ത്യാസമരത്തിന് കാരണമായ ഘടകങ്ങൾ ഏവ?**
- ഇന്ത്യയിൽ ഭരണഘടനാ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ ബ്രിട്ടൻ കാണിച്ച വൈമനസ്യം.
- വിലക്കയറ്റവും ക്ഷാമവും മൂലമുള്ള ജനങ്ങളുടെ അതൃപ്തി.
- രണ്ടാംലോകയുദ്ധത്തിൽ ബ്രിട്ടൻ പരാജയപ്പെടും എന്ന തോന്നൽ.

**ക്വിറ്റ് ഇന്ത്യാസമരത്തിന് കാരണമായ ഘടകങ്ങൾ ഏവ?**
- ഇന്ത്യയിൽ ഭരണഘടനാ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ ബ്രിട്ടൻ കാണിച്ച വൈമനസ്യം.
- വിലക്കയറ്റവും ക്ഷാമവും മൂലമുള്ള ജനങ്ങളുടെ അതൃപ്തി.
- രണ്ടാംലോകയുദ്ധത്തിൽ ബ്രിട്ടൻ പരാജയപ്പെടും എന്ന തോന്നൽ.

BIJU K K HSA SOCIAL SCIENCE GHS TUVVUR

**ക്വിറ്റ് ഇന്ത്യസമരത്തിന്റെ ഭാഗമായി ഗാന്ധിജി ജനങ്ങൾക്ക് നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു?**

-നാട്ടുരാജാക്കന്മാർ സ്വന്തം ജനങ്ങളുടെ പരമാധികാരം അംഗീകരിക്കണം.
-കർഷകർ ഭൂനികുതി കൊടുക്കരുത്.
-സർക്കാർ ജീവനക്കാർ രാജിവെക്കാതെ ദേശീയ പ്രസ്ഥാനത്തോടുള്ള കൂറ് പരസ്യമാക്കണം.
-പട്ടാളക്കാർ സ്ഥാനങ്ങൾ വെടിയാതെ സ്വന്തം ആൾക്കാർക്ക് നേരെ വെടിവയ്ക്കാൻ വിസമ്മതിക്കണം.
-സ്വാതന്ത്ര്യപ്രാപ്തിവരെ പിടിച്ചു നിൽക്കാൻ കഴിയുമെങ്കിൽ വിദ്യാർത്ഥികൾ പഠനം ഉപേക്ഷിക്കണം.

**ക്വിറ്റ് ഇന്ത്യാസമരത്തിന്റെ ഭാഗമായി സമരാനുകൂലികൾ ചെയ്ത പ്രവർത്തനങ്ങൾ എന്തെല്ലാം?**
-ബ്രിട്ടീഷുകാർ ക്വിറ്റ് ഇന്ത്യ സമരത്തെ ക്രൂരമായി നേരിട്ടു.
-ഗാന്ധിജി അടക്കമുള്ള നേതാക്കളെ അറസ്റ്റ് ചെയ്തു.
-ജനങ്ങൾ പലയിടങ്ങളിലും ഗവൺമെൻറ് കെട്ടിടങ്ങൾ, ഇലക്ട്രിക് ലൈനുകൾ, ഗതാഗതമാർഗങ്ങൾ തുടങ്ങിയവ തകർത്തു.
-1942 അവസാനിക്കുമ്പോൾ ഇന്ത്യയാകെ ബ്രിട്ടീഷ് വിരുദ്ധസമരത്തിന്റെ തീച്ചൂളയായിമാറി.

**ഗാന്ധിജിയുടെ ബഹിഷ്കരണ സമര രീതിയെ എതിർത്ത് സി.ആർ.ദാസ്, മോത്തിലാൽ നെഹ്റു എന്നിവർ ചേർന്ന് 1923 രൂപീകരിച്ച പാർട്ടി ഏത്? അതിന്റെ പ്രവർത്തനം വ്യക്തമാക്കുക.**
-സ്വരാജ് പാർട്ടി.
-നിയമ നിർമ്മാണസഭകൾ ബഹിഷ്കരിക്കുകയല്ല മറിച്ച് പോരാട്ടത്തിനും ബദൽ അഭിപ്രായത്തിനുള്ള വേദികളാക്കണമെന്ന് അവർ ആവശ്യപ്പെട്ടു.
-നിയമനിർമ്മാണ സഭകളിലേക്ക് മത്സരിച്ചു.

**ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപബ്ലിക്കൻ അസോസിയേഷൻ എന്ന സംഘടനക്ക് രൂപം നൽകിയ നേതാക്കന്മാർ ആരെല്ലാം?**
-ഭഗത് സിംഗ്,
-ചന്ദ്രശേഖർ ആസാദ്,
-രാജഗുരു,
-സുഖ്ദേവ് എന്നിവർ 1928 ൽ ഡൽഹിയിൽ വെച്ച് രൂപീകരിച്ചു.

**ഭഗത്സിംഗ്, ചന്ദ്രശേഖർ ആസാദ്, രാജഗുരു, സുഖദേവ് തുടങ്ങിയവർ സായുധ വിപ്ലവത്തിനായി ആരംഭിച്ച സേനാവിഭാഗം ഏത്?**
-റിപ്പബ്ലിക്കൻ ആർമി

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

-റിപ്പബ്ലിക്കൻ ആർമിയുടെ ലക്ഷ്യം കോളനിഭരണം അട്ടിമറിക്കുകയും ഇന്ത്യൻ സംസ്ഥാനങ്ങളുടെ ഫെഡറൽ റിപ്പബ്ലിക് സ്ഥാപിക്കുകയും ചെയ്യുന്നതിന് സായുധവിപ്ലവം സംഘടിപ്പിക്കുക എന്നതായിരുന്നു.

**ലാലാ ലജ്പത് റായിയുടെ മരണത്തിന് കാരണമായ ലാത്തിച്ചാർജിന് ഉത്തര വാദിയായ സാൻഡേഴ്സനെ വധിച്ചത് ആരെല്ലാം?**

-ഭഗത് സിംഗ്,

-രാജഗുരു,

-സുഖദേവ്.

**ഭഗത്സിംഗത്സിങ്ങും ബദുകേശർ ദത്തും ചേർന്ന് സെൻട്രൽ ലെജിസ്റ്റേറ്റീവ് അസംബ്ലിയിൽ ബോംബ് എറിയുന്നതിന് ഉണ്ടായ കാരണം എന്ത്?**

-പൗരാവകാശങ്ങൾ പരിമിതപ്പെടുത്താനുള്ള കരിനിയമങ്ങൾ പാസാക്കുന്നതിൽ പ്രതിഷേധിച്ച്.

-ഇതിന്റെ ഫലമായി 1931 മാർച്ച് 23 ന് ഭഗത് സിങ്ങിനെയും സുഖ്ദേവനെയും രാജ് ഗുരുവിനെയും ബ്രിട്ടീഷ് സർക്കാർ തൂക്കിലേറ്റി.

**ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി രൂപപ്പെട്ട വിപ്ലവ പ്രസ്ഥാനങ്ങളും രൂപീകരിച്ച നേതാക്കന്മാരും.**

അഭിനവ് ഭാരത് സൊസൈറ്റി - വി ഡി സവർക്കർ

അനുശീലൻ സമിതി - ബരീന്ദർ കുമാർ ഘോഷ്, പുലിൻ ബിഹാരിദാസ്

ഗദർ പാർട്ടി - ലാലാ ഹർദയാൽ

ഇന്ത്യൻ റിപ്പബ്ലിക്കൻ ആർമി - സൂര്യ സെൻ

**കോൺഗ്രസ് പാർട്ടിക്കുള്ളിൽ കോൺഗ്രസ് സോഷ്യലിസ്റ്റ് വിഭാഗത്തിന് നേതൃത്വം നൽകിയത് ആരെല്ലാം?**

ജവഹർലാൽ നെഹ്റു,

സുഭാഷ്ചന്ദ്ര ബോസ്,

ജയപ്രകാശ് നാരായൺ,

അരുണാ അസഫലി.

**1934 ൽ ബോംബെയിൽ വച്ച് കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിച്ചത് ആര്?**

-ജയപ്രകാശ് നാരായൺ

-ക്വിറ്റ് ഇന്ത്യ സമരക്കാലത്തിൽ ഗാന്ധിജി അടക്കമുള്ള കോൺഗ്രസിന്റെ മുൻനിര നേതാക്കൾ എല്ലാം അറസ്റ്റിലായപ്പോൾ ഒളിവിൽ നിന്നുകൊണ്ട് സമരത്തിന് ശക്തമായ പിന്തുണ നൽകിയത് ജയപ്രകാശ് നാരായണൻ, അരുണ ആസഫ് അലി എന്നിവരാണ്.

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

# ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ഇന്ത്യൻ നാഷണൽ ആർമി(INA)യുടെയും സുഭാഷ് ചന്ദ്ര ബോസിന്റെയും പങ്ക് വിലയിരുത്തുക.

-ഗാന്ധിയൻ സമരരീതികളോട് വിയോജിപ്പ് പ്രകടിപ്പിച്ച ആളായിരുന്നു സുഭാഷ് ചന്ദ്രബോസ്.
-കോൺഗ്രസ് വിട്ട് അദ്ദേഹം ഫോർവേഡ് ബ്ലോക്ക് എന്ന രാഷ്ട്രീയ പാർട്ടിക്ക് രൂപം നൽകി.
-ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി റാഷ് ബിഹാരി ബോസ് രൂപീകരിച്ച ഇന്ത്യൻ നാഷണൽ ആർമിയുടെ നേതൃത്വം അദ്ദേഹം ഏറ്റെടുത്തു.
-സിംഗപ്പൂരിൽ വെച്ച് സ്വതന്ത്ര ഭാരതത്തിന് ഒരു താൽക്കാലിക ഗവൺമെൻറ് രൂപീകരിച്ചു.
-ബ്രിട്ടീഷുകാരെ ഇന്ത്യൻ മണ്ണിൽനിന്നും തുരത്തിയോടിക്കുന്ന ഉദ്ദേശത്തോടെയുള്ള സമരം നടത്തുക എന്നതായിരുന്നു താൽക്കാലിക ഗവൺമെൻറിന്റെ ചുമതല.
-ഇന്ത്യൻ നാഷണൽ ആർമിയുടെ വനിതാ വിഭാഗമായിരുന്നു ഝാൻസിറാണി റെജിമെൻറ്.
-ഇതിന്റെ ചുമതല മലയാളിയായ ക്യാപ്റ്റൻ ലക്ഷ്മിയായിരുന്നു.
-ജപ്പാന്റെ സഹായത്തോടെ സുഭാഷ് ചന്ദ്രബോസിന്റെ നേതൃത്വത്തിലുള്ള ഇന്ത്യൻ നാഷണൽ ആർമി ഇന്ത്യയുടെ വടക്ക് കിഴക്കൻ അതിർത്തി വരെ എത്തുകയും ഇംഫാലിൽ ദേശീയ പതാക ഉയർത്തുകയും ചെയ്തു.

**ഇന്ത്യയിൽ തൊഴിലാളി പ്രസ്ഥാനങ്ങൾ രൂപീകരിക്കാൻ ഇടയായ കാരണം എന്ത്?**

-റഷ്യൻ വിപ്ലവത്തെത്തുടർന്ന് ഉയർന്നുവന്ന സോഷ്യലിസ്റ്റ് ആശയങ്ങളുടെ സ്വാധീനമാണ് ഇന്ത്യയിൽ തൊഴിലാളി പ്രസ്ഥാനങ്ങൾ രൂപീകരിക്കാൻ ഇടയാക്കിയത്.

**ദേശീയ സമരകാലത്ത് ഇന്ത്യയിൽ രൂപീകരിക്കപ്പെട്ട തൊഴിലാളി സംഘടനകൾ ഏതെല്ലാം?**

-അഹമ്മദാബാദ് ടെക്സ്റ്റൈൽ അസോസിയേഷൻ.
-മദ്രാസ് ലേബർ യൂണിയൻ.
-അഖിലേന്ത്യാ ട്രേഡ് യൂണിയൻ കോൺഗ്രസ്(എഐടിയുസി).

**1920 ൽ അഖിലേന്ത്യാ ട്രേഡ് യൂണിയൻ കോൺഗ്രസ് രൂപീകരിച്ചതാര് ആരെലാം ചേർന്നാണ്?**
**എൻ** എം ജോഷി, ലാലാ ലജ്പത് റായ്

**ദേശീയ സമരകാലത്ത് ഇന്ത്യയിൽരൂപീകരിക്കപ്പെട്ട തൊഴിലാളി സംഘടനകളുടെ പ്രധാനപ്പെട്ട മൂന്നു ലക്ഷ്യങ്ങൾ എന്തായിരുന്നു?**

-തൊഴിലാളി വർഗ്ഗമെന്ന നിലയിൽ സംഘടിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക.
-ഇന്ത്യൻ തൊഴിലാളി വർഗ്ഗം രാജ്യത്തിന് പുറത്തുള്ള തൊഴിലാളി വർഗവുമായി ചേർന്ന് പ്രവർത്തിക്കുക.
-സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള പോരാട്ടത്തിൽ സജീവ പങ്കു വഹിക്കുക.

BIJU K, HSA SOCIAL SCIENCE, GHS TUVVUR

**ഇന്ത്യയിൽ കർഷക പ്രസ്ഥാനങ്ങളുടെ രൂപീകരണത്തിന് ഇടയാക്കിയ സാഹചര്യം വ്യക്തമാക്കുക?**

-ബ്രിട്ടീഷുകാരുടെ നികുതി നയം.

-സെമീന്ദാർ മാരുടെ ചൂഷണം.

-കാർഷിക ഉൽപ്പന്നങ്ങൾക്ക് ഉണ്ടായ വിലയിടിവ്.

**ലാഹോറിൽ വെച്ച് അഖിലേന്ത്യ കിസാൻ കോൺഗ്രസ് സ്ഥാപിക്കുന്നതിന് നേതൃത്വം വഹിച്ചത് ആര്?**

-എൻ.ജി.രംഗ

**ബോംബെയിലെ അഖിലേന്ത്യാ കിസാൻ സഭ സമ്മേളനത്തിൽവച്ച് രൂപംനൽകിയ കിസാൻ മാനിഫെസ്റ്റോയിലെ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു.**

-ഭൂനികുതിയും പാട്ടവും 50 ശതമാനം കുറയ്ക്കുക.

-കാർഷിക കടങ്ങൾ മരവിപ്പിക്കുക.

-ഫ്യൂഡൽ നികുതികൾ റദ്ദാക്കുക.

-കർഷക തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുക.

-കർഷക യൂണിയനുകളെ അംഗീകരിക്കുക.

**ബ്രിട്ടീഷുകാരുടെ സാമ്രാജ്യത്വ നയങ്ങളെയും ഇന്ത്യയിൽ നിലനിന്ന ഫ്യൂഡൽവ്യവസ്ഥയെയും എതിർത്തുകൊണ്ട് തൊഴിലാളികളും കർഷകരും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നടത്തിയ സമരങ്ങൾ പട്ടികപെടുത്തുക**

-തേഭാഗ സമരം – ബംഗാൾ

-തെലുങ്കാന സമരം – ആന്ധ്ര പ്രദേശ്

-നാവിക കലാപം – ബോംബെ

**ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നൽകാൻ ബ്രിട്ടനെ പ്രേരിപ്പിച്ച സാഹചര്യം വ്യക്തമാക്കുക.**

-രണ്ടാം ലോകയുദ്ധം ലോകത്താകമാനം സാമ്രാജ്യത്വത്തിന്റെ തകർച്ചയ്ക്ക് കാരണമായി.

-ബ്രിട്ടൻ സാമ്പത്തികമായി ദുർബലമായതിനാൽ കോളനികൾ നിലനിർത്താനുള്ള ശേഷി നഷ്ടപ്പെട്ടു.

-ഏഷ്യയിലും ആഫ്രിക്കയിലും സ്വാതന്ത്ര്യസമരങ്ങൾ ശക്തിപ്പെട്ടത്.

-രണ്ടാം ലോകയുദ്ധത്തിനുശേഷം വൻ ശക്തികളായി വളർന്ന അമേരിക്കയും സോവിയറ്റ് യൂണിയനും കോളനിവാഴ്ച എതിർത്തത്.

-ഇന്ത്യയോട് അനുഭാവം പുലർത്തിയിരുന്ന കമൻറ് ആറ്റ്ലിയുടെ നേതൃത്വത്തിൽ ലേബർ പാർട്ടി ബ്രിട്ടനിൽ അധികാരത്തിൽ വന്നതും ഇന്ത്യയുടെ സ്വാതന്ത്ര്യ സമ്പാദനം എളുപ്പമാക്കി.

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

**ഇന്ത്യ വിഭജനത്തിലേക്ക് നയിച്ച സാഹചര്യം വ്യക്തമാക്കുക.**

-ബ്രിട്ടീഷുകാർ ഇന്ത്യക്ക് സ്വാതന്ത്ര്യം നൽകാൻ തീരുമാനിച്ചപ്പോൾ മുഹമ്മദാലി ജിന്നയുടെ നേതൃത്വത്തിൽ സർവ്വേന്ത്യാ ലീഗ് മുസ്ലീങ്ങൾക്ക് പാക്കിസ്ഥാൻ എന്ന പ്രത്യേക രാജ്യം വേണമെന്ന് ആവശ്യപ്പെട്ടു.

-ഈ പ്രശ്നം പരിഹരിച്ച് ഇന്ത്യക്ക് സ്വാതന്ത്രം നൽകാനുള്ള പ്രവർത്തനങ്ങൾക്കായി മൗണ്ട് ബാറ്റൺ പ്രഭുവിനെ ഇന്ത്യയുടെ വൈസ്രോയിയായി നിയമിച്ചു.

-ഇന്ത്യയെ വിഭജിക്കാതെ അധികാരകൈമാറ്റം സാധ്യമല്ലെന്ന് മൗണ്ട് ബാറ്റൺ വാദിച്ചതാണ് ഇന്ത്യ വിഭജനത്തിലേക്ക് നയിച്ചത്.

**ഇന്ത്യാവിഭജനത്തിന് വേണ്ടി മൗണ്ട് ബാറ്റൻ തയ്യാറാക്കിയ പദ്ധതിയെ അറിയപ്പെടുന്നത് ?**

മൗണ്ട് ബാറ്റൺ പദ്ധതി എന്നറിയപ്പെടുന്നു.

മൗണ്ട് ബാറ്റൺ പദ്ധതിയിലെ നിർദ്ദേശങ്ങൾ എന്താണെന്ന് വ്യക്തമാക്കുക.

-മുസ്ലിംകൾക്ക് ഭൂരിപക്ഷമുള്ള പ്രദേശത്ത് അവർ ആഗ്രഹിക്കുക ആണെങ്കിൽ ഒരു പ്രത്യേക രാജ്യം അനുവദിക്കേണ്ടതാണ്.

-പഞ്ചാബും ബംഗാളും രണ്ടായി വിഭജിക്കേണ്ടതാണ്.

-വടക്കുപടിഞ്ഞാറൻ അതിർത്തി സംസ്ഥാനം പാക്കിസ്ഥാനിൽ ചേർക്കണോ വേണ്ടയോ എന്ന് തീരുമാനിക്കുന്നതിന് ഒരു ഹിതപരിശോധന നടത്തുന്നതാണ്.

-ബംഗാളിലേയും പഞ്ചാബിലേയും ഹിന്ദു – മുസ്ലിം സംസ്ഥാനങ്ങളുടെ അതിർത്തി നിർണയിക്കുന്നതിന് ഒരു അതിർത്തി നിർണയ കമ്മീഷനെ നിയമിക്കുന്നതാണ്.

-കോൺഗ്രസ്സും, സർവ്വേന്ത്യാ ലീഗും ഈ പദ്ധതിയെ അംഗീകരിച്ചു.

-എന്നാൽ ഖാൻ അബ്ദുൽ ഗാഫർ ഖാൻ നെ പോലുള്ള ദേശീയവാദികൾ ഇതിനെ എതിർത്തു.

ഇന്ത്യൻ സ്വാതന്ത്ര നിയമത്തെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

-1947 ജൂലൈയിൽ ബ്രിട്ടീഷ് പാർലമെൻറ് ഇന്ത്യൻ സ്വാതന്ത്ര്യ നിയമം പാസാക്കി.

-ഇന്ത്യ, പാക്കിസ്ഥാൻ എന്നീ രണ്ട് സ്വതന്ത്ര രാജ്യങ്ങൾ നിലവിൽ വന്നു.-സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയായി ജവഹർലാൽ നെഹ്റു സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

# സ്വാതന്ത്ര്യാനന്തര-ഇന്ത്യ SS1-7

**സ്വതന്ത്ര ഇന്ത്യയിൽ അഭയാർത്ഥിപ്രവാഹങ്ങൾ ഉണ്ടാകാൻ ഇടയായ സാഹചര്യവും ഫലവും വിശദമാക്കുക.**

-ഇന്ത്യാ വിഭജനത്തിന്റെ ഫലമായാണ് അഭയാർത്ഥി പ്രവാഹങ്ങൾ ഉണ്ടായത്.
-ഇന്ത്യയിൽ നിന്നും പാക്കിസ്ഥാനിലേക്കും പാക്കിസ്ഥാനിൽ നിന്നും ഇന്ത്യയിലേക്കും അഭയാർത്ഥി പ്രവാഹങ്ങൾ ഉണ്ടായി.
-രാജ്യത്തിന്റെ പലയിടത്തും വർഗ്ഗീയലഹളകൾ നടന്നു (കൽക്കട്ട, ബീഹാർ, നവഖാലി, ദില്ലി, പഞ്ചാബ്, കാശ്മീർ).
-ആയിരക്കണക്കിന് ആളുകൾ കൊല്ലപ്പെടുകയും സ്ത്രീകൾ ആക്രമിക്കപ്പെടുകയും ചെയ്തു.

**സ്വതന്ത്ര ഇന്ത്യ നേരിട്ട പ്രധാനപ്പെട്ട വെല്ലുവിളികൾ ഏവ?**

-അഭയാർത്ഥിപ്രവാഹം,
-നാട്ടുരാജ്യങ്ങളുടെ സംയോജനം,
-ഭരണഘടനാ രൂപീകരണം,
-ജനാധിപത്യ വ്യവസ്ഥയുടെ രൂപീകരണം (ഇന്ത്യയിലെ ആദ്യ പൊതുതെരഞ്ഞെടുപ്പ്),
-ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങളുടെ രൂപീകരണം.

**സ്വതന്ത്ര ഇന്ത്യയിൽ നാട്ടുരാജ്യങ്ങളുടെ സംയോജനം വിഷമം പിടിച്ച വെല്ലുവിളിയായിമാറിയ സാഹചര്യം വ്യക്തമാക്കുക.**

-ബ്രിട്ടീഷുകാർ ഇന്ത്യയിൽനിന്നും പോകുമ്പോൾ ബ്രിട്ടീഷ് നിയന്ത്രിത പ്രദേശങ്ങൾക്ക് പുറമെ അറുനൂറോളം നാട്ടുരാജ്യങ്ങൾ ഉണ്ടായിരുന്നു.
-നാട്ടുരാജ്യങ്ങൾക്ക് ഇന്ത്യയിലോ പാക്കിസ്ഥാനിലോ ചേരാനോ സ്വാതന്ത്രമായി നിൽക്കാനോ ഉള്ള അധികാരം നൽകിയാണ് ബ്രിട്ടൻ ഇന്ത്യ വിട്ടത്.
-അതുകൊണ്ട് തന്നെ നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ സംയോജിപ്പിക്കുകയെന്നത് വളരെ വിഷമം പിടിച്ച വെല്ലുവിളിയായിമാറി.

**സ്വതന്ത്ര ഇന്ത്യയിൽ നാട്ടുരാജ്യങ്ങളുടെ സംയോജനം സാദ്ധ്യമായതെങ്ങനെ?**

-കേന്ദ്രമന്ത്രി സഭയിലെ സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട വകുപ്പിന്റെ ചുമതലയുണ്ടായിരുന്ന സർദാർ വല്ലഭായി പട്ടേലിന്റെ ചുമതലയായിരുന്നു നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ചേർക്കുകയെന്നത്.
-സർദാർ വല്ലഭായി പട്ടേലും സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിന്റെ സെക്രട്ടറിയായി നിയമിക്കപ്പെട്ട വി.പി.മേനോനും ചേർന്ന് ലയനക്കരാർ രൂപീകരിച്ചു.
-ലയനക്കരാർ പ്രകാരം പ്രതിരോധം, വിദേശകാര്യം, വാർത്താവിനിമയം എന്നിവയുടെ നിയന്ത്രണം നാട്ടുരാജ്യങ്ങൾ ഇന്ത്യൻ സർക്കാറിന് നൽകണം.
-ജനകീയപ്രതിഷേധങ്ങൾ, ഇന്ത്യഗവൺമെന്റിന്റെ പ്രായോഗിക സമീപനം എന്നിവകൊണ്ട് ഭൂരിഭാഗം നാട്ടുരാജ്യങ്ങളും ലയനക്കരാറിൽ ഒപ്പുവച്ചു.
-ലയനക്കരാറിൽ ഒപ്പുവയ്ക്കാൻ വിസമ്മതിച്ച ഹൈദരാബാദ്, കാശ്മീർ, ജുനഗഡ് എന്നീ

BIJU K, HSA SOCIAL SCIENCE, GHS TUVVUR

നാട്ടുരാജ്യങ്ങളെ അനുരഞ്ജനത്തിലൂടെയും സൈനിക നടപടിയിലൂടെയും പിന്നീട് ഇന്ത്യൻ യൂണിയനിൽ ചേർത്തു.

**ഫ്രാൻസ്, പോർച്ചുഗൽ എന്നിവരുടെ അധിനിവേശപ്രദേശങ്ങൾ, ഇവ ഇന്ത്യൻ യൂണിയനിൽ ചേർക്കപ്പെട്ട വർഷം എന്നിവ പട്ടികപ്പെടുത്തുക.**

**-ഫ്രാൻസിന്റെ അധിനിവേശപ്രദേശങ്ങൾ** - പോണ്ടിച്ചേരി, കാരക്കൽ, മാഹി, യാനം

1954 ൽ ഇവ ഇന്ത്യൻ യൂണിയനിൽ ചേർക്കപ്പെട്ടു

**-പോർച്ചുഗലിന്റെ അധിനിവേശപ്രദേശങ്ങൾ** - ഗോവ, ദാമൻ, ദിയു

1961 ൽ ഇവ ഇന്ത്യൻ യൂണിയനിൽ ചേർക്കപ്പെട്ടു

**ഇന്ത്യയുടെ ഭരണഘടനാ രൂപീകരണത്തെക്കുറിച്ച് വിവരിക്കുക.**

-കാബിനറ്റ് മിഷന്റെ നിർദേശപ്രകാരം **1946** ൽ ഡോ. രാജേന്ദ്രപ്രസാദ് അധ്യക്ഷനായി ഭരണഘടന നിർമ്മാണസഭ രൂപീകരിച്ചു.

-ഭരണഘടന എഴുതി തയ്യാറാക്കുന്നതിനു വേണ്ടി ബി.ആർ.അംബേദ്ക്കർ അദ്ധ്യക്ഷനായി ഒരു ഡ്രാഫ്റ്റിങ് കമ്മിറ്റിയെ നിയമിച്ചു.

-നിരവധി ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെ- യും ഭരണഘടനക്ക് രൂപം നൽകി.

-ഇന്ത്യൻ സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ ഉയർന്നു വന്ന ആശയാഭിലാക്ഷങ്ങളുടെ പ്രതിഫലനം ആയിരുന്നു ഇന്ത്യയുടെ ഭരണഘടന.

-**1950** ജനുവരി **26** നു സ്വതന്ത്ര ഇന്ത്യയുടെ ഭരണഘടന നിലവിൽ വന്നു.

**ഇന്ത്യയുടെ ജനാധിപത്യം സംരക്ഷിക്കുന്നതിൽ ഭരണഘടന വഹിക്കുന്ന പങ്കെന്ത്?**

-ഭരണഘടന അനുസരിച്ച് ഇന്ത്യ ഒരുജനാധിപത്യരാജ്യമാണ്.

-ജനാധിപത്യ ഭരണമായതിനാൽ എല്ലാ പൗരൻമാർക്കും രാഷ്ട്രീയ അവകാശങ്ങൾ ഭരണഘടന ഉറപ്പുനൽകുന്നുണ്ട്.

-കൃത്യമായ ഇടവേളകളിൽ സ്വതന്ത്രവും നിക്ഷ്പക്ഷവുമായ തെരഞ്ഞെടുപ്പുകൾ നടത്തണമെന്ന് ഭരണഘടന അനുശാസിക്കുന്നു.

-കൂടാതെ ജനങ്ങൾക്ക് മൗലിക അവകാശങ്ങളും ഭരണഘടന ഉറപ്പ് നൽകുന്നു.

**ഇന്ത്യയിൽ ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങളുടെ രൂപീകരണത്തിനിടയായ സാഹചര്യം വ്യക്തമാക്കുക.**

-സ്വാതന്ത്ര്യാനന്തരം ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കണമെന്ന അവശ്യം ഉന്നയിച്ചുകൊണ്ട് ജനകീയപ്രക്ഷോഭങ്ങൾ ആരംഭിച്ചു.

-തെലുങ്ക് സംസാരിക്കുന്നവർക്കായി ആന്ധ്രാപ്രദേശ് സംസ്ഥാനം രൂപീകരിക്കണമന്ന് ആവശ്യപ്പെട്ട് നിരാഹാരസമരം നടത്തിയ സ്വാതന്ത്ര്യസമരസേനാനി പോട്ടി ശ്രീരാമലു മരണപ്പെട്ടു.

-തുടർന്ന് പ്രക്ഷോഭം ശക്തമായതിനാൽ തെലുങ്ക് സംസാരിക്കുന്നവർക്കായി 1953 ൽ ആന്ധ്രാപ്രദേശ് സംസ്ഥാനം രൂപീകരിച്ചു.

-ഇതേതുടർന്ന് ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കണമെന്ന അവശ്യം ശക്തമായി.

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

-ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പുനസംഘടിപ്പിക്കാനായി സംസ്ഥാന പുനസംഘടനാ കമ്മീഷൻ രൂപീകരിച്ചു.
-ഫസൽ അലി അധ്യക്ഷനും, എച്ച്.എൻ.കുൻസ്രു, മലയാളിയായ കെ.എം.പണിക്കർ എന്നിവർ മറ്റംഗങ്ങളുമായിരുന്നു.
-ഈ കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം 1956 ൽ ഭാഷാടിസ്ഥാനത്തിൽ ഇന്ത്യൻ സംസ്ഥാനങ്ങളുടെ പുനസംഘടനാനിയമം പാർലമെന്റ് പാസാക്കി.
-ഇതുപ്രകാരം പതിനാല് സംസ്ഥാനങ്ങളും ആറ് കേന്ദ്ര ഭരണപ്രദേശങ്ങളും നിലവിൽ വന്നു.

**സ്വതന്ത്ര ഇന്ത്യ സംസ്ഥാന പുനസംഘടനയ്ക്കുള്ള മാനദണ്ഡമായി ഭാഷയെ സ്വീകരിച്ചതെന്തുകൊണ്ട്?**
-ഒരു നാട്ടുരാജ്യത്തിൽ തന്നെ വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്നവർ ഉണ്ടായിരുന്നു.
-ഇവിടുത്തെ ജനങ്ങൾ അനുഭവിച്ച ഒരു പ്രധാന പ്രശ്നമായിരുന്നു ഭാഷയുമായി ബന്ധപ്പെട്ടത്.
-ആശയവിനിമയത്തിന് ഭാഷാന്യൂനപക്ഷങ്ങൾ വളരെ ബുദ്ധിമുട്ടി.
-ഭാഷാന്യൂനപക്ഷങ്ങൾക്ക് അർഹമായ അനുകൂല്യങ്ങൾ ലഭിക്കാതെയായി.
-ഒരേ ഭാഷ സംസാരിച്ചിട്ടും ഒരേ സംസ്കാരമായിരുന്നിട്ടും മലയാളികളെ പോലുള്ളവർക്ക് പല സംസ്ഥാനങ്ങളിൽ കഴിയേണ്ടി വന്നു.
-ഇവയെല്ലാമാണ് സംസ്ഥാന പുനസംഘടനയ്ക്കുള്ള മാനദണ്ഡമായി ഭാഷയെ സ്വീകരിക്കാൻ കാരണമായത്.

**സ്വാതന്ത്ര്യാനന്തര ഇന്ത്യയെ സാമ്പത്തികമായി മുന്നേറ്റത്തിന് സഹായിച്ച ഘടകങ്ങൾ ഏവ? (സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ സാമ്പത്തിക മുന്നേറ്റങ്ങൾ പട്ടികപ്പെടുത്തുക.)**
-മിശ്രസമ്പദ്വ്യവസ്ഥ സ്വീകരിച്ചു,
-കേന്ദ്രീകൃത സാമ്പത്തികാസൂത്രണം നടപ്പിലാക്കി,
-1950 ൽ ആസൂത്രണക്കമ്മീഷൻ നിലവിൽ വന്നു.
-1951 ൽ പഞ്ചവത്സരപദ്ധതി ആരംഭിച്ചു.
-വിദേശരാജ്യങ്ങളുടെ സഹായത്തോടെ ഇരുമ്പുരുക്ക് വ്യവസായങ്ങൾ ആരംഭിച്ചു.
-വൻകിട വിവിധോദ്ദേശ്യ അണക്കെട്ടുകൾ സ്ഥാപിച്ചു. (ഭക്രാനംഗൽ അണക്കെട്ട്).
-വൈദ്യുതനിലയങ്ങൾ ആരംഭിച്ചു.
-ജലസേചനസൗകര്യങ്ങൾ ലഭ്യമായതോടെ ഇന്ത്യയിൽ കാർഷികോൽപ്പാദനം വർധിച്ചു.
-കാർഷിക പുരോഗതി, കന്നുകാലി സംരക്ഷണം, ഭൗതിക സാഹചര്യങ്ങളുടെ ഉന്നമനം തുടങ്ങിയ ലക്ഷ്യങ്ങളോടെ ദേശീയ തലത്തിൽ അൻപത്തിയഞ്ച് പദ്ധതിക്ക് 1952 ഒക്ടോബർ 2 ന് തുടക്കം കുറിച്ചു.

**സ്വാതന്ത്ര്യാനന്തര ഇന്ത്യ ശാസ്ത്ര-സാങ്കേതിക രംഗത്ത് കൈവരിച്ച നേട്ടങ്ങൾ പട്ടികപ്പെടുത്തുക.**
-നെഹ്റുവിന്റെ നേതൃത്വത്തിൽ ഇന്ത്യ ശാസ്ത്ര-സാങ്കേതിക രംഗത്ത് നിരവധി നേട്ടങ്ങൾ കൈവരിച്ചു.

BIJU K K HSA SOCIAL SCIENCE GHS TUVVUR

-നിരവധി ഗവേഷണസ്ഥാപനങ്ങൾ നിലവിൽ വന്നു.
-ശാസ്ത്ര-ഗവേഷണ സമിതി, ഇന്ത്യൻ കാർഷിക ഗവേഷണ സമിതി, ഇന്ത്യൻ മെഡിക്കൽ ഗവേഷണ സമിതി തുടങ്ങിയവയായിരുന്നു അവ.
-ശാസ്ത്ര-ഗവേഷണ സമിതിയുടെ നേതൃത്വം ഹോമി ജഹാംഗീർ ഭാഭ, എസ്.എൻ.ഭട്നാഗർ എന്നിവർക്കായിരുന്നു.
- ഹോമി ജഹാംഗീർ ഭാഭയുടെ നേതൃത്വത്തിൽ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച്, ഇന്ത്യൻ ആണവോർജകമ്മീഷൻ എന്നിവ നിലവിൽ വന്നു.
-ലോകോത്തര നിലവാരമുള്ള എൻജിനീയറിങ് വിദ്യാലയങ്ങൾ സ്ഥാപിച്ചു. (Indian Institute of Technology-5 എണ്ണം സ്ഥാപിച്ചു.)
-ഇതിന്റെയെല്ലാം ഫലമായി മെഡിക്കൽ വിദ്യാഭ്യാസം, ബയോമെഡിക്കൽ എൻജിനീയറിങ്, ജനിതകശാസ്ത്രം, ജൈവസാങ്കേതികവിദ്യ, ആരോഗ്യം, ഗതാഗതം, സമുദ്ര ഗവേഷണം, വിവരസാങ്കേതികവിദ്യ, ആണവോർജം എന്നീ മേഖലകളിൽ ഇന്ത്യ വൻനേട്ടം കൈവരിച്ചു.

**സ്വാതന്ത്ര്യാനന്തര ഇന്ത്യ ബഹിരാകാശ രംഗങ്ങളിൽ നേടിയ പുരോഗതി വിശദമാക്കുക.**
-1962 ൽ ജവഹർലാൽ നെഹ്റു, വിക്രം സാരാഭായി എന്നിവരുടെ ശ്രമഫലയി ഇന്ത്യൻ ദേശീയ ബഹിരാകാശ ഗവേഷണസമിതി രൂപീകരിച്ചു.
-1969 ൽ ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടന രൂപീകരിച്ചു(ISRO).
-ഇന്ത്യൻ ബഹിരാകാശ ഗവേഷണത്തിന്റെ നേതൃത്വം ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടനയ്ക്കാണ്(ISRO).
-തിരുവനന്തപുരത്തിനടുത്തുള്ള തുമ്പയിൽ ആദ്യത്തെ റോക്കറ്റ് വിക്ഷേപണകേന്ദ്രം ആരംഭിച്ചു.
-1975 ൽ ആര്യഭട്ട എന്ന ഉപഗ്രഹം വിജയകരമായി വിക്ഷേപിച്ചു.
-ബഹിരാകാശ വിക്ഷേപണ വാഹനങ്ങൾ വികസിപ്പിച്ചു.
-ഉപഗ്രഹങ്ങൾ നിർമിക്കാനും വിക്ഷേപിക്കാനും കഴിവുള്ള ഏക വികസ്വര രാജ്യമാണ് ഇന്ത്യ.

**ഇന്ത്യയിൽ ഉപഗ്രഹങ്ങൾ വികസിപ്പിച്ചെടുക്കുന്ന ഏജൻസികൾ?**
**-നാഷണൽ റിമോട്ട് സെൻസിങ് ഏജൻസി,**
**-ഫിസിക്കൽ റിസർച്ച് ലബോറട്ടറി.**

**ഇന്ത്യ വികസിപ്പിച്ചെടുത്ത മിസൈലുകൾ ഏവ?**

**-അഗ്നി,**
**-പൃഥ്വി.**

**ഇന്ത്യയിൽ ആണവപരീക്ഷണങ്ങൾക്ക് നേതൃത്വം നൽകിയവർ ആരെല്ലാം?**
ഡോ.രാജാരാമണ്ണ
ഡോ.എ.പി.ജെ.അബ്ദുൽകലാം

BIJU K K HSA SOCIAL SCIENCE, GHS TUVVUR

**ഇന്ത്യയുട ആദ്യത്തെ ചന്ദ്രപരീക്ഷണ ദൗത്യം?**

-ചന്ദ്രയാൻ  2008 ഒക്ടോബർ-22

-അമേരിക്ക, റഷ്യ, യൂറോപ്യൻ സ്പേസ് ഏജൻസി (നാസ), ചൈന, ജപ്പാൻ  എന്നീ രാജ്യങ്ങൾക്കു ശേഷം ചന്ദ്രന്റെ ഭ്രമണപഥത്തിൽ സ്വന്തം പേടകമെത്തിക്കുന്ന രാജ്യമായി ഇന്ത്യമാറി.

**ഇന്ത്യയുടെ ആദ്യത്തെ ചൊവ്വ പര്യവേഷണ ദൗത്യം**

**-മംഗൾയാൻ.**

**-ഭൂമിയിൽ നിന്നും ഏറ്റവും അകലെയെത്തിയ ഇന്ത്യൻ നിർമിത പേടകമാണ് മംഗൾയാൻ.**

**സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ നിയമിച്ച വിദ്യാഭ്യാസ കമ്മീഷനുകളും, ലക്ഷ്യങ്ങളും, ശുപാർശകളും പട്ടികപ്പെടുത്തുക.**

**ഡോ.രാധാകൃഷ്ണൻ കമ്മീഷൻ (1948)**

ലക്ഷ്യം  -  സർവകലാശാലാ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പഠനം

ശുപാർശകൾ  - തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുക, സ്ത്രീവിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകണം,  യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷൻ രൂപീകരിക്കണം.

**ഡോ.ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷൻ(1952)**

ലക്ഷ്യം - സെക്കണ്ടറി വിദ്യാഭ്യാസ മേഖലയെ കുറിച്ചുള്ള പഠനം.

ശുപാർശകൾ - ത്രിഭാഷാ പദ്ധതി നടപ്പാക്കണം,   സെക്കണ്ടറി തലത്തിൽ വിദ്യാഭ്യാസ കമ്മീഷൻരൂപീകരിക്കണം,  വിവിധോദ്ദേശ്യ സ്കൂളുകൾ സ്ഥാപിക്കണം,  അധ്യാപക പരിശീലന സമിതി രൂപീകരിക്കണം.

**ഡോ.ഡി.എസ്.കോത്താരി കമ്മീഷൻ (1964)**

ലക്ഷ്യം - വിദ്യാഭ്യാസത്തിന്റെ ദേശീയ മാതൃപറ്റിയുള്ള നിർദേശം

ശുപാർശകൾ - 10+2+3 മാതൃകയിൽ വിദ്യാഭ്യാസം നടപ്പാക്കണം,  സെക്കണ്ടറി തലത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പാക്കണം,  ധാർമിക വിദ്യാഭ്യാസത്തിന് ഊന്നൽ നൽകണം.

**1986 ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ  പ്രധാന നിർദേശങ്ങൾ ഏവ?**

-പ്രാഥമിക വിദ്യാഭ്യാസത്തിനും തുടർവിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകണം.

-പ്രൈമറി തലത്തിൽ വിദ്യാഭ്യാസം സാർവത്രികമാക്കാനും സ്കൂളുകളിൽ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്താനും ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പദ്ധതി നടപ്പിലാക്കണം.

-ഓരോ ജില്ലയിലും നവോദയ വിദ്യാലയങ്ങൾ സ്ഥാപിക്കണം.

-പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകണം.

-2009 ൽ ഇന്ത്യാ ഗവൺമെൻറ് വിദ്യാഭ്യാസം മൗലികാവകാശമാക്കിക്കൊണ്ട് നിയമം പാസാക്കി

BIJU K. HSA SOCIAL SCIENCE GHS TUVVUR

-കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ള സർവശിക്ഷാ അഭിയാൻ, രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ തുടങ്ങിയവ സംയോജിപ്പിച്ച് 2018 മുതൽ "സമഗ്രശിക്ഷാ അഭിയാൻ " പദ്ധതി രാജ്യത്ത് നടപ്പാക്കി വരുന്നു

**ഇന്ത്യയുടെ സാംസ്കാരിക മുന്നേറ്റത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും പ്രവർത്തനങ്ങളും ലക്ഷ്യങ്ങളും വിശദമാക്കുക.**

| സ്ഥാപനം | പ്രവർത്തനലക്ഷ്യം | ആസ്ഥാനം |
|---|---|---|
| സംഗീത നാടക അക്കാദമി | -സംഗീതത്തിന്റെയും നാടകത്തിന്റെയും പ്രോത്സാഹനം | ന്യൂഡൽഹി |
| ലളിതകലാ അക്കാദമി | -ഇന്ത്യക്കകത്തും പുറത്തും ഇന്ത്യൻ കലകളുടെ പ്രചാരണം | ന്യൂഡൽഹി |
| സാഹിത്യ അക്കാദമി | -ഇന്ത്യൻ ഭാഷാസാഹിത്യത്തിന്റെ ഉന്നമനം | ന്യൂഡൽഹി |
| നാഷണൽ സ്കൂൾ ഓഫ് ഡ്രാമ | -സംഗീതനാടക അക്കാദമിയുടെ കീഴിൽ സ്ഥാപിതമായി.<br>-എല്ലാവർഷവും നാടകമേളകൾ നടത്തുന്നു. | ന്യൂഡൽഹി |
| നാഷണൽ ബുക്ക് ട്രസ്റ്റ് ഓഫ് ഇന്ത്യ | -കുറഞ്ഞ ചെലവിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക, വായന വളർത്തുക, ഇന്ത്യൻ പുസ്തകങ്ങൾ സ്വദേശത്തും വിദേശത്തും പ്രോത്സാഹിപ്പിക്കുക | ന്യൂഡൽഹി |

**ഇന്ത്യയുടെ വിദേശനയത്തിന്റെ പ്രധാനതത്ത്വങ്ങൾ ഏവ?**

-സാമ്രാജ്യത്വത്തോടും കൊളോണിയൽ വ്യവസ്ഥയോടുമുള്ള എതിർപ്പ്.
-വംശീയവാദത്തോടുള്ള വിദ്വേഷം.
-ഐക്യരാഷ്ട്രസഭയോടുള്ള വിശ്വാസം.
-സമാധാനപരമായ സഹവർത്തിത്വം.
-പഞ്ചശീലതത്ത്വങ്ങൾ.
-വിദേശസഹായത്തിന്റെ ആവശ്യകതയിലുള്ള ഊന്നൽ.
-ചേരിചേരായ്മ.

**പഞ്ചശീലതത്ത്വങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.**

1954 ൽ ജവഹർലാൽ നെഹ്റുവും ചൈനീസ് പ്രധാനമന്ത്രിയായിരുന്ന ചൗ എൻ ലായിയും ചേർന്ന് ഒപ്പിട്ട കരാറാണ് പഞ്ചശീലതത്ത്വങ്ങൾ.

**പഞ്ചശീലതത്ത്വത്തിലെ പ്രധാന വ്യവസ്ഥകൾ.**

-രാജ്യത്തിന്റെ അതിർത്തിയും പരമാധികാരവും പരസ്പരം അംഗീകരിക്കുക.
-പരസ്പരം ആക്രമിക്കാതിരിക്കുക.
-ആഭ്യന്തരകാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുക.
-സമത്വവും പരസ്പരസഹായവും പുലർത്തുക.
-സമാധാനപരമായ സഹവർത്തിത്വം പാലിക്കുക.

BIJU K K HSA SOCIAL SC

# കേരളംആധുനികതയിലേക്ക് – SS I-8

**1498-ൽ കേരളത്തിലെത്തിയ പോർച്ചുഗീസുകാരുടെ ലക്ഷ്യമെന്തായിരുന്നു?**

-കേരളവുമായി വ്യാപാര ബന്ധത്തിലേർപ്പെട്ടിരുന്ന അറബികളുടെയും ചൈനക്കാരുടെയും വ്യാപാര കുത്തക അവസാനിപ്പിക്കുക.
-ഇതിനായി കോഴിക്കോട്ടെ ഭരണാധികാരിയായ സാമൂതിരിയോട് അറബി കച്ചവടക്കാരെ പുറത്താക്കണമെന്ന് പോർച്ചുഗീസുകാർ ആവശ്യപ്പെട്ടു.
-എന്നാൽ ഈ ആവശ്യം അംഗീകരിക്കാൻ സാമൂതിരി തയ്യാറായില്ല.
-കോഴിക്കോടിന്റെ ശത്രു രാജ്യമായ കൊച്ചിയിൽ താവളമുറപ്പിച്ച് കേരളത്തിൽ ആധിപത്യം നേടാൻ പോർച്ചുഗീസുകാർ ശ്രമിച്ചു.
-കുഞ്ഞാലിമരക്കാരുടെ നേതൃത്വത്തിൽ സാമൂതിരിയുടെ നാവികപട പോർച്ചുഗീസുകാരെ അറബിക്കടലിൽ ശക്തമായി എതിർത്തെങ്കിലും വിജയിക്കാനായില്ല.

**കേരളത്തിലെത്തിയ പോർച്ചുഗീസുകാരുടെയും ഡച്ചുകാരുടെയും ഫ്രഞ്ചുകാരുടെയും ഇംഗ്ലീഷുകാരുടേയും മത്സരം എന്തിനു വേണ്ടിയായിരുന്നു.**

-വ്യാപാര കുത്തക നേടുന്നതിന്. (കുരുമുളകിന് വേണ്ടിയായിരുന്നു അവർ മത്സരിച്ചത്)

**പോർച്ചുഗീസുകാരെ കേരളത്തിൽ നിന്നും തുരത്തിയത് ആര്?**

-1663 ഡച്ചുകാർ പോർച്ചുഗീസുകാരെ കേരളത്തിൽ നിന്നു തുരത്തി.

**ബ്രിട്ടീഷുകാർ ദക്ഷിണേന്ത്യയിലെ വ്യാപാരകുത്തക കൈക്കലാക്കിയത് എങ്ങനെ?**

-ബ്രിട്ടീഷുകാരും ഫ്രഞ്ചുകാരും തമ്മിൽ നടന്ന കർണ്ണാട്ടിക് യുദ്ധത്തിൽ ബ്രിട്ടീഷുകാർ വിജയിച്ചതോടെയാണ് ദക്ഷിണേന്ത്യയിലെ വ്യാപാരകുത്തക ബ്രിട്ടീഷുകാർക്ക് ലഭിച്ചത്.

**കേരളത്തിൽ ബ്രിട്ടീഷുകാർ ആധിപത്യം സ്ഥാപിക്കാൻ ഇടയായസാഹചര്യങ്ങൾ?**

-ആറ്റിങ്ങൽ കലാപം.
-ശ്രീരംഗപട്ടണം സന്ധി.
-ബ്രിട്ടീഷ് മേൽകോയ്മ അംഗീകരിച്ചു കൊണ്ടുള്ള ഉടമ്പടികൾ.

**ആറ്റിങ്ങൽ കലാപത്തിന് ഇടയാക്കിയ സാഹചര്യവും അതിന്റെ ഫലവും എന്തെല്ലാം? (കേരളത്തിൽ ബ്രിട്ടീഷുകാർക്ക് നേരെ ഉണ്ടായ ആദ്യ സംഘടിത കലാപം)**

BIJU K, HSA SOCIAL SCIENCE, GHS TUVVUR

-**1615** ൽ കേരളത്തിലെത്തിയ ക്യാപ്റ്റൻ കീലിങ് സാമൂതിരിയുമായി വ്യാപാര കരാറിൽ ഒപ്പ് വച്ചു.
-വിഴിഞ്ഞം, അഞ്ചുതെങ്ങ്, തലശ്ശേരി എന്നിവിടങ്ങളിൽ പാണ്ടികശാലകൾ ആരംഭിക്കാൻ കമ്പനി അനുമതി നേടി. സൈനികകേന്ദ്രമാക്കി മാറ്റി.
-അഞ്ചുതെങ്ങ് സൈനികകേന്ദ്രമാക്കി മാറ്റിയതിൽ നാട്ടുകാർക്ക് ശക്തമായഎതിർപ്പുണ്ടായി.
-ആറ്റിങ്ങൽ റാണിക്ക് സമ്മാനവുമായി പോയ **150** ബ്രിട്ടീഷുകാരെ നാട്ടുകാർവധിച്ചത് ആറ്റിങ്ങൽകലാപം എന്നറിയപ്പെടുന്നു.
-ആറ്റിങ്ങൽ കലാപം കേരളത്തിൽ ബ്രിട്ടീഷുകാർക്ക് നേരെ ഉണ്ടായ ആദ്യ സംഘടിത കലാപമാണ്.
-ആറ്റിങ്ങൽ കലാപം ബ്രിട്ടീഷുകാർ അടിച്ചമർത്തി ആറ്റിങ്ങൽ പിടിച്ചെടുത്തു.

**മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നിവ ബ്രിട്ടീഷുകാരുടെ നിയന്ത്രണത്തിലായത് എങ്ങനെ?**

-**1792**-ൽ മൈസൂർ ഭരണാധികാരികളും ബ്രിട്ടീഷുകാരും തമ്മിൽ ഒപ്പിട്ട ശ്രീരംഗപട്ടണം സന്ധിപ്രകാരമാണ് മലബാർ ബ്രിട്ടീഷുകാർ കൈവശപ്പെടുത്തിയത്.
-**1792**-ൽ കൊച്ചി രാജാവ് ബ്രിട്ടീഷ് മേൽകോയ്മ അംഗീകരിച്ച് ബ്രിട്ടീഷുകാർക്ക് നികുതി നൽകി.
-**1795**-ലെ ഉടമ്പടി പ്രകാരം തിരുവിതാംകൂർ ബ്രിട്ടീഷ്മേൽ കോയ്മ അംഗീകരിച്ചു, പകരം ബ്രിട്ടീഷുകാർ ശത്രുക്കളിൽ നിന്നും തിരുവിതാംകൂറിനു സംരക്ഷണം നൽകി.
-മലബാർ ബ്രിട്ടീഷുകാർ നേരിട്ടും കൊച്ചിയും, തിരുവിതാംകൂറും സാമന്തരാജാക്കന്മാർ വഴിയും ഭരിച്ചു.

**പഴശ്ശി കലാപം കാരണം, ഫലങ്ങൾ**

-ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ മലബാറിൽ നടന്ന ശക്തമായ ചെറുത്തുനിൽപ്പിന് നേതൃത്വം നൽകിയത് മലബാറിലെ കോട്ടയം രാജകുടുംബത്തിലെ കേരളവർമ പഴശ്ശിരാജയാണ്.
-മൈസൂർ ഭരണാധികാരികൾക്കെതിരെയുള്ളയുദ്ധത്തിൽ ബ്രിട്ടീഷുകാരെ സഹായിച്ചതിന് പകരമായി കോട്ടയം പ്രദേശത്തെ നികുതി പിരിക്കാനുള്ള അധികാരം ബ്രിട്ടീഷുകാർ പഴശ്ശിരാജയ്ക്ക് വാഗ്ദാനം ചെയ്തിരുന്നു.
-എന്നാൽ വിജയിച്ച ശേഷം വാഗ്ദാനം നിറവേറ്റാൻ ബ്രിട്ടീഷുക്കാർ തയ്യാറായില്ല.
-കൂടാതെ വയനാടിന് മേൽ ബ്രിട്ടീഷുകാർ അവകാശം ഉന്നയിക്കുകയും ചെയ്തു.
-ഇതാണ് പഴശ്ശിരാജയെ ജനങ്ങളെ സംഘടിപ്പിച്ച് ബ്രിട്ടീഷുകാർക്കെതിരെ പോരാടാൻ പ്രേരിപ്പിച്ചത്.
-ചെമ്പൻപോക്കർ, കൈതേരി അമ്പുനായർ, എടച്ചേന കുങ്കൻനായർ, വയനാട്ടിലെ കുറിച്യ നേതാവായ തലക്കൽ ചന്തു എന്നിവരുടെ സഹായത്താൽ പഴശ്ശിരാജ ഒളിപ്പോർ നടത്തി.
-പോരാട്ടത്തിനിടയിൽ **1805** നവംബർ **30** ന് പഴശ്ശിരാജാ വധിക്കപ്പെട്ടു.

BIJU K K HSA SOCIAL SCIENCE, GHS TUVVUR

**കേരളം ലോക കമ്പോളത്തിന്റെ ഭാഗമായിമാറാൻ ഇടയായ സാഹചര്യം വ്യക്തമാക്കുക**

-ബ്രിട്ടീഷുകാർ കേരളത്തിന്റെ ഭരണം ഏറ്റെടുത്തതോടെ കേരളത്തിലെ ഉൽപ്പന്നങ്ങൾ ചുരുങ്ങിയ വിലക്ക് വാങ്ങി അവരുടെ വ്യവസായങ്ങൾക്ക് അസംസ്കൃത വസ്തുവായി ഉപയോഗിച്ചു.
-ബ്രിട്ടീഷുകാരുടെ വ്യവസായങ്ങളിൽ നിർമിച്ച ഉൽപ്പന്നങ്ങൾ കേരളത്തിന്റെ കമ്പോളങ്ങളിൽ വൻ വിലക്കു വിറ്റഴിച്ചു.
-ഇതോടെ കേരളത്തിന്റെ സ്വയംപര്യാപ്ത ഗ്രാമീണ സമ്പദ്വ്യവസ്ഥ തകർന്നു.
-ബ്രിട്ടീഷ് ഭരണത്തിനു കീഴിൽ വിദേശവ്യാപാരം വൻതോതിൽ വർധിച്ചു.
-അങ്ങനെ കേരളം ലോക കമ്പോളത്തിന്റെ ഭാഗമായിമാറി.

**വ്യാപാരം മെച്ചപ്പെടുത്തുന്നതിനായി ബ്രിട്ടീഷുകാർ സ്വീകരിച്ച നടപടികളും, ഫലങ്ങളും വിശദമാക്കുക.**

-മലബാറിലും, കൊച്ചിയിലും, തിരുവിതാംകൂറിലും നിലനിന്ന വ്യാപാര നിയമങ്ങൾ തങ്ങൾക്കനുകൂലമായി ബ്രിട്ടീഷുകാർ ഭേദഗതിചെയ്തു.
-ഏകീകരിച്ച നാണയവ്യവസ്ഥയും അളവു തൂക്ക സമ്പ്രദായങ്ങളും നടപ്പിലാക്കി.
-ഗതാഗതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി റോഡുകളും, പാലങ്ങളും, റെയിൽപാളങ്ങളും പണിതു.
-കൊച്ചി ,കോഴിക്കോട്, ആലപ്പുഴ എന്നിവിടങ്ങളിൽ തുറമുഖങ്ങൾ വികസിപ്പിച്ചു.

**ഭൂബന്ധങ്ങളിലുണ്ടായ മാറ്റം കേരളത്തിന്റെ കാർഷിക മേഖലയിൽ വരുത്തിയ മാറ്റങ്ങൾ ഏവ? (ബ്രിട്ടീഷ് ഭരണകാലത്ത് കർഷകരുടെ ജീവിതം കൂടുതൽ പരിതാപകരമായിമാറിയതെങ്ങനെ)**

-ബ്രിട്ടീഷ് ഭരണകാലത്തും മണ്ണിൽ പണിയെടുക്കുന്ന കർഷകന് ഭൂമിയുടെമേൽ അവകാശം ഉണ്ടായിരുന്നില്ല.
-പ്രാദേശിക നാടുവാഴികളും ജന്മിമാരും ഭൂവുടമകൾ ആവുകയും അവർ ബ്രിട്ടീഷുകാർക്ക് കൊടുക്കേണ്ട നികുതി മുൻകൂട്ടി നിശ്ചയിക്കുകയും ചെയ്തു.
-ബ്രിട്ടീഷുകാരും നാടുവാഴികളും ജന്മിമാരും കർഷകരുടെമേൽ അമിത നികുതി ചുമത്തി.
-ഇതുമൂലം കർഷകരുടെ ജീവിതം കൂടുതൽ പരിതാപകരമായി മാറി.
<u>ഫലം</u> (കേരളത്തിലെ കർഷകർക്ക് ഭൂമിയുടെമേൽ അവകാശം ലഭിച്ചസാഹചര്യം വ്യക്തമാക്കുക.)
-ഇതിനെതിരെ കർഷകർ ബ്രിട്ടീഷുകാർക്കും ജന്മിമാർക്കുമെതിരെ കലാപങ്ങൾ സംഘടിപ്പിച്ചു (മലബാർ കലാപം)
-കലാപത്തിന് ശേഷം 1929-ലെ മലബാർ കുടിയായ്മനിയമപ്രകാരം മലബറിലെ കർഷകർക്ക് ഭൂമിയുടെ മേൽ നാമമാത്ര അവകാശം ലഭിച്ചു.
-തിരുവിതാംകൂറിൽ 1865-ലെ പണ്ടാരപാട്ട വിളംഭരപ്രകാരവും, 1896-ലെ ജന്മി കുടിയാൻ നിയമ പ്രകാരവും കർഷകർക്ക് ഭൂമിയുടെമേൽ അകാശം ലഭിച്ചു.

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

**-1914** ലെ കുടിയായ്മനിയമ പ്രകാരം കൊച്ചിയിലെ കർഷകർക്ക് ഭൂമിയുടെമേൽ അവകാശം ലഭിച്ചു.

**കൃഷിയിലെ വാണിജ്യവൽക്കരണം കേരളത്തിന്റെ കാർഷിക മേഖലയിൽ വരുത്തിയ മാറ്റങ്ങൾ ഏവ?**

-നെല്ലിനു പകരം തെങ്ങ്, കാപ്പി, തേയില, ഏലം, റബ്ബർ, തേക്ക് എന്നിവ കൃഷി ചെയ്യാൻ തുടങ്ങി.
-യൂറോപ്പിലെ മാർക്കറ്റിൽ ആവശ്യക്കാർ കൂടുതലുള്ള ഉൽപ്പന്നങ്ങൾ കൃഷിചെയ്യാൻ തുടങ്ങി.
-തോട്ടങ്ങൾ ഭൂരിഭാഗവും ബ്രിട്ടീഷുകാരുടെ ഉടമസ്ഥതയിലായി.
-ഇതോടെ കേരളത്തിലെ പരമ്പരാഗത കൃഷി തകരുകയും കൃഷിയിലൂടെ ലഭിക്കുന്ന സമ്പത്ത് ബ്രിട്ടൻ കൊള്ളയടിക്കുകയും ചെയ്തു.

**ബ്രിട്ടീഷ് ഭരണകാലത്ത് കേരളത്തിലെ വ്യാവസായിക പുരോഗതിയ്ക്ക് ഇടയാക്കിയ സാഹചര്യം വ്യക്തമാക്കുക (വ്യാവസായിക പുരോഗതി വിവരിക്കുക).**
-തിരുവിതാംകൂറിലും കൊച്ചിയിലുമാണ് ആധുനികവ്യവസായങ്ങൾ സ്ഥാപിച്ചത്.
-തിരുവിതാംകൂറിലെയും കൊച്ചിയിലെയും ഭരണാധികാരികൾ ആധുനികവ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്ന നയംസ്വീകരിച്ചു.
-ബ്രിട്ടീഷുകാർ വ്യവസായങ്ങൾക്കാവശ്യമായ സാങ്കേതിക സാമ്പത്തികസഹായം നൽകി.
-പള്ളിവാസലിൽ വൈദ്യുതിനിലയം സ്ഥാപിച്ചത് ആധുനിക വ്യവസായങ്ങളുടെ വളർച്ച ത്വരിതപ്പെടുത്തി.
-പുനലൂർ പേപ്പർമിൽ, -കളമശ്ശേരിയിലെ ഫാക്ട്, -കുണ്ടറ സിറാമിക്സ്,
-തിരുവനന്തപുരത്തെ റബ്ബർവർക്സ്, -കൊച്ചിയിലെ ടാറ്റാഓയിൽമിൽ,
-കൊച്ചിയിലെഅളഗപ്പ തുണിമിൽ, എന്നീ വ്യവസായങ്ങൾ ആരംഭിച്ചു.
-ബാങ്കുകൾ ആരംഭിച്ചു.
-ആദ്യ സ്വകാര്യ ബാങ്ക് - നെടുങ്ങാടി ബാങ്ക്
-ഇംപീരിയൽ ബാങ്ക്, ഇന്ത്യൻ നാഷണൽബാങ്ക്, ചാർട്ടേഡ് ബാങ്ക് എന്നിവ നിലവിൽ വന്നു.

**ബ്രിട്ടീഷുകാരുടെ വരവോടെ കേരളത്തിന്റെ നിയമ രംഗത്തും, ആരോഗ്യരംഗത്തും വന്ന മാറ്റങ്ങൾ ഏവ?**

**നിയമരംഗം**
-നീതിന്യായ വ്യവസ്ഥ പരിഷ്ക്കരിച്ചു.
-കുറ്റവാളികളുടെ വാദം കേട്ടശേഷം കുറ്റത്തിന്റെ സ്വഭാവമനുസരിച്ച് ഏകീകൃത ശിക്ഷാവിധികൾ നടപ്പിലാക്കി.

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

-ജാതിക്കതീതമായി നിയമത്തിനു മുന്നിൽ എല്ലാവരും തുല്യരായി.
-കേസുകൾ വിചാരണചെയ്യാൻ കോടതികൾ സ്ഥാപിച്ചു.

### അരോഗ്യ രംഗം

-പരമ്പരാഗത ആയുർവേദ ചികിത്സയുടെ സ്ഥാനത്ത് അലോപതി ചികിത്സ ആരംഭിച്ചു.
-വസൂരി തടയാനുള്ള കുത്തിവയ്പ് ആദ്യമായി മലബാറിൽ നടത്തി.
-തിരുവിതാംകൂറിൽ ഇംഗ്ലണ്ടിൽ നിന്നും മരുന്നുവരുത്താൻ രാജാവ് ഒരു കമ്പനിയെ ഏൽപ്പിച്ചു.
-മലബാർ, തിരുവിതാംകൂർ, കൊച്ചി എന്നിവിടങ്ങളിൽ സർക്കാർ ആശുപത്രികൾ സ്ഥാപിച്ചു.

### കേരളത്തിലെ സാമൂഹികമാറ്റത്തിന് സഹായിച്ച സംഭവങ്ങൾ

### ചാന്നാർകലാപം

-മാറുമറക്കുന്നതിനുള്ള അവകാശത്തിനായി തെക്കൻ തിരുവിതാംകൂറിലെ ചാന്നാർ സ്ത്രീകൾ നടത്തിയ പോരാട്ടം.
-ഇതിന്റെ ഫലമായി **1859**-ൽ ഉത്രംതിരുനാൾ മഹാരാജാവ് ചാന്നാർ സ്ത്രീകൾക്ക് ജാക്കറ്റും മേൽമുണ്ടും ധരിക്കാനുള്ള അവകാശം അനുവദിച്ചു.

### ശ്രീനാരായണഗുരുവും അരുവിപ്പുറം പ്രതിഷ്ഠയും

-**1888** ലാണ് ശ്രീനാരായണ ഗുരു അരുവിപ്പുറം പ്രതിഷ്ഠ നടത്തിയത്.
-ക്ഷേത്ര കർമ്മവും പൂജകളും ചെയ്യാനുള്ള അവകാശം അവർണ്ണ സമുദായത്തിൽപ്പെട്ടവർക്ക് കൂടി നേടിയെടുക്കാൻ ഇതിലൂടെ കഴിഞ്ഞു.
-"ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്" എന്ന് അരുവിപ്പുറത്തെ ക്ഷേത്രത്തിനുമുന്നിൽ ശ്രീനാരായണഗുരു രേഖപ്പെടുത്തി.
-ക്ഷേത്രങ്ങളോട് അനുബന്ധിച്ച് വിദ്യാലയങ്ങളും വായനശാലകളും സ്ഥാപിച്ചു.
-'വാദിക്കാനും ജയിക്കാനുമല്ല അറിയാനും അറിയിക്കാനുമാണ്' എന്ന പ്രഖ്യാപനത്തോടെ ആലുവയിൽ സർവ്വമത സമ്മേളനം വിളിച്ചുകൂട്ടി.

### വൈക്കം സത്യാഗ്രഹം(1924)

-സഞ്ചാരസ്വാതന്ത്ര്യത്തിനായി കേരളത്തിൽ നടന്ന പ്രധാനപ്പെട്ട പ്രക്ഷോഭം.
-സമരത്തിന്റെ നേതാവ് ടി.കെ.മാധവൻ.
-മന്നത്ത് പത്മനാഭന്റെ നേതൃത്വത്തിൽ സമരത്തോട് അനുഭാവം പ്രകടിപ്പിച്ച് സവർണജാഥ സംഘടിപ്പിച്ചു.
-ഫലം വൈക്കം ക്ഷേത്രത്തിന്റെ ചുറ്റുമുള്ള പൊതു നിരത്തിലൂടെ യാത്ര ചെയ്യാൻ അവർണ ജാതിക്കാർക്ക് അനുവാദം ലഭിച്ചു.

### ഗുരുവായൂർ സത്യാഗ്രഹം(1931)

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

-ഗുരുവായൂർ ക്ഷേത്രത്തിൽ എല്ലാ ജാതിയിൽപ്പെട്ട ഹിന്ദുക്കൾക്കും പ്രവേശനം അനുവദിക്കണം എന്നാവശ്യപ്പെട്ട് നടന്നു.
-സമരത്തിന്റെ നേതാവ് കെ.കേളപ്പൻ.
-സമര വാളണ്ടിയർ എ.കെ.ഗോപാലൻ.
-ഫലം 1936 നവംബർ 12 ന് തിരുവിതാംകൂറിൽ ക്ഷേത്രപ്രവേശന വിളംബരത്തിന് കാരണമായി.
-തുടർന്ന് മദിരാശി ക്ഷേത്രപ്രവേശനവിളംബരപ്രകാരം മലബാറിലും എല്ലാ ജാതിയിൽപ്പെട്ട ഹിന്ദുക്കൾക്കും പ്രവേശനം ലഭിച്ചു.
-കൊച്ചി രാജാവിന്റെ വിളംബരപ്രകാരം കൊച്ചിയിലും എല്ലാ ജാതിയിൽപ്പെട്ട ഹിന്ദുക്കൾക്കും പ്രവേശനം ലഭിച്ചു.

**ദേശീയസമരത്തിന്റെ ഭാഗമായി മലബാറിൽ നടന്ന സമരങ്ങൾ ഏവ?**
-മലബാർ കലാപം(1921)
-1930-ലെ നിയമലംഘന പ്രസ്ഥാനം(ഉപ്പു സത്യാഗ്രഹം)
-കയ്യൂർ, മൊറാഴ, കരിവെള്ളൂർ സമരങ്ങൾ
-ക്വിറ്റ് ഇന്ത്യാ സമരം(1942)

**മലബാർ ജില്ലാ കോൺഗ്രസ്**
-മലബാർ ജില്ലാ കോൺഗ്രസിന്റെപ്രഥമ സമ്മേളനം 1916 പാലക്കാട്ട് വച്ച് നടന്നു
-ആനി ബസന്റാണ് അദ്ധ്യക്ഷം വഹിച്ചത്.
-കെ പി കേശവമേനോൻ, കെ പി രാമൻ മേനോൻ, മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്, കെ മാധവൻനായർ, മൊയ്തു മൗലവി, എ പി നാരായണമേനോൻ തുടങ്ങിയവർ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.
-1920 ൽ മഞ്ചേരിയിൽ നടന്ന അവസാന മലബാർ രാഷ്ട്രീയ സമ്മേളനത്തിൽ ഭരണപരിഷ്കരണം, കുടിയാൻ പ്രശ്നം, ഖിലാഫത്ത് തുടങ്ങിയ വിഷയങ്ങൾ ചർച്ചചെയ്തു.

**ഖിലാഫത്ത് പ്രസ്ഥാനം**
-1920-ൽ കട്ടിലശ്ശേരി മുഹമ്മദ് മൗലവി പ്രസിഡന്റായും മുഹമ്മദ് അബ്ദുൾ റഹിമാൻ സാഹിബ് സെക്രട്ടറിയായും ഖിലാഫത്ത് കമ്മറ്റി രൂപീകരിച്ചു.
-ഇതോടെഖിലാഫത്ത് പ്രസ്ഥാനം ശക്തിപ്പെട്ടു.
-ബ്രിട്ടീഷുകാരുമായി പലേടത്തും ഏറ്റുമുട്ടലുകളുണ്ടായി.

**മലബാർ കലാപം(1921)**
-ഏറനാട് വള്ളുവനാട് പൊന്നാനി എന്നീ താലൂക്കുകളിലെ മാപ്പിളമാരായ കർഷകർ നടത്തിയ പോരാട്ടങ്ങളാണിത്.

**1930-ലെ നിയമലംഘന പ്രസ്ഥാനം(ഉപ്പു സത്യാഗ്രഹം)**
-മലബാറിൽ കെ.കേളപ്പന്റെ നേതൃത്വത്തിൽ പയ്യന്നൂരിലും, മുഹമ്മദ് അബ്ദുറഹ്മാന്റെ നേതൃത്വത്തിൽ കോഴിക്കോട്ടും ഉപ്പുനിയമം ലംഘിച്ച് ഉപ്പുണ്ടാക്കി.

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

-വിദേശവസ്തു ബഹിഷ്ക്കരണം, മദ്യഷോപ്പ് പിക്കറ്റിങ്ങ്, ഖാദി പ്രചരണം, എന്നിവ നടന്നു.

### കയ്യൂർ, മൊറാഴ, കരിവെള്ളൂർ സമരങ്ങൾ

-കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ നടന്നു.
-ഗാന്ധിജി നിയമലംഘന പ്രസ്ഥാനം പിൻവലിച്ചതിൽ പ്രതിഷേധിച്ച് കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി **(1934)** രൂപീകരിച്ചു.
-1939 ൽ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി കമ്മ്യൂണിസ്റ്റ് പാർട്ടിയായി മായി മാറി.
-നേതാക്കൻമാർ: ഇ.എം.എസ്, എ.കെ.ഗോപാലൻ, പി.കൃഷ്ണപിള്ള എന്നിലരായിരുന്നു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാക്കൻമാർ.
-ഇവർ കർഷകരെയും തൊഴിലാളികളെയും സംഘടിപ്പിച്ച് ജന്മിത്തത്തിനും ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനുമെതിരെയാണ് കയ്യൂർ, മൊറാഴ, കരിവെള്ളൂർ സമരങ്ങൾ സംഘടിപ്പിച്ചത്.

### ക്വിറ്റ് ഇന്ത്യാ സമരം(1942)

-ക്വിറ്റ് ഇന്ത്യാ സമരകാലഘട്ടത്തിൽ മലബാറിൽ സർക്കാർകെട്ടിടങ്ങൾ നശിപ്പിക്കൽ, പാലങ്ങൾ തകർക്കൽ, ടെലിഗ്രാഫ് കമ്പികൾ മുറിച്ചിടുക തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു.
-ഇതിൽ പ്രധാനപ്പെട്ടതാണ് കീഴാരിയൂർ ബോംബ് കേസ്.
-ഫറോക്ക്പാലം തകർക്കാൻ കെ.ബി.മേനോൻ, കുഞ്ഞിരാമകിടാവ് എന്നിവരുടെ നേതൃത്വത്തിൽ ഗൂഡാലോചന നടന്നു എന്നാരോപിച്ച് **27** പേർക്കെതിരെ കേസ് ഫയൽ ചെയ്തതാണ് കീഴാരിയൂർ ബോംബ് കേസ്.

### ദേശീയസമരത്തിന്റെ ഭാഗമായി തിരുവിതാംകൂറിൽ നടന്ന സമരങ്ങൾ ഏവ?

-മലയാളിമെമ്മോറിയൽ**(1891)**
-ഈഴവമെമ്മോറിയൽ**(1896)**
-നിവർത്തന പ്രക്ഷോഭം**(1932)**

### മലയാളിമെമ്മോറിയൽ(1891)

-തിരുവിതാംകൂറിൽ രാഷ്ട്രീയപ്രക്ഷോപങ്ങളുടെ ആരംഭം കുറിക്കുന്നത് മലയാളിമെമ്മോറിയലോടുകൂടിയാണ്.
-സർക്കാർജോലികളിൽ തിരുവിതാംകൂറ്കാർക്ക് മതിയായ പ്രാതിനിധ്യം ആവശ്യപ്പെട്ടുകൊണ്ട് ബാരിസ്റ്റർ ജി.പി.പിള്ളയുടെ നേതൃത്വത്തിൽ പതിനായിരത്തിലധികം പേർ ഒപ്പിട്ട മെമ്മോറാണ്ടം മഹാരാജാവിനു സമർപ്പിച്ചു.
-ഇതാണ് മലയാളിമെമ്മോറിയൽ

### ഈഴവമെമ്മോറിയൽ(1896)

-ഡോ.പൽപ്പു ഈഴവർ അനുഭവിക്കുന്ന പ്രയാസങ്ങൾ ചൂണ്ടിക്കാട്ടി മഹാരാജാവിനു സമർപ്പിച്ചു.

BIJU K, HSA SOCIAL SCIENCE, GHS TUVVUR

-'സ്വദേശാഭിമാനി' പത്രത്തിന്റെ പത്രാധിപരായ രാമകൃഷ്ണ പിള്ളയെ നാടുകടത്തിയത് വലിയ രാഷ്ട്രീയചലനങ്ങൾ ഉണ്ടാക്കി.

**നിവർത്തന പ്രക്ഷോഭം(1932)**

-സർക്കാർ ഉദ്യോഗങ്ങളിലും നിയമസഭകളിലും ജനസംഖ്യ ആനുപാതികമായി സംവരണം വേണമെന്നാവശ്യപ്പെട്ട് ക്രിസ്ത്യാനികളും, മുസ്ലിങ്ങളും, ഈഴവരും നടത്തിയ പ്രക്ഷോഭം.

-എൻ.വി.ജോസഫ്, പി.കെ.കുഞ്ഞ്, സി.കേശവൻ നേതൃത്വം വഹിച്ചു.

**പുന്നപ്ര വയലാർ സമരം**

-ദിവാൻ സർ സി പി രാമസ്വാമി അയ്യരുടെ ഭരണപരിഷ്ക്കാരങ്ങൾക്കെതിരെ **1946-ൽ** നടന്നു.

-പുന്നപ്ര വയലാർ സമരത്തോടെ തൊഴിലാളികൾ രാഷ്ട്രീയരംഗത്തേക്ക് വന്നു.

**ദേശീയസമരത്തിന്റെ ഭാഗമായി കൊച്ചിയിൽ നടന്ന സമരം ഏത്?**

**ഇലക്ട്രിസിറ്റി സമരം**

-ദിവാനായ ഷൺമുഖം ചെട്ടി വൈദ്യുതി വിതരണം സ്വകാര്യകമ്പനിയെ
ഏൽപ്പിച്ചതിനെതിരെ നടന്ന സമരത്തോടെ
കൊച്ചിയിൽ ഉത്തരവാദഭരണത്തിനായുള്ള പ്രക്ഷോഭങ്ങൾ ആരംഭിച്ചു.

-കൊച്ചി രാജ്യ പ്രജാമണ്ഡലം രൂപികൃതമായ ശേഷം പ്രക്ഷോഭങ്ങൾ ശക്തമായി.

-കൊച്ചി രാജ്യ പ്രജാമണ്ഡലത്തിന്റെ നേതാക്കൻമാർ ഇ.ഇക്കണ്ടവാര്യർ, പനമ്പള്ളി ഗോവിന്ദമേനോൻ, കെ.അയ്യപ്പൻ എന്നിവർ.

**കേരളത്തിൽ സ്ത്രീകൾ നേതൃത്വം വഹിച്ച ദേശീയ സമരങ്ങൾ.**

-മലബാർകലാപം,
-വിദേശവസ്തു ബഹിഷ്ക്കരണം,
-മദ്യഷാപ്പ് പിക്കറ്റിങ്,
-അയിത്തോച്ചാടനം,
-ഹരിജനോദ്ധാരണം,
-ഖാദിപ്രചാരണം എന്നിവയാണ് കേരളത്തിൽ സ്ത്രീകൾ നേതൃത്വം വഹിച്ച ദേശീയ സമരങ്ങൾ.

- എ.വി.കുട്ടിമാളു അമ്മ മലബാറിൽ ദേശീയ സമരത്തിന്ന് നേതൃത്വം വഹിച്ച

-അക്കമ്മ ചെറിയാൻ, ആനി മസ്ക്രീൻ എന്നിവർ തിരുവിതാംകൂറിൽ ദേശീയ സമരങ്ങൾക്ക് നേതൃത്വം വഹിച്ചു.

**ഐക്യകേരളത്തിലേക്കുനയിച്ച സംഭവങ്ങൾ വിശദമാക്കുക.**

-**1921** ൽ ഒറ്റപ്പാലത്ത് വച്ച് ഒന്നാം കേരള സംസ്ഥാന രാഷ്ട്രീയ സമ്മേളനം നടന്നു.

-അദ്ധ്യക്ഷൻ ആന്ധ്രാകേസരി എന്നറിയപ്പെടുന്ന ബാരിസ്റ്റർ ടി.പ്രകാശമായിരുന്നു.

-തുടർന്ന് തിരുവിതാംകൂർ, കൊച്ചി. മലബാർ പ്രദേശങ്ങളെ ഉൾപ്പെടുത്തി കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി നിലവിൽ വന്നു.

-**1947-**ൽ നെഹ്റുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പയ്യന്നൂർ കോൺഗ്രസ്സ് സമ്മേളനത്തിൽ സ്വാതന്ത്ര്യത്തിന് ശേഷം കേരളത്തെ ഒരു പ്രത്യേക സംസ്ഥാനമായി
പുനസ്സംഘടിപ്പിക്കണമെന്ന പ്രമേയം അവതരിപ്പിച്ചു.

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

-1947-ൽ കേളപ്പന്റെ അദ്ധ്യക്ഷതയിൽ തൃശൂരിൽ ചേർന്ന ഐക്യകേരള കൺവെൺഷനിലും, സ്വാതന്ത്ര്യത്തിന് ശേഷം ആലുവയിൽ ചേർന്ന സമ്മേളനത്തിലും ഐക്യകേരള പ്രമേയം പാസാക്കി.

-1949 ജൂലൈ ഒന്നിന് തിരുവിതാംകൂറിനെയും കൊച്ചിയേയും സംയോജിപ്പിച്ച് തിരുക്കൊച്ചി സംസ്ഥാനം രൂപീകരിച്ചു.

-മലയാളം സംസാരിക്കുന്ന പ്രദേശങ്ങളെ ഉൾപ്പെടുത്തി കേരളം രൂപീകരിക്കണമെന്ന് ഇ.എം.എസ്.നമ്പൂതിരിപ്പാട് 'ഒന്നേകാൽ കോടി മലയാളികൾ' എന്ന ഗ്രന്ഥത്തിൽ ആവശ്യപ്പെട്ടു.

-തുടർന്ന് സംസ്ഥാന പുനസ്സംഘടനാ കമ്മീഷന്റെ ശുപാർശപ്രകാരം മലബാർ, തിരുവിതാംകൂർ, കൊച്ചി പ്രദേശങ്ങളെ ഉൾപ്പെടുത്തി 1956 നവംബർ ഒന്നിന് കേരള സംസ്ഥാനം നിലവിൽ വന്നു.

-തിരുവിതാംകൂറിന്റെ ഭാഗമായിരുന്ന തോവാള, കൽക്കുളം, അഗസ്തീശ്വരം, വിളവൻകോട്, എന്നീ താലൂക്കുകളെ മദിരാശി സംസ്ഥാനത്തിന് വിട്ടുകൊടുത്തു.

-തെക്കൻ കർണാടകത്തിന്റെ ഭാഗമായിരുന്ന കാസർഗോഡ്, ഹോസ്ദുർഗ് താലൂക്കുകൾ കേരളത്തോട് ചേർത്തു.

**കേരളത്തിലെ ദേശീയപ്രസ്ഥാനത്തിന് ഐക്യരൂപമുണ്ടായിരുന്നില്ല കാരണമെന്ത്?**

-കേരളത്തിൽ മലബാറിൽ ബ്രിട്ടീഷുകാർ നേരിട്ടും, കൊച്ചിയും തിരുവിതാംകൂറും റസിഡന്റ് മുഖേനയുമായിരുന്നു ഭരിച്ചിരുന്നത്.

-അതുകൊണ്ടു തന്നെ മലബാറിലും കൊച്ചിയിലും തിരുവിതാംകൂറിലും ജനങ്ങൾ അനുഭവിച്ച പ്രശ്നങ്ങളും വ്യത്യസ്തങ്ങളായിരുന്നു.

-മലബാറിൽ ബ്രിട്ടീഷുകാർ നേരിട്ട് ഭരണം നടത്തിയതിനാൽ ഇന്ത്യയിലൊട്ടാകെ നടന്ന ദേശീയസമരങ്ങൾ ഇവിടെയും നടന്നു.

-തിരുവിതാംകൂറിൽ ജനങ്ങൾക്ക് സർക്കാർ ജോലികളിൽ സംവരണവും പ്രാധിനിത്യവും അവശ്യപ്പെട്ടുകൊണ്ട് മലയാളി മെമ്മോറിയൽ , ഈഴവമെമ്മോറിയൽ, നിവർത്തന പ്രക്ഷോഭം എന്നിവ നടന്നു.

-കൂടാതെ ദിവാൻ സർ സി.പി.രാമസ്വാമിഅയ്യരുടെ ഭരണപരിഷ്ക്കാരങ്ങൾക്കെതിരെ 1946-ൽ പുന്നപ്ര വയലാർ സമരം നടന്നു.

-കൊച്ചിയിൽ -ഇലക്ട്രിസിറ്റി സമരം

-ദിവാനായ ഷൺമുഖം ചെട്ടി വൈദ്യുതി വിതരണം സ്വകാര്യകമ്പനിയെ ഏൽപ്പിച്ചതിനെതിരെ നടന്ന സമരത്തോടെ കൊച്ചിയിൽ ഉത്തരവാദിത്വ ഭരണത്തിനായുള്ള പ്രക്ഷോഭങ്ങൾ ആരംഭിച്ചു.

-കൊച്ചി രാജ്യ പ്രജാമണ്ഡലം രൂപികൃതമായ ശേഷം പ്രക്ഷോഭങ്ങൾ ശക്തമായി.

-കൊച്ചി രാജ്യ പ്രജാമണ്ഡലത്തിന്റെ നേതാക്കൻമാർ ഇ.ഇക്കണ്ടവാര്യർ, പനമ്പള്ളി ഗോവിന്ദമേനോൻ, കെ.അയ്യപ്പൻ എന്നിവർ.

BIJU K, HSA SOCIAL SCIENCE, GHS TUVVUR

# രാഷ്ട്രവും-രാഷ്ട്രതന്ത്രശാസ്ത്രവും SS1-9

**രാഷ്ട്രം എന്നാൽ എന്ത്?**
-ഒരു നിശ്ചിത ഭൂപ്രദേശത്ത് സ്ഥിരമായി അധിവസിക്കുന്നവരും പരമാധികാരമുള്ള ഗവൺമെന്റോടുകൂടിയതുമായ ഒരു ജനതയാണ് രാഷ്ട്രം

**രാഷ്ട്രം എന്ന പദം ആദ്യമായി പ്രയോഗിച്ചത് ആര്?**
-നിക്കോളോ മാക്യവല്ലി

**ഒരു രാഷ്ട്രത്തിന് വേണ്ട അവശ്യഘടകങ്ങൾ ഏവ?**
-ജനങ്ങൾ,
-ഭൂപ്രദേശം,
-ഗവൺമെന്റ്,
-പരമാധികാരം എന്നിവയാണ് ഒരു രാഷ്ട്രത്തിന് വേണ്ട അവശ്യഘടകങ്ങൾ.

**രാഷ്ട്രത്തിന്റെ അവശ്യഘടകമായ ജനങ്ങളുടെ സവിശേഷതകൾ വിവരിക്കുക.**
-രാഷ്ട്ര രൂപീകരണത്തിന് അനിവാര്യമായ ഘടകമാണ് ജനങ്ങൾ.
-സ്ഥിരതാമസമാകാതെ അലഞ്ഞുതിരിഞ്ഞു നടന്നിരുന്ന ജനങ്ങളാണ് രാഷ്ട്രത്തിന് രൂപം നൽകിയത്.
-പരസ്പര ധാരണ, പരസ്പരാശ്രയത്വം, പൊതുതാൽപര്യം എന്നിവ അടിസ്ഥാനമാക്കി ജനങ്ങൾ ജീവിക്കുമ്പോൾ രാഷ്ട്രം രൂപം കൊള്ളുന്നു.
-രാഷ്ട്ര രൂപികരിക്കുന്നതിനാവശ്യമായ ജനങ്ങളുടെ എണ്ണം നിശ്ചയിക്കപ്പെട്ടിട്ടില്ല.
-അമിത ജനസംഖ്യയും കുറഞ്ഞ ജനസംഖ്യയും രാഷ്ട്ര പുരോഗതിയെ ബാധിക്കുന്നു.
-ജനങ്ങളെല്ലാം ഒരേമതത്തിൽ പ്പെട്ടവരോ ഒരേ ഭാഷസംസാരിക്കുന്നവരോ ഒരേ ആചാരങ്ങൾ പിന്തുടരുന്നവരോ ആകണമെന്നില്ല.

**അമിത ജനസംഖ്യയും കുറഞ്ഞ ജനസംഖ്യയും രാഷ്ട്ര പുരോഗതിയെ എങ്ങനെയാണ് പ്രതികൂലമായി ബാധിക്കുന്നത്?**
-ജനസംഖ്യ കുറവാണെങ്കിൽ പ്രകൃതിവിഭവങ്ങൾ ശരിയായി വിനിയോഗിക്കുവാൻ കഴിയാത്തതിനാൽ രാഷ്ട്ര പുരോഗതിയെ പ്രതികൂലമായി ബാധിക്കുന്നു.
-അത്തരം രാഷ്ട്രങ്ങൾ കുടിയേറ്റത്തെ പ്രോത്സാഹിപ്പിക്കുന്നു.
-അമിത ജനസംഖ്യ തൊഴിലില്ലായ്മക്കും ദാരിദ്ര്യത്തിനും കാരണമാകുന്നു.
-ഇതും രാഷ്ട്രപുരോഗതിയെ പ്രതികൂലമായി ബാധിക്കുന്നു.

**രാഷ്ട്രത്തിന് ഏറ്റവും അവശ്യഘടകമായ ഭൂപ്രദേശത്തിനുള്ള സവിശേഷതകൾ എന്തെല്ലാം?**
-രാഷ്ട്ര രൂപീകരണത്തിന് അതിരുകളോടു കൂടിയ ഭൂപ്രദേശം അനിവാര്യമാണ്.
-ജനങ്ങൾ നിശ്ചിത ഭൂപ്രദേശത്ത് സ്ഥിരതാമസമാകുമ്പോൾ രാഷ്ട്രം രൂപീകരിക്കപ്പെടുന്നു.
-ഭൂപ്രദേശമേഖലയിൽ രാഷ്ട്രത്തിന് പൂർണമായ നിയന്ത്രണം ഉണ്ടാവണം.
-ഭൂപ്രദേശമെന്നാൽ കര, വായു, ജല മേഖലകൾ ഉൾപ്പെടും.
-ഭൂപ്രദേശത്തിന്റെ വലിപ്പം രാഷ്ട്രരൂപീകരണത്തിന് പ്രധാനമല്ല.

BIJU K HSA SOCIAL SCIENCE GHS TUVVUR

**ഒരു രാഷ്ട്രത്തിനു വേണ്ട ഏറ്റവും പ്രധാന ഘടകമെന്നനിലയിൽ ഗവൺമെന്റിനുള്ള പ്രാധാന്യം എന്ത്?(ഗവൺമെന്റിന്റെ ചുമതലകൾ ഏവ?)**

-രാഷ്ട്രത്തിനുവേണ്ടി നിയമങ്ങൾ നിർമ്മിക്കുന്നു നടപ്പാക്കുന്നു.
-നീതി ഉറപ്പാക്കുന്നു.
-ക്രമസമാധാനം ഉറപ്പുവരുത്തുന്നു.
-തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നു.
-വികസന പദ്ധതികൾ നടപ്പാക്കുന്നു.
-തർക്കങ്ങൾക്ക് തീർപ്പ് കൽപ്പിക്കുന്നു.
-രാഷ്ട്രത്തിനുവേണ്ടി എല്ലാചുമതലകളും നിർവ്വഹിക്കുന്നു.
-വിവിധ രാജ്യങ്ങളിൽ വ്യത്യസ്ത ഗവൺമെന്റുകൾ നിലനിൽക്കുന്നു.
-ഗവൺമെന്റ്മാറിയാലും രാഷ്ട്രം മാറുന്നില്ല.

**രാഷ്ട്രത്തിന്റെ പരമാധികാരത്തിനുള്ള പ്രാധാന്യം വ്യക്തമാക്കുക.**

-രാഷ്ട്ര രൂപീകരണത്തിന് പരമപ്രധാനമായ ഘടകമാണ് പരമാധികാരം.
-മറ്റു സ്ഥാപനങ്ങളിൽ നിന്നും രാഷ്ട്രത്തെ വ്യത്യസ്തമാക്കുന്നത് പരമാധികാരമാണ്.
-പരമാധികാരത്തിന് അഭ്യന്തരവും ബാഹ്യവുമായ തലങ്ങളുണ്ട്.
-അഭ്യന്തരവും ബാഹ്യവുമായ വിഷയങ്ങളിൽ സ്വതന്ത്രമായി തിരുമാനമെടുക്കുന്നതിനുള്ള അധികാരമാണ് പരമാധികാരം.
-പരമാധികാരം വിഭജിക്കാൻ കഴിയില്ല.
-പരമാധികാരം വിഭജിച്ചാൽ പുതിയ രാഷ്ട്രരൂപീകരണത്തിന് കാരണമാവും.

**രാഷ്ട്രത്തിന്റെ പരമാധികാരത്തിന്റെ അഭ്യന്തരവും ബാഹ്യവുമായ തലങ്ങൾ വ്യക്തമാക്കുക.**

<u>പരമാധികാരത്തിന്റെ ആഭ്യന്തര തലം:-</u>
-ഒരു രാഷ്ട്രത്തിന്റെ ഭൂപ്രദേശ പരിധിക്കുള്ളിൽ എല്ലാ വിഷയങ്ങളിലും തീരുമാനമെടുക്കാനുള്ള അധികാരം.
<u>പരമാധികാരത്തിന്റെ ബാഹ്യതലം:-</u>
-അന്തർദേശീയ വിഷയങ്ങളിൽ സ്വന്തമായി തീരുമാനമെടുക്കാനുള്ള അധികാരം.

**രാഷ്ട്രത്തിന്റെ ലക്ഷ്യം ഏറ്റവും കൂടുതൽ പേർക്ക് ഏറ്റവും കൂടുതൽ നന്മ ചെയ്യലാണ് എന്ന്പറഞ്ഞതാര്?**
-ജെർമി ബന്താം

**രാഷ്ട്രത്തിന്റെ ചുമതലകളെ എങ്ങനെയാണ് തരംതിരിച്ചിരിക്കുന്നത്?**
-<u>നിർബന്ധിത ചുമതലകൾ</u>

BIJU K.K, HSA SOCIAL SCIENCE, GHS TUVVUR

-വിവേചന ചുമതലകൾ

**രാഷ്ട്രത്തിന്റെ നിർബന്ധിത ചുമതലകളും വിവേചന ചുമതലകളും എന്താണെന്നും, അവയുടെ പ്രധാന്യവും വ്യക്തമാക്കുക.**

**നിർബന്ധിത ചുമതലകൾ**

-നിർബന്ധിത ചുമതലകളിൽ നിന്നും രാഷ്ട്രത്തിനു മാറിനിൽക്കാൻ കഴിയില്ല.
-നിർബന്ധിതചുമതലകൾ നിർവ്വഹിക്കാത്തപക്ഷം ജനങ്ങളുടെ സ്വത്തിനും ജീവനും സംരക്ഷണം നഷ്ടമാവുന്നു.
-അതിർത്തി സംരക്ഷണം, ആഭ്യന്തര സമാധാനം, അവകാശ സംരക്ഷണം, നീതിനടപ്പാക്കൽ എന്നിവ പ്രധാനപ്പെട്ട നിർബന്ധിത ചുമതലകളാണ്.

**വിവേചന ചുമതലകൾ**

-രാഷ്ട്രത്തിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് നിർവ്വഹിക്കേണ്ട ചുമതലകളാണ് വിവേചന ചുമതലകൾ.
-ഇത്തരം പ്രവർത്തനങ്ങൾ ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട ജീവിതം സാധ്യമാക്കുന്നു.
-ആരോഗ്യ സംരക്ഷണം നൽകുക, വിദ്യഭ്യാസ സൗകര്യം ഒരുക്കുക, ക്ഷേമപ്രവർത്തനങ്ങൾ നടപ്പാക്കുക, ഗതാഗതസൗകര്യങ്ങൾ ഒരുക്കുക എന്നിവ ചില വിവേചന ചുമതലകളാണ്.

**രാഷ്ട്രരൂപീകരണ സിദ്ധാന്തങ്ങൾ ഏവ?**

-ദൈവദത്ത സിദ്ധാന്തം,
-പരിണാമസിദ്ധാന്തം (ഏറ്റവും സ്വീകാര്യമായത്),
-സാമൂഹികഉടമ്പടി സിദ്ധാന്തം,
-ശക്തി സിദ്ധാന്തം.

**രാഷ്ട്രരൂപീകരണത്തിന്റെ പരിണാമസിദ്ധാന്തത്തെക്കുറിച്ച് വിശദമാക്കുക.**

-രാഷ്ട്രരൂപീകരണ സിദ്ധാന്തങ്ങളിൽ ഏറ്റവും സ്വീകാര്യമായത് പരിണാമസിദ്ധാന്തമാണ്.
-രാഷ്ട്രം വിവിധസാഹചര്യങ്ങളുടെ സ്വാധീന ഫലമായി രൂപംകൊള്ളുകയും വിവിധ വികാസ പരിണാമങ്ങളിലൂടെ ഇന്നത്തെ രൂപത്തിൽ എത്തുകയും ചെയ്തുയെന്ന് പരിണാമസിദ്ധാന്തം വ്യക്തമാക്കുന്നു.
-ഗോത്രം, ഗോത്രഭരണം എന്നിവയിൽ തുടങ്ങി നഗരരാഷ്ട്രം, സാമ്രാജ്യത്വരാഷ്ട്രങ്ങൾ, ഫ്യൂഡൽ രാഷ്ട്രം എന്നിങ്ങനെ രാഷ്ട്രം വ്യത്യസ്ത രൂപത്തിൽ നിലനിന്നിരുന്നു.
-ഇന്ന് രാഷ്ട്രങ്ങൾ ദേശരാഷ്ട്രങ്ങൾ എന്നറിയപ്പെടുന്നു.
-പൊതുവായ ദേശീയകാഴ്ച്ചപ്പാടിന്റെ അടിസ്ഥാനത്തിൽ രൂപപ്പെട്ടതിനാൽ ഇന്നത്തെ രാഷ്ട്രങ്ങളെ ദേശരാഷ്ട്രങ്ങൾ എന്ന് വിളിക്കുന്നു.

BIJU K.K. HSA SOCIAL SCIENCE, GHS TUVVUR

**പൗരത്വം-അരിസ്റ്റോട്ടിലിന്റെ അഭിപ്രായം എന്ത്?**

-ഒരു രാഷ്ട്രത്തിന്റെ നിയമനിർമാണ നടപടികളിലും നീതിനിർവഹണത്തിലും പങ്കെടുക്കാൻ അധികാരമുള്ള ഏതു വ്യക്തിയെയും ആ രഷ്ട്രത്തിലെ പൗരൻ എന്ന് വിളിക്കാം.

**എന്താണ് പൗരത്വം?**

-ഒരു രാജ്യത്തെ പൂർണവും തുല്ല്യവുമായ അംഗത്വമാണ് പൗരത്വം.

**പൗരത്വത്തിന്റെ സവിശേഷതകൾ എന്തെല്ലാം?**

-പൗരത്വം ഒരു വ്യക്തിയെ രാഷ്ട്രീയ അവകാശങ്ങളും പൗരാവകാശങ്ങളും അനുഭവിക്കാൻ പ്രാപ്തനാക്കുന്നു.

**രണ്ട്തരത്തിലുള്ള പൗരത്വങ്ങൾ എന്തെന്ന് വിശദമാക്കുക.**

**സ്വാഭാവിക പൗരത്വം**

-ജന്മനാലഭിക്കുന്ന പൗരത്വമാണ് സ്വാഭാവിക പൗരത്വം.

**ആർജിത പൗരത്വം**

-ഒരു രാജ്യത്തെ നിലവിലുള്ള നിയമാവുസൃത നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഒരാൾ നേടുന്ന പൗരത്വമാണ് ആർജിത പൗരത്വം.

**പൗരനും വിദേശിയും തമ്മിലുള്ള വ്യത്യസം എന്തെല്ലാം?**

-പൗരന് രാഷ്ട്രീയ അവകാശങ്ങളും പൗരാവകാശങ്ങളും ഉണ്ട്,

-പൗരന് തെരഞ്ഞെടുപ്പൽ മത്സരിക്കാം, വോട്ടുചെയ്യാം, രാഷ്ട്രീയപ്രവർത്തനം നടത്താം,

-എന്നാൽ പൗരന് ലഭിക്കുന്ന എല്ലാ അവകാശങ്ങളും വിദേശിക്ക് ലഭിക്കില്ല.

**രാഷ്ടതന്ത്ര ശാസ്ത്രത്തിന്റെ പിതാവ് ആര്?**

-അരിസ്റ്റോട്ടിൽ

**അരിസ്റ്റോട്ടിലിന്റെ അഭിപ്രായത്തിൽ എന്താണ് രാഷ്ടതന്ത്ര ശാസ്ത്രം?**

"രാഷ്ടത്തെക്കുറിച്ചും ഗവൺമെന്റിനെക്കുറിച്ചുമുള്ള പഠനമാണ് രാഷ്ടതന്ത്രശ്സ്ത്രം".

**രാഷ്ടതന്ത്ര ശാസ്ടത്തിന് സംഭാവനകൾ നൽകിയ പ്രധാനപ്പെട്ട വ്യക്തികൾ ആരെല്ലാം?**

-അരിസ്റ്റോട്ടിൽ, -സോക്രട്ടീസ്, - പ്ലേറ്റോ

**നിങ്ങൾ രാഷ്ട്രീയത്തിൽ സജീവമായി ഇടപെടാതിരിക്കുന്നതിന്റെ പരിണിത ഫലം നിങ്ങളേക്കാൾ മോശമായവർ നിങ്ങളെ ഭരിക്കും എന്നതാണ്. ഇങ്ങനെ അഭിപ്രായപ്പെട്ടത് ആര്?**

-പ്ലേറ്റോ

**രാഷ്ടതന്ത്രശാസ്ത്രത്തിന്റെ പഠനമേഖലകൾ ഏവ?**

-പൊതുഭരണം,

-രാഷ്ട്രീയസിദ്ധാന്തങ്ങൾ,

-അന്തർദേശീയ രാഷ്ട്രീയം,

-താരതമ്യ രാഷ്ട്രീയം.

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

**രാഷ്ട്രതന്ത്രശാസ്ത്രപഠനം എന്തിന്?**

**-ജനങ്ങളിൽ പൗരബോധം വളർത്തുന്നതിന്,**

**-സാമൂഹിക രാഷ്ട്രീയ സാമ്പത്തിക പ്രശ്നങ്ങളിൽ യുക്തിപൂർവം ഇടപെടാൻ,**

**-മെച്ചപ്പെട്ട രാഷ്ട്രീയ വ്യവസ്ഥക്ക് രൂപം നൽകാൻ,**

**-അവകാശ സംരക്ഷണത്തിനുവേണ്ടി പ്രവർത്തിക്കാൻ,**

**-രാഷ്ട്രത്തോടുള്ള കടമ നിറവേറ്റാൻ.**

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

# പൗരബോധം SS1-10

**പൗരബോധം എന്നാൽ എന്ത്?**

-ഓരോപൗരനും സമൂഹത്തിന്‌വേണ്ടി ഉള്ളതാണെന്നും, സമൂഹത്തിന്റെ ഉത്തമതാൽപ്പര്യങ്ങളാണ് പൗരന്റേത് എന്നുമുള്ള തിരിച്ചറിവാണ് പൗരബോധം.
-പൗരബോധമുള്ളവർ അവനവനോടും, സമൂഹത്തോടും, മാനവികതയോടും കൂറും ഉത്തരവാദിത്തമുള്ളവരും ആയിരിക്കും.
-ഓരോരുത്തരുടെയും പ്രവർത്തനങ്ങൾ സമൂഹനന്മയ്ക്ക് വേണ്ടിയാകുമ്പോൾ സമൂഹത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്ന തിരിച്ചറിവാണ് പൗരബോധത്തിന്റെ അടിസ്ഥാനം

**പൊതുസമൂഹം നേരിടുന്ന പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിന് പൗരബോധം എങ്ങനെ സഹായിക്കുന്നു? ഉദാഹരണങ്ങൾ സമർത്ഥിക്കുക.**

-സാമൂഹികബോധം വളർത്തുന്നതിനും നിലനിർത്തുന്നതിനും പൗരബോധം സഹായിക്കുന്നു.
-പൗരബോധമുള്ള വ്യക്തികൾ സാമൂഹ്യബോധം, മൂല്യബോധം, നിസ്വാർത്ഥത, സേവന സന്നദ്ധത, കാരുണ്യം, പ്രകൃതി സ്നേഹം, ലക്ഷ്യബോധം, ആത്മാർത്ഥത എന്നീ സ്വഭാവ സവിശേഷതകൾ ഉള്ളവരായിരിക്കും.
-അതിനാൽ പൗരബോധമുള്ള വ്യക്തികൾ പൊതുസമൂഹം നേരിടുന്ന പ്രശ്നങ്ങളായ ജലക്ഷാമം, പരിസ്ഥിതിമലിനീകരണം, അഴിമതി എന്നിവക്കെതിരെ ആത്മാർത്ഥതമായി പ്രവർത്തിക്കുന്നു.

**പൗരബോധം രൂപപ്പെടുത്തുന്ന പ്രധാന ഘടകങ്ങൾ:**

-കുടുംബം,
-സംഘടനകൾ,
-വിദ്യഭ്യാസം,
-മാധ്യമങ്ങൾ
-ജനാധിപത്യവ്യവസ്ഥ
-സാമൂഹിക വ്യവസ്ഥ,
-രാഷ്ട്രീയവ്യവസ്ഥ.

**പൗരബോധം വളർത്തുന്നതിൽ കുടുംബം വഹിക്കുന്ന പങ്ക് വിശദമാക്കുക.**

-മുതിർന്നവരെ ബഹുമാനിക്കക, സമൂഹ സേവനത്തിലേർപ്പെടുക എന്നിവ നാം പഠിക്കുന്നത് കുടുംബത്തിൽ നിന്നാണ്.
-കുടുംബത്തിൽ നിന്നുള്ള പ്രചോദനവും പ്രോത്സാഹനം വ്യക്തികളിൽ പൗരബോധം വളർത്തുന്നു.
-ഓരോ വ്യക്തിയും കുടുംബത്തിനു വേണ്ടിയും കുടുംബം സമൂഹത്തിനു വേണ്ടിയുമാണെന്ന ബോധ്യം വളർത്തുന്നത് കുടുംബത്തിൽ നിന്നാണ്

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

**പൗരബോധം വളർത്തുന്നതിൽ വിദ്യാഭ്യാസം വഹിക്കുന്ന പങ്ക് വിശദമാക്കുക.**
-വിവിധ വിഷയങ്ങളുടെ പഠനത്തിലൂടെ ലഭിക്കുന്ന അറിവുകൾ സമൂഹത്തിന് പ്രയോജനകരമായ രീതിയിൽ ഉപയോഗിക്കാൻ വ്യക്തിയെ പ്രാപ്തനാക്കുന്നത് വിദ്യാഭ്യാസമാണ്
-ജനങ്ങളിൽ മൂല്യബോധം, സഹിഷ്ണുത, നേതൃത്വഗുണം, പരിസ്ഥിതിബോധം, ശാസ്ത്രാവബോധം, എന്നിവ വളർത്തിയെടുക്കാൻ വിദ്യാഭ്യാസത്തിലൂടെ കഴിയുന്നു.
-ശാസ്ത്രവും സാങ്കേതികവിദ്യയും സമൂഹത്തിന്റെ നന്മക്കായി പ്രയോജനപ്പെടുത്താൻ വിദ്യാഭ്യാസത്തിലൂടെ കഴിയുന്നു.
-മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിലൂടെ ജനങ്ങളിൽ പൗരബോധമെത്തിക്കാൻ കഴിയുന്നു.

**പൗരബോധം വളർത്തുന്നതിൽ സംഘടനകൾ, വഹിക്കുന്ന പങ്ക് വിശദമാക്കുക.**
-രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ നിരവധി സംഘടനകൾ നമ്മുടെ സമൂഹത്തിൽ പ്രവർത്തിക്കുന്നുണ്ട്.
-വ്യക്തികളെ സേവന സന്നദ്ധതയോടെ പ്രവർത്തിക്കാൻ പ്രാപ്തരാക്കുന്നത് ഇത്തരം സംഘടനകളാണ്
-പരിസ്ഥിതിസംരക്ഷണം, മനുഷ്യാവകാശസംരക്ഷണം, ജീവകാരുണ്യപ്രവർത്തനങ്ങൾ തുടങ്ങിയ മേഖലകളിൽ നിരവധി സന്നദ്ധസംഘടനകൾ പ്രവർത്തിച്ചുവരുന്നു.
-പാരിസ്ഥിതിക അവബോധവും മനുഷ്യാവകാശബോധവും വ്യക്തികളിൽ സൃഷ്ടിക്കാൻ ഉത്തരം സംഘടനകൾക്ക് സാധിക്കും.

**പൗരബോധം വളർത്തുന്നതിൽ മാധ്യമങ്ങൾ, വഹിക്കുന്ന പങ്ക് വിശദമാക്കുക.**
-പൗരബോധം വളർത്തുന്നതിൽ മാധ്യമങ്ങൾക്ക് വലിയ സ്ഥാനമാണുള്ളത്.
-അച്ചടി മാധ്യമങ്ങളും ഇലക്ട്രോണിക് മാധ്യമങ്ങളും സമൂഹത്തെ വളരെയധികം സ്വാധീനിക്കുന്നുണ്ട്.
-മാധ്യമങ്ങൾ നിഷ്പക്ഷവും സ്വതന്ത്രവുമായിരിക്കണം -ശരിയായതും വസ്തുനിഷ്ഠവുമായ വിവരങ്ങൾ ക്രിയാത്മകമായ ആശയരൂപീകരണത്തിലേക്ക് നയിക്കുകയും അത് പൗരബോധം വളർത്തുന്നതിന് സഹായിക്കുകയും ചെയ്യുന്നു
-മാധ്യമങ്ങളിൽ നിന്ന് ലഭിക്കുന്ന അറിവുകൾ വിമർശനാത്മകമായി വിലയിരുത്തണം.

**പൗരബോധം വളർത്തുന്നതിൽ ജനാധിപത്യം വഹിക്കുന്ന പങ്ക് വിശദമാക്കുക.**
-പൗരബോധം വളർത്തിയെടുക്കുന്നതിന് സഹായിക്കുന്ന എല്ലാ ഘടകങ്ങളുടെയും അടിസ്ഥാനം ജനാധിപത്യമാണ്.
-ജനാധിപത്യം ഒരു ജീവിത രീതിയാണ്.
-മറ്റുള്ളവരിൽ നിന്നും സ്വീകരിക്കുന്ന സഹകരണവും പിൻതുണയും തിരികെ നൽകുക എന്നത് ഉയർന്ന ജനാധിപത്യ ബോധത്തിന്റെ അടയാളമാണ്.
-ജനാധിപത്യം സഹജീവികളെ ക്കുറിച്ച് ചിന്തിക്കാനും അവരുടെ സ്വാതന്ത്ര്യം, സമത്വം, അവകാശങ്ങൾ എന്നിവ സംരക്ഷിക്കാൻ വേണ്ടി പ്രവർത്തിക്കാനും ജനങ്ങളെ പ്രേരിപ്പിക്കുന്നു.

BIJU K, HSA SOCIAL SCIENCE, GHS TUVVUR

-ജനാധിപത്യം നിയമവാഴ്ചയിൽ വിശ്വസിക്കുന്നു.
-നിയമവാഴ്ചയെന്നാൽ എല്ലാരും നിയമവിധേയരാണ് എന്നതാണ്.

**വിദ്യാർത്ഥികളിലെ പൗരബോധം വ്യക്തമാക്കുന്ന പ്രവർത്തനങ്ങൾ ഏവ?**

-ജൈവകക്ഷി,
-ട്രാഫിക് ബോധവൽക്കരണം,
-ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ,
-ജീവ കാരുണ്യ പ്രവർത്തനങ്ങൾ,
-ദുരിതാശ്വാസ പ്രവർത്തനങ്ങൾ എന്നിവയാണ്.

**എന്താണ് ധാർമികത? പൗരബോധം വളർത്തുന്നതിൽ ധാർമികതയുടെ പങ്കെന്ത്?**

-നന്മതിൻമകൾ തിരിച്ചറിഞ്ഞ് നന്മയെ സ്വീകരിക്കുകയും കടമകൾ ഉത്തരവാദിത്വത്തോടെ നിർവഹിക്കുകയുമാണ് ധാർമികതകൊണ്ടർത്ഥമാക്കുന്നത്.
-സമൂഹത്തോടും രാജ്യത്തോടുമുള്ള കടമ നിറവേറ്റുക ഓരോ വ്യക്തിയുടെയും ധർമമാണ്.
-ജീവിതത്തിന്റെ എല്ലാ മേഖലകളിലും ധാർമിക ബോധം സൃഷ്ടിക്കലാണ് പൗരബോധം വളർത്തിയെടുക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗം.
-പൗരബോധം ക്രിയാത്മകമായൊരു മാനസിക അവസ്ഥയാണ്.

**പൗരബോധം നേരിടുന്ന വെല്ലുവിളികളും പരിഹാരമാർഗങ്ങളും ഏവ?**

**വെല്ലുവിളികൾ**

-വ്യക്തികൾ പൊതുതാൽപര്യങ്ങളെ അവഗണിച്ച് സ്വന്തം താൽപ്പര്യങ്ങൾക്കു വേണ്ടി എന്തും ചെയ്യാൻ തയ്യാറാവുന്നതാണ് പൗരബോധം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി.

**പരിഹാരമാർഗങ്ങൾ**

-ഓരോരുത്തരും അവരവരുടെ പ്രവർത്തനങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക.
-പൊതുതാൽപ്പര്യങ്ങൾ ഹനിക്കാതെ സ്വന്തം താൽപ്പര്യങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുക.
-മറ്റുള്ളവരിൽ ന്നിന്നു പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ നമ്മിൽന്നിന്നു തുടങ്ങുക.
-ജനാതിപത്യത്തിലും സഹിഷ്ണുതയിലും അധിഷ്ഠിതമായി പ്രവർത്തിക്കുക.
-അവകാശങ്ങൾക്കൊപ്പം ചുമതലകൾക്കും തുല്യപരിഗണന നൽകുക.

**സാമൂഹ്യശാസ്ത്രപഠനം പൗരബോധ രൂപീകരണത്തിനെ എങ്ങനെ സഹായിക്കുന്നു?**

-വൈവിധ്യങ്ങളെ ബഹുമാനിക്കാനും സഹിഷ്ണുതയോടെ പെരുമാറാനും വ്യക്തികളെ പ്രാപ്തരാക്കുന്നു.
-രാഷ്ട്രീയ സാമൂഹിക സാമ്പത്തിക പാരിസ്ഥിതിക പ്രശ്നങ്ങളുടെ വിവിധ പശ്ചാതലങ്ങൾ മനസിലാക്കാൻ സഹായിക്കുന്നു.
-വിവിധ പ്രശ്നങ്ങൾക്ക് സമഗ്രമായ പരിഹാരം നിർദേശിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുന്നു.
-സമാധാനത്തിന്റെയും സഹവർത്തിത്വത്തിന്റെയും സന്ദേശം ജനങ്ങളിലെത്തിക്കുന്നു.
-പൗരബോധത്തിന്റെ ഉത്തമമാതൃകകളും പ്രവർത്തനങ്ങളും പരിചയപ്പെടുത്തി വ്യക്തികളെ പൗരബോധമുള്ളവരാക്കുകയും കർമനിരതരാക്കുകയും ചെയ്യുന്നു.

BIJU K K HSA SOCIAL SCIENCE, GHS TUVVUR

# സാമൂഹികശാസ്ത്ര പഠനം എന്ത്? എന്തിന്? SS1-11

**സർഗ്ഗ രചനയും സമൂഹശാസ്ത്ര പഠനവും തമ്മിലുള്ള വ്യത്യാസം എന്തെല്ലാം?**
**സർഗ്ഗ രചന**
-ഭാവന, സർഗ്ഗാത്മകത എന്നിവ ഉപയോഗിച്ച് രചന നടത്തുന്നു.
-സാമൂഹിക സംഭവങ്ങളെ സൗന്ദര്യാത്മക തലങ്ങളിൽ ആവിഷ്കരിക്കുന്നു.
-സർഗ്ഗ രചന ആസ്വാദനം ലക്ഷ്യം വയ്ക്കുന്നു.

**സമൂഹശാസ്ത്ര പഠനം**
-സാമൂഹിക പ്രതിഭാസങ്ങൾ വിഷയങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്യുന്നു.
-സാമൂഹിക അവസ്ഥകളെ കാര്യകാരണ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ അപഗ്രഥിക്കുന്നു.
-സമൂഹത്തെ വസ്തുനിഷ്ഠമായി അപഗ്രഥിക്കുന്നു.

**സാമൂഹ്യശാസ്ത്ര ശാഖയുമായി ബന്ധപ്പെട്ട പഠനമേഖലകൾ.**
സാമ്പത്തിക വ്യവഹാരത്തെ കുറിച്ചുള്ള പഠനം -സാമ്പത്തിക ശാസ്ത്രം.
കഴിഞ്ഞ കാലത്തെ കുറിച്ചും സംസ്കാരത്തെ കുറിച്ചുള്ള അന്വേഷണം -ചരിത്രം
രാജ്യത്തെക്കുറിച്ചും അവകാശങ്ങളെ കുറിച്ചും ഉള്ള പഠനം -രാഷ്ട്രതന്ത്ര ശാസ്ത്രം
മനുഷ്യഉത്ഭവത്തെക്കുറിച്ചും വംശീയ പരിണാമത്തെ കുറിച്ചുള്ള പഠനം -നരവംശശാസ്ത്രം
മനുഷ്യമനസ്സിനെ കുറിച്ചും മാനസിക അവസ്ഥകളെ കുറിച്ചും ഉള്ള പഠനം -മനശാസ്ത്രം
മനുഷ്യനും സാമൂഹിക ചുറ്റുപാടും തമ്മിലുള്ള ബന്ധത്തെ കുറിച്ചുള്ള സമഗ്രമായ പഠനം- സമൂഹശാസ്ത്രം.

**എന്താണ് സമൂഹശാസ്ത്രം?**
മനുഷ്യനും സാമൂഹിക ചുറ്റുപാടും തമ്മിലുള്ള ബന്ധത്തെ കുറിച്ചുള്ള സമഗ്രമായ പഠനമാണ് സമൂഹശാസ്ത്രം.

**പത്തൊമ്പതാംനൂറ്റാണ്ട് ചരിത്രത്തിൽ അറിയപ്പെടുന്നത് ഏത്പേരിലാണ്?**
വിപ്ലവയുഗം.

**സമൂഹശാസ്ത്രത്തിന്റെ ആവിർഭാവത്തിന് വഴിയൊരുക്കിയ 3 വിപ്ലവങ്ങൾ ഏവ?**
-ജ്ഞാനോദയം അഥവാ ശാസ്ത്ര വിപ്ലവം.
-ഫ്രഞ്ച് വിപ്ലവം.
-വ്യാവസായിക വിപ്ലവം.

**സമൂഹശാസ്ത്രം ഉത്ഭവിച്ചത് എവിടെ?**
-പടിഞ്ഞാറൻ യൂറോപ്പിൽ.

**ആരാണ് സമൂഹശാസ്ത്രത്തിന്റെ പിതാവ്?**
-ഫ്രഞ്ചുകാരനായ അഗസ്റ്റ് കോംതെ

BIJU K.K. HSA SOCIAL SCIENCE, GHS TUVVUR

**ചാൾസ് ഡാർവിന്റെ പരിണാമ സിദ്ധാന്ത തത്വങ്ങൾ സമൂഹ പഠനത്തിന് പ്രയോജനപ്പെടുത്തിയ ചിന്തകൻ ആര്?**

-ഹെർബർട്ട് സ്പെൻസർ

-അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ജീവശാസ്ത്രപരമായ പരിണാമം പോലെതന്നെ മനുഷ്യസമൂഹവും വ്യത്യസ്ത ഘട്ടങ്ങളിലൂടെ പരിണമിച്ചാണ് ഇന്നത്തെ അവസ്ഥയിൽ എത്തിച്ചേർന്നത്.

**സമൂഹശാസ്ത്രത്തിന്റെ വികാസത്തിന് സംഭാവന നൽകിയ ചിന്തകന്മാർ ആരെല്ലാം?**

-കാൾമാക്സ്,

-എമൈൽ ദുർഖിം,

-മാക്സ് വെബർ.

**ഇന്ത്യയിൽ ആദ്യമായി സമൂഹശാസ്ത്ര പഠന വകുപ്പ് ആരംഭിച്ചത് ഏത് സർവകലാശാലയിലാണ്?**

-ബോംബെ സർവകലാശാല.

**ഇന്ത്യയിൽ സാമൂഹ്യശാസ്ത്ര പഠനത്തിന് പ്രധാന സംഭാവനകൾ നൽകിയ വ്യക്തികൾ ആരെല്ലാം?**

-ജി.എസ്. ഘുര്യേ,

-എ.ആർ. ദേശായി,

-എസ്.സി.ദുബേ,

-എം. എൻ. ശ്രീനിവാസ്,

- ഡി. പി. മുഖർജി.

**സമൂഹശാസ്ത്രത്തിന്റെ നിർവചനം**

മനുഷ്യജീവിതത്തിന്റെ സാമൂഹികവശങ്ങളെക്കുറിച്ച് നടത്തുന്ന ശാസ്ത്രീയ പഠനമാണ് സമൂഹശാസ്ത്രം.

ഈ നിർവചനപ്രകാരം സമൂഹശാസ്ത്രത്തിൽ

-മനുഷ്യ ജീവിതത്തെക്കുറിച്ച് പഠിക്കുന്നു.

-മനുഷ്യനും സമൂഹവും തമ്മിലുള്ള ബന്ധത്തെ കുറിച്ച് പഠിക്കുന്നു.

-മനുഷ്യന്റെ മാനസിക വ്യവഹാരങ്ങളെ കുറിച്ച് പഠിക്കുന്നു.

**സമൂഹശാസ്ത്ര പഠനം എന്തിന്?/സമൂഹശാസ്ത്രത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക.**

-സമൂഹത്തെക്കുറിച്ചുള്ള ശരിയായ ധാരണ രൂപീകരിക്കാൻ സഹായിക്കുന്നു.

-സ്വന്തം സമൂഹത്തെയും മറ്റുള്ളവരുടെ സമൂഹത്തെയും വസ്തുനിഷ്ഠമായി അറിയാൻ സഹായിക്കുന്നു.

-വ്യക്തിയും സാമൂഹിക സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം തിരിച്ചറിയാൻ സഹായിക്കുന്നു.

-സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് സൂക്ഷ്മമായി പഠിക്കുന്നു.

-സാമൂഹിക പ്രശ്നങ്ങൾക്കു പരിഹാരങ്ങൾ കണ്ടെത്താൻ സഹായിക്കുന്നു.

-സാമൂഹിക ആസൂത്രണത്തിനും വികസനത്തിനും പ്രയോജനപ്പെടുന്നു.

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

-പിന്നോക്കവിഭാഗങ്ങൾ, ചൂഷിതർ, വിവേചനത്തിനും പീഡനത്തിനും വിധേയരാകുന്നവർ എന്നിവരെക്കുറിച്ചുള്ള പഠനങ്ങൾ സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾക്ക് മാർഗ്ഗദർശനമായിത്തീരുന്നു.

**സമൂഹശാസ്ത്രത്തിലെ പഠനമേഖലകൾ?**

-സാമൂഹിക സ്ഥാപനങ്ങൾ

-സാമൂഹിക സംഘങ്ങൾ

-സാമൂഹിക ബന്ധങ്ങൾ

-സാമൂഹീകരണം

-സാമൂഹിക നിയന്ത്രണം

-സമുദായങ്ങൾ

-സാമൂഹിക മാറ്റം

-സാമൂഹിക പ്രശ്നങ്ങൾ.

**സമൂഹശാസ്ത്രത്തിലെ പഠനരീതികൾ**

-സോഷ്യൽ സർവ്വേ

-അഭിമുഖം

-നിരീക്ഷണം

-കേസ് സ്റ്റഡി

**സോഷ്യൽ സർവ്വേ**

-സാമൂഹിക വിഷയങ്ങൾ പഠിക്കാൻ ഏറ്റവും അനുയോജ്യമായ പഠനരീതിയാണ് സർവ്വേ

-തിരഞ്ഞെടുത്ത ഒരു സംഘം ജനങ്ങളിൽനിന്ന് ശേഖരിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ പഠനവിഷയത്തെക്കുറിച്ച് സമഗ്രമായ കാഴ്ചപ്പാട് രൂപീകരിക്കാൻ സർവ്വേ സഹായിക്കുന്നു.

-വലിയ ഒരു വിഭാഗം ജനങ്ങളിൽ നിന്ന് വിവരം ശേഖരിക്കേണ്ടി വരുന്ന പഠനത്തിലാണ് സർവ്വേ രീതി ഉപയോഗിക്കുന്നത്.

**സെൻസസ്**

-രാജ്യത്തെ മൊത്തം ജനങ്ങളെകുറിച്ചുള്ള വിവരം ശേഖരിക്കുന്ന ഒരിനം സർവേയാണ് സെൻസസ്.

-എന്നാൽ പലപ്പോഴും സെൻസസ് പ്രായോഗികമല്ല.

-കാരണം, സെൻസസിൽ പഠനവിധേയമാക്കുന്ന മൊത്തം വ്യക്തികളിൽനിന്നും വിവരം ശേഖരിക്കേണ്ടിവരും

-പകരം പഠനവിധേയമാക്കുന്ന മൊത്തം വ്യക്തികളിൽനിന്നും തിരഞ്ഞെടുക്കുന്ന നിശ്ചിത എണ്ണം ആളുകളിൽ നിന്നാണ് വിവരശേഖരണം നടത്തുന്നത്.

-ഇത്തരം പഠനങ്ങളെ സാമ്പിൾ സർവ്വേ എന്നുപറയുന്നു.

**സർവ്വേയിൽ വിവരം ശേഖരിക്കാൻ ഉപയോഗിക്കുന്ന മാർഗ്ഗങ്ങൾ?**

-സോഷ്യൽമീഡിയ,

-ടെലഫോൺ,

-ചോദ്യാവലി.

BIJU K.K, HSA SOCIAL SCIENCE, GHS TUVVUR

**എന്താണ് ചോദ്യാവലി?**

-വിവരശേഖരണത്തിനായി ഗവേഷകർ ഉപയോഗിക്കുന്ന ചോദ്യങ്ങളുടെ പട്ടികയാണ് ചോദ്യാവലി.

-ചോദ്യാവലി പ്രതികർത്താക്കൾക്ക് നൽകിക്കൊണ്ടാണ് വിവരശേഖരണം നടത്തുന്നത്.

-പഠനവിധേയമാകുന്ന സംഘത്തെയാണ് പ്രതികർത്താക്കൾ എന്നുപറയുന്നത്.

-പ്രതികർത്താക്കൾ പൂരിപ്പിച്ച നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് പഠനം നടത്തുന്നത്.

**അഭിമുഖം**

-വാമൊഴിയായി വിവരം ശേഖരിക്കുന്ന ഒരു രീതിയാണ് അഭിമുഖം.

-ഗവേഷകനും പ്രതികർത്താക്കളും തമ്മിലുള്ള സംഭാഷണമാണ് അഭിമുഖം.

-വ്യക്തികളുടെ മനോഭാവം, കാഴ്ചപ്പാട്, വിശ്വാസം, ജീവിതസാഹചര്യം, തുടങ്ങിയ കാര്യങ്ങൾ സൂക്ഷ്മതലങ്ങളിൽ അറിയുന്നതിനും വിശകലനം നടത്തുന്നതിനും അഭിമുഖം ഉപയോഗിക്കുന്നു.

**അഭിമുഖം നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ?**

-ആവശ്യമായ വ്യക്തികളെ കണ്ടെത്തൽ

-ശേഖരിക്കേണ്ട വിവരങ്ങളെ കുറിച്ച് ധാരണ രൂപീകരിക്കൽ

-ഉചിതമായ ചോദ്യങ്ങൾ ഒരുക്കൽ

-ഫലവത്തായ രീതിയിലുള്ള ആശയവിനിമയം.

-സമയ ക്രമീകരണം,

-ലഭിച്ച വിവരങ്ങൾ ക്രമപ്പെടുത്തലും റിപ്പോർട്ട് തയ്യാറാക്കലും.

**അഭിമുഖവും ചോദ്യാവലിയും തമ്മിലുള്ള വ്യത്യാസമെന്ത്?**

| അഭിമുഖം | ചോദ്യാവലി |
|---|---|
| ഗവേഷകനും പ്രതികർത്താക്കളും തമ്മിലുള്ള സംഭാഷണമാണ് അഭിമുഖം. | വിവരശേഖരണത്തിനായി ഗവേഷകർ ഉപയോഗിക്കുന്ന ചോദ്യങ്ങളുടെ പട്ടികയാണ് ചോദ്യാവലി |
| വിവരങ്ങൾ വാമൊഴിയായി ശേഖരിക്കുന്നു. | ചോദ്യങ്ങൾക്ക് ഉത്തരം രേഖപ്പെടുത്താനായി ചോദ്യാവലി പ്രതികർത്താക്കൾക്ക് നൽകുന്നു. |
| ഗവേഷകൻ വിവരങ്ങൾ ശേഖരിക്കുന്നു. | പ്രതികർത്താക്കൾ വിവരങ്ങൾ രേഖപ്പെടുത്തുന്നു. |

**നിരീക്ഷണം**

-കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്യുന്ന കാര്യങ്ങൾ സത്യസന്ധമായ രേഖപ്പെടുത്തുന്ന രീതിയാണ് നിരീക്ഷണം.

-അഭിമുഖം പോലുള്ള രീതികൾ പ്രായോഗികമല്ലാത്ത സന്ദർഭങ്ങളിൽ ഉപയോഗിക്കുന്ന പഠനരീതിയാണ് നിരീക്ഷണം.

-നേരിട്ട് ശേഖരിക്കുന്ന ഇത്തരം വിവരങ്ങൾ കൃത്യമായ വിലയിരുത്തലിന് സഹായിക്കുന്നു.

**നിരീക്ഷണം രണ്ടുതരത്തിലുണ്ട്**

1. പങ്കാളിത്തനിരീക്ഷണം
2. പങ്കാളിത്തരഹിതനിരീക്ഷണം

BIJU K N, SOCIAL SCIENCE, GHS TUVVUR

**പങ്കാളിത്തനിരീക്ഷണം**

-നിരീക്ഷകൻ പഠനമേഖലയിൽനിന്നും നേരിട്ട് വിവരങ്ങൾ ശേഖരിക്കുന്ന രീതിയാണ് പങ്കാളിത്തനിരീക്ഷണം.

-സമൂഹശാസ്ത്രജ്ഞൻ പഠനവിധേയമാക്കുന്ന സംഘത്തിൽ താമസിച്ച് അവരുടെ ജീവിതത്തെക്കുറിച്ച് നേരിട്ട് മനസ്സിലാക്കുന്ന രീതിയാണ് പങ്കാളിത്തനിരീക്ഷണം.

-ഇതിനായി ഗവേഷകൻ അവരുടെ ഭാഷ സംസ്കാരം എന്നിവ പഠിക്കുകയും അവരുടെ ദൈനംദിന ജീവിതത്തിൽ പങ്കാളിയാവുകയും ചെയ്യുന്നു.

-പങ്കാളിത്തനിരീക്ഷണത്തിലൂടെ പ്രകടമല്ലാത്ത പെരുമാറ്റരീതികൾ വരെ പഠനവിധേയമാക്കാൻ കഴിയുന്നു.

-പങ്കാളിത്ത നിരീക്ഷണത്തെ ഫീൽഡ് വർക്ക് എന്നും വിളിക്കാറുണ്ട്.

-നരവംശശാസ്ത്രമാണ് പഠനത്തിനായി ഈ രീതി ഏറെ ഉപയോഗിച്ചിരിക്കുന്നത്.

**പങ്കാളിത്തരഹിത നിരീക്ഷണം**

-പങ്കാളിത്തരഹിത നിരീക്ഷണത്തിൽ സമൂഹശാസ്ത്രജ്ഞൻ സംഘത്തിൽ താമസിച്ച് പഠനം നടത്തുന്നില്ല.

-പകരം പുറത്തുനിന്ന് പഠനവിധേയമാക്കുന്ന സംഘം അറിയാതെ നിരീക്ഷണം നടത്തുകയാണ് ചെയ്യുന്നത്.

-പോലീസുകാർ പ്രതിയെന്നു സംശയിക്കുന്നവരെ സാധാവേഷത്തിൽ  നിരീക്ഷിക്കുന്നത് ഇതിന് ഉദാഹരണമാണ്

**കേസ് സ്റ്റഡി**

-അപൂർവ്വവും വേറിട്ടതുമായ സാമൂഹിക പ്രതിഭാസങ്ങളെക്കുറിച്ചും പ്രശ്നങ്ങളെകുറിച്ചും ആഴത്തിൽ പഠിക്കാനാണ് കേസ് സ്റ്റഡി പ്രയോജനപ്പെടുത്തുന്നത്.

-ഇത്തരം പഠനങ്ങൾ സൂക്ഷ്മവും സമഗ്രവും ആയിരിക്കും.

-ഈ പഠന രീതി ഉപയോഗിച്ച് പഠനവിധേയമാക്കുന്ന വിഷയത്തെ കേസ് എന്ന് പറയുന്നു.

-കേസിനെക്കുറിച്ചുള്ള വിശദമായ പഠനമാണ് കേസ് സ്റ്റഡി.

**സമൂഹശാസ്ത്രത്തിന്റെ പ്രയോഗിക മേഖലകൾ**

-വാണിജ്യം,

-നഗരാസൂത്രണം,

-സാമൂഹികക്ഷേമം,

-പരസ്യം,

-വാർത്താവിനിമയം,

-വിദ്യാഭ്യാസ പ്രവർത്തനങ്ങൾ തുടങ്ങിയ ഒട്ടേറെ മേഖലകളിലേക്ക് സമൂഹശാസ്ത്രത്തിന് പ്രയോഗ സാധ്യതകളുണ്ട്.

BIJU K K, HSA SOCIAL SCIENCE, GHS TUVVUR